JEEVA MOZHIKAL
February 2012

RNI/KERBIL/-2003/21404
www.jeevamozhikal.org
Annual subscription Rs. 80.00

Regn No: KL/KTM/608/2012-14
WPP No. KL/CR/KTM/WPP-42/2012-14
Licensed to post without prepayment

## കാപ്പിയോ കപ്പോ പ്രധാനം?

തന്റെ പൂർവവിദ്യാർത്ഥികളെയെല്ലാം പ്രഫസർ ഒരു സായാഹ്നത്തിൽ വീട്ടിൽ കാപ്പികുടിക്കുവാനും സൗഹൃദം പങ്കിടുവാനുമായി ക്ഷണിച്ചു. വിദ്യാർത്ഥികളിൽ ചിലർ സമൂഹത്തിൽ ഉയർന്നനിലയിൽ എത്തിയിരുന്നു. മറ്റു ചിലർ സാധാരണ തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവർ. ചുരുക്കം ചിലർ തീർത്തും പ്രതിഫലം കുറഞ്ഞകൊച്ചു ജോലികൾ ചെയ്തു ജീവിതം തള്ളിനീക്കിയിരുന്നവരായിരുന്നു.

പ്രഫസർ തന്റെ പൂർവവിദ്യാർത്ഥികൾക്കെല്ലാമായി പലതരത്തിലുള്ള കപ്പുകളിൽ കാപ്പി പകർന്നു മേശപ്പുറത്തുവച്ചു. ചില കപ്പുകൾ വില കൂടിയവ. മറ്റു ചിലത് ഇടത്തരം. വേറെ ചില കപ്പുകൾ വെറും സാധാരണം. വിദ്യാർത്ഥികൾ എല്ലാവരും ഓരോ കപ്പു കയ്യിലെടുത്തുകഴിഞ്ഞപ്പോൾ പ്രഫസർ അവരോടു സംസാരിക്കുവാൻ തുടങ്ങി.

"എല്ലാവരും ഒരു നിമിഷം ശ്രദ്ധിക്കണേ. ഇതാ ഞാൻ എല്ലാവർക്കും പലതരം കപ്പുകളിൽ കാപ്പി പകർന്നുവച്ചു. പലരും പലതരം കപ്പുകളാണെടുത്തത്. ചിലത് വിലകൂടിയവ. ചിലത് ഇടത്തരം. മറ്റുചിലത് തീർത്തും സാധാരണം. പക്ഷേ ഞാൻ നിങ്ങളോടു ചോദിക്കട്ടെ–കാപ്പിയാണോ പ്രധാനം, കാപ്പി പകർന്നിരിക്കുന്ന കപ്പുകളാണോ പ്രധാനം?"

പൂർവവിദ്യാർത്ഥികൾ ഒരു നിമിഷം അതേക്കുറിച്ച് ആലോചിച്ചു. ഒടുവിൽ എല്ലാവരും പറഞ്ഞു:"കാപ്പിയാണു പ്രധാനം. കപ്പല്ല".

"ശരി, നമ്മുടെ ജീവിതമാണു കാപ്പി. നമ്മുടെ തൊഴിൽ, പണം, സമൂഹത്തിലെ സ്ഥാനം എന്നിവ കപ്പുകളാണ്. കപ്പുകളല്ല പ്രധാനം കാപ്പിയാണെന്നു നിങ്ങൾ പറഞ്ഞു. അങ്ങനെയെങ്കിൽ നിങ്ങളുടെ ജോലി, സ്ഥാനമാനങ്ങൾ, പണം എന്നിവയെക്കാൾ പ്രധാനം നിങ്ങളുടെ ജീവിതമാണ്. എന്നാൽ പലരും തങ്ങളുടെ കപ്പുകളെ മറ്റുള്ളവരുടെ കപ്പുകളുമായി താരതമ്യം ചെയ്തു ദുഃഖിക്കുകയും അപകർഷതാബോധത്തിൽ കഴിയുകയും ചെയ്യുന്നു. സുഹൃത്തുക്കളേ, കപ്പുകളുടെ ഭംഗി നോക്കാതെ കാപ്പി ആസ്വദിക്കുക. നിങ്ങളിൽ പലരും നിങ്ങളുടെ കാപ്പി വേണ്ടതുപോലെ ആസ്വദിക്കുന്നില്ല. പകരം കപ്പിലല്ലേ നിങ്ങൾ ശ്രദ്ധിക്കുന്നത്?

സുഹൃത്തുക്കളേ, ലളിതമായി ജീവിക്കുക. ഉദാരമായി സ്നേഹിക്കുക, ദയയോടെ സംസാരിക്കുക, ബാക്കി ദൈവത്തിനു വിട്ടുകൊടുക്കുക. നിങ്ങളുടെ ജീവിതം ഒന്നുകിൽ പ്രകാശം പരത്തും അല്ലെങ്കിൽ ഒരു നിഴൽ വീഴ്ത്തും. ഇതിൽ ഏതു വേണമെന്നു തീരുമാനിക്കുന്നതു നിങ്ങൾ തന്നെയാണ്.

ആകട്ടെ, എല്ലാവരും കാപ്പികുടിക്കൂ" പ്രഫസർ പറഞ്ഞവസാനിപ്പിച്ചു.

"കാപ്പികുടിക്കുമ്പോൾ കപ്പിൽ ശ്രദ്ധിക്കാതെ, കാപ്പിയിൽ ഞങ്ങൾ ശ്രദ്ധിക്കാം സാർ"–കുട്ടച്ചിരിയോടെ വിദ്യാർത്ഥികളുടെ മറുപടി.


നാം ഏതിലാണു ശ്രദ്ധിക്കുന്നത്? (മത്തായി6:25–34)

Printed , Published and owned by T. IPe Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam. Editor-Geoji. T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 10 – ലക്കം 2 ജനുവരി 2012 Rs. 7.00



# എഡിറ്റോറിയൽ

# സ്നേഹം നിർബന്ധിക്കുന്നത് എന്തിന്?



**നിറ**ഞ്ഞ സദസ്സ്. ദീർഘനാൾ സംഗീതം പഠിച്ച കുട്ടിയുടെ അരങ്ങേറ്റമാണ്. അവൻ ആദ്യഗാനം പാടി അവസാനിപ്പിച്ചപ്പോൾ തന്നെ നിർത്താത്ത കരഘോഷം. അടുത്ത ഗാനം ആദ്യത്തേതിനേക്കാൾ ഹൃദ്യം. ഓരോഗാനവും കഴിയുമ്പോൾ സദസ്യർ നീണ്ട കൈയടികളോടെ അവനെ അഭിനന്ദിച്ചു. പക്ഷേ 'കൊച്ചുഗായകന്റെ' മുഖത്തു മാത്രം തൃപ്തിയില്ല. ഒടുവിൽ അവസാനത്തെ ഗാനവും പാടി അവസാനിപ്പിച്ചപ്പോൾ, സദസ്സ് ഒന്നടങ്കം എഴുന്നേറ്റു നിന്നു കരഘോഷത്തോടെ അവനെ അഭിനന്ദിച്ചെങ്കിലും, പൊട്ടിക്കരഞ്ഞുകൊണ്ടാണ് അവൻ അണിയറയിലേക്ക് ഓടിപ്പോയത്.

കാരണം അന്വേഷിച്ച അടുത്ത സുഹൃത്തുക്കളോടു തേങ്ങലടക്കി അവൻ കാര്യം വിശദീകരിച്ചതിങ്ങനെ:"സദസ്സിന്റെ പിന്നറ്റത്തെ നിരയിൽ എന്നെ സംഗീതം പഠിപ്പിച്ച എന്റെ ഗുരു ഇരിക്കുന്നുണ്ടായിരുന്നു. ഓരോ ഗാനവും പാടിക്കഴിഞ്ഞ് എന്റെ കണ്ണുകൾ ഗുരുവിന്റെ മുഖത്തായിരുന്നു. പക്ഷേ ആ മുഖത്ത് ഒരു തെളിച്ചം ഇല്ലായിരുന്നു. സദസ്സിന്റെ കൈയടിയൊന്നും ഞാൻ കേട്ടതേയില്ല. അവസാനത്തെ ഗാനം പാടിയിട്ടും എന്റെ ഗുരുവിന്റെ കണ്ണുകളിൽ ഞാൻ പ്രതീക്ഷിച്ച അംഗീകാരത്തിന്റെ തിളക്കം കണ്ടില്ല. പിന്നെ എങ്ങനെ കരയാതിരിക്കും?"

ഇന്ന് സദസ്സിന്റെ കൈയടിയിൽ മതിമറക്കുന്നവരാണേറെയും. എന്നാൽ താൻ സ്നേഹിക്കുന്ന തന്റെ ഗുരുവിനു തൃപ്തി വരണമെന്നും ഗുരുവിന്റെ അംഗീകാരം ലഭിച്ചില്ലെങ്കിൽ മറ്റാരുടെ അഭിനന്ദനം കൈവന്നാലും അതുകൊണ്ട് ഒരു കാര്യവുമില്ലെന്നും കരുതുന്ന ഈ കഥയിലെ കുട്ടിയിൽ നിന്ന് നമുക്കൊരു പാഠമുണ്ട്.

ക്രിസ്തീയജീവിതം സംബന്ധിച്ച് ഇന്നു വിശ്വാസികൾ പലരും ഉള്ളിൽ ഒരു 'ലക്ഷ്മണരേഖ' വരച്ചിരിക്കുകയാണ്. ഇത്രയുമൊക്കെ മതി. ഇതിനപ്പുറത്തേക്കു പോകേണ്ട. രക്ഷിക്കപ്പെട്ടു. വിശ്വാസസ്നാനം സ്വീകരിച്ചു. പരിശുദ്ധാത്മസ്നാനം സംബന്ധിച്ചും ചില അനുഭവങ്ങളൊക്കെയുണ്ട്. ഒരു പ്രാദേശികസഭയിൽ അംഗമാണ്. അവിടെയും ചില ശുശ്രൂഷകളൊക്കെയുണ്ട്. ഇവിടംകൊണ്ട് അവസാനിക്കുന്നു പലരുടേയും ക്രിസ്തീയജീവിതത്തിന്റെ ചക്രവാളം. എന്നാൽ ഗുരുവിന് ഇതുകൊണ്ടു തൃപ്തിയായോ?

ശിഷ്യന്റെ പ്രകടനം കൊണ്ടു തൃപ്തിയാകാത്ത ഒരു ഗുരുവിന്റെ കഥ പഴയനിയമത്തിൽ നാം കാണുന്നു. ഏലീശയാണ് ആ ഗുരു. ശിഷ്യന്റെ സ്ഥാനത്തുള്ളത് യിസ്രായേൽ രാജാവായിരുന്ന യോവാശും. അരാമ്യശത്രുക്കളാണു യോവാശിന്റെ ഏറ്റവും വലിയ പേടിസ്വപ്നം. അങ്ങനെയിരിക്കെ മരണാസന്നനായി കിടക്കുന്ന തന്റെ ഗുരുസ്ഥാനീയനായ ഏലീശയെ കാണാൻ യോവാശ് എത്തുന്നു. "അമ്പ് എടുക്ക എന്നു ഏലീശ പറഞ്ഞു. യോവാശ് എടുത്തു. 'നിലത്തടിക്ക' എന്ന് അവൻ യിസ്രായേൽ രാജാവിനോടു പറഞ്ഞു. അവൻ മൂന്നുപ്രാവശ്യം അടിച്ചു നിർത്തി. അപ്പോൾ ദൈവപുരുഷൻ അവനോടു കോപിച്ചു. നീ അഞ്ചാറുപ്രാവശ്യം അടിക്കേണ്ടതായിരുന്നു. എന്നാൽ നീ അരാമ്യരെ തോൽപിച്ച് അശേഷം സംഹരിക്കുമായിരുന്നു. ഇപ്പോഴോ നീ അരാമ്യരെ മൂന്നുപ്രാവശ്യം മാത്രം തോൽപിക്കും എന്നു പറഞ്ഞു" (2 രാജാക്കന്മാർ 13:18,19).

ശത്രുവിനെ നിശ്ശേഷം തോൽപിച്ചു തന്റെ പ്രതീക്ഷയ്ക്കൊത്തു നാം ഉയരണമെന്നാണു നമ്മുടെ ഗുരുവിന്റെയും നമ്മെക്കുറിച്ചുള്ള ഹിതം. പക്ഷേ പലരും മൂന്നുവട്ടം അടിച്ച് (രക്ഷ,സ്നാനം, പരിശുദ്ധാത്മസ്നാനം)അമ്പ് നിലത്തിട്ട് തൃപ്തരായി നിൽക്കുകയാണ്.

എന്തുകൊണ്ടാണ് അതിനപ്പുറത്തേക്കു പോകാൻ പലരും മടിച്ചു നിൽക്കുന്നത്? ഇച്ഛാശക്തിയുടെ കുറവും ദൃഢതീരുമാനങ്ങൾ എടുക്കാനുള്ള കഴിവില്ലായ്മയുമാണ് അതിനു കാരണമെന്നാണോ നിങ്ങൾ കരുതുന്നത്? അല്ല. അതിനുള്ള കാരണം സ്നേഹത്തിന്റെ കുറവാണ്. ഏഴുവർഷം എന്ന സമയപരിധി കഴിഞ്ഞപ്പോൾ തന്നെ മോചിപ്പിക്കാൻ തുടങ്ങുന്ന യജമാനനെ, തുടർന്ന് ആജീവനാന്തം സ്വമനസ്സാ സേവിക്കാൻ അടിമയെ പ്രേരിപ്പിക്കുന്ന ചേതോവികാരം എന്താണ്? അതു സ്നേഹമല്ലാതെ മറ്റൊന്നല്ല. (പുറപ്പാട് 21:5, ആവർ. 15:16). നിയമാനുസരണമായ പരിധിക്ക് അപ്പുറത്തേക്കു പോകാൻ കഴിയുന്നതു സ്നേഹത്തിനു മാത്രമാണ്.

'പ്രവചനങ്ങൾ തീർന്നു പോകും. ഭാഷകൾ ഇല്ലാതാകും. വിജ്ഞാനം തിരോഭവിക്കും. സ്നേഹം മാത്രം ഒരിക്കലും അവസാനിക്കുകയില്ല' (1 കൊരി. 13:8). സ്നേഹത്തിനു നിയമബന്ധിതമായ പ്രവർത്തനം കൊണ്ടു തൃപ്തി വരികയില്ല. ആ പരിധിക്കും അപ്പുറത്തേക്ക് അതു പോകും. ആ അർത്ഥത്തിലാണു സ്നേഹം അവസാനിക്കാത്തതായിരിക്കുന്നത്. 'ഏറിയവെള്ളങ്ങൾ സ്നേഹത്തെ കെടുപ്പാൻ പോരാ; നദികൾ അതിനെ മുക്കിക്കളകയില്ല' (ഉത്തമഗീ. 8:7).

സി.ടി.സ്റ്റഡ് എന്ന ദൈവഭൃത്യനെക്കുറിച്ച് ഒരു സംഭവം കേട്ടിട്ടുണ്ട്. ചൈനയിലും ഇന്ത്യയിലുമൊക്കെ പ്രവർത്തിച്ചശേഷം വാർധക്യത്തിൽ സ്റ്റഡ് ആഫ്രിക്കയിൽ പ്രേഷിതപ്രവർത്തനത്തിനെത്തിയതാണ്. അവിടെ തന്റെ കൊച്ചുകുടിലിനു മുൻപിൽ ഇരുന്നു വളരെ ക്ലേശിച്ച് സ്റ്റഡ് ബൈബിൾ വായിക്കുന്നതു കണ്ട് ഒരാൾ ചോദിച്ചു :'സ്റ്റഡ്, നിങ്ങൾ ഇത് എത്രയോ വട്ടം വായിച്ചിട്ടുണ്ട്! എന്നിട്ടും ഇത്രയും പ്രായമായപ്പോൾ കഷ്ടപ്പെട്ട് എന്തിനാണിത് വീണ്ടും വായിക്കുന്നത്?"

"ഞാൻ ഇനിയും പാലിക്കേണ്ട എന്തെങ്കിലും കല്പനകളുണ്ടോ എന്നറിയാനാണു വായിക്കുന്നത്": സ്റ്റഡിന്റെ മറുപടി.

നോക്കുക; സ്നേഹത്തിനു തൃപ്തി വരുന്നില്ല. അതു ഗുരുവിനു സന്തോഷം നൽകാൻ പാലിക്കേണ്ട ചെറിയ കല്പനകൾ പരതുകയാണ് (മത്തായി 5:19).

നമുക്കു നമ്മുടെ ഗുരുവിനോട് ഈ നിലയിൽ സ്നേഹമില്ലെങ്കിൽ അതിനു കാരണം എന്തായിരിക്കും? നമ്മുടെ ദൈവസ്നേഹത്തിന്റെ സ്ഥാനത്തു സ്വയസ്നേഹം ആധിപത്യം ഉറപ്പിച്ചിരിക്കുന്നു എന്നതുതന്നെ. അന്ത്യകാലത്തു വിശ്വാസികൾക്ക് (ഭക്തിയുടെ വേഷം ധരിച്ചവർക്ക്)ദൈവപ്രിയം കുറയുമെന്നും ആ സ്ഥാനത്ത് അവർ സ്വസ്നേഹികൾ ( Lovers of self) ആയിമാറുമെന്നും അപ്പോസ്തലനായ പൗലൊസ് മുന്നറിയിപ്പു നൽകിയിട്ടുണ്ടല്ലോ (2 തിമൊ.3:1-5).

സ്വസ്നേഹികൾ-അവർക്കേറ്റവും ഇഷ്ടം അവരവരെ തന്നെയാണ്. എന്നാൽ അവർ കരുതുന്നത് തങ്ങൾ ഏറ്റവും കൂടുതൽ ദൈവത്തെയാണു സ്നേഹിക്കുന്നതെന്നാണ്.

യഥാർത്ഥവിശ്വാസിയുടെ ജീവിതത്തിൽ മുഖ്യസിംഹാസനം ദൈവത്തിനായിരിക്കണം. എന്നാൽ ദൈവത്തിന് അർഹമായ ഈ സിംഹാസനം പലപ്പോഴും കയ്യടക്കിയിരിക്കുന്നതു സ്വയമാണ് എന്നതാണു നിർഭാഗ്യകരമായ അവസ്ഥ. ഫലം ഈ ഈ സ്വസ്നേഹത്തിൽ നിന്ന് 2 തിമൊഥെയോസ്3:1-5 വാക്യങ്ങളിൽ കാണുന്നതുപോലെ ദ്രവ്യാഗ്രഹവും വമ്പുപറച്ചിലും അഹങ്കാരവും ദൂഷണവും അനുസരണ

*ശേഷം പേജ് 28 ൽ*

വചനം

# സ്നേഹം:പുതിയ നിയമത്തിന്റെ അന്തസ്സത്ത

**പ**ഴയ നിയമത്തിൽ ദൈവം യിസ്രായേൽ മക്കൾക്കു പത്തുകല്പനകൾ നൽകിയതിനുശേഷം വിശിഷ്ടമായ മറ്റൊരു ചട്ടംകൂടി അവർക്കു നൽകുന്നതായി പുറപ്പാട് 21:1-6 വാകൃങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നു. ആറു വർഷം ഒരു യജമാനനെ നിർബന്ധിത വ്യവസ്ഥയിൽ സേവിച്ച ഒരു എബ്രായ അടിമ പിന്നീട് സ്വാതന്ത്ര്യം പ്രാപിക്കുവാൻ അർഹനെങ്കിലും സ്നേഹത്താൽ പ്രേരിതനായി അതേ യജമാനനെത്തന്നെ സേവിക്കുന്നതായി അവിടെ നാം വായിക്കുന്നു. ന്യായപ്രമാണത്തിന്റെ ഈ അനുബന്ധഭാഗം വരുവാനിരുന്ന പുതിയ നിയമ വ്യവസ്ഥയെ പ്രവചനരൂപേണ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു.

ആറു വർഷത്തെ നിർബന്ധിത സേവനം ന്യായപ്രമാണപ്രകാരമുള്ള ജീവിതത്തേയും ഏഴാം വർഷം മുതലുള്ളത് ദൈവം തന്റെ ജനങ്ങൾക്കു നൽകുന്ന ശബത്തനുഭവത്തെയും കുറിക്കുന്നു. ന്യായപ്രമാണപ്രകാരം ജനങ്ങൾക്ക് ആറു ദിവസം വേല ചെയ്ത ശേഷം ഏഴാം ദിവസം വിശ്രമം അനുഭവിക്കാമായിരുന്നു. എന്നാൽ ദൈവം ആദമിനെ സൃഷ്ടിച്ചപ്പോൾ അവന് ആദ്യം ഒരു വിശ്രമ ദിവസവും പിന്നീട് ആറു ദിവസത്തെ അദ്ധ്വാനദിവസങ്ങളും നൽകുകയാണുണ്ടായത്. ദൈവത്തിന്റെ ഏഴാം ദിവസം ആദമിന് ആദ്യദിവസമായിരുന്നു.



*നമുക്കുദോഷം ചെയ്യുന്ന ഒരാളിനു നന്മ ചെയ്യുവാൻ നാം ബോധപൂർവ്വം ശ്രമിക്കുന്ന സാഹചര്യത്തിൽത്തന്നെയും— 'ഇതാ, വലിയ വിശുദ്ധനായ ഞാൻ കൊടും പാപിയായ നിനക്കു നന്മ ചെയ്യാൻ എത്തിയിരിക്കുന്നു' എന്ന പരീശ മനോഭാവത്തോടെ അതു ചെയ്യുവാൻ സാദ്ധ്യതയുണ്ട്*

**പുതിയനിയമ വ്യവസ്ഥയിൽ, അനുസരണത്തെക്കാളധികം അതിന്റെ പിന്നിലുള്ള പ്രേരകശക്തിയാണു പ്രധാനം. ഒരുവൻ എല്ലാ കല്പനകളും പ്രമാണിച്ചതിനു ശേഷവും ദൈവം അയാളെ ഇപ്രകാരം ശാസിച്ചുവെന്നു വരാം: "ഒരു കുറ്റം നിനക്കുണ്ട്: നീ ആദ്യം ചെയ്തതുപോലെ എന്നോടുള്ള സ്നേഹം നിമിത്തമല്ല ഇപ്പോൾ എന്റെ കല്പനകൾ കാക്കുന്നത്. അതിനാൽ നീ മാനസാന്തരപ്പെടണം."**

മനുഷ്യന്റെ സകല അദ്ധ്വാനവും ദൈവവുമായുള്ള സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും അനുഭവത്തിൽനിന്നാണ് ഉറവെടുക്കേണ്ടതെന്നും അല്ലാത്തപക്ഷം അതു കേവലം പ്രയോജനശൂന്യമായ നിയമദാസ്യമായിത്തീർന്നുപോകുമെന്നും ഇതു നമ്മെ പഠിപ്പിക്കുന്നു.

പുതിയനിയമ യുഗത്തിൽ നാം ജീവിക്കുന്നതുകൊണ്ടു മാത്രം പുതിയ നിയമത്തിന്റെ ആത്മാവിൽ ജീവിക്കണമെന്നില്ല. റോമർ 6-ാം അദ്ധ്യായത്തിൽ വിജയജീവിതത്തെപ്പറ്റിയുള്ള സുവിശേഷം പ്രഖ്യാപിച്ചതിനുശേഷവും റോമർ 7-ൽ 1 മുതൽ 6 വരെ വാക്യങ്ങളിൽ ന്യായപ്രമാണത്തിന്റെ അടിമത്തത്തെപ്പറ്റി വിവരിക്കുന്നതായി നാം കാണുന്നുണ്ട്. സത്യാധിഷ്ഠിതവും നീതിയുക്തവുമായ ജീവിതം നയിക്കുന്ന പലരും ന്യായപ്രമാണവ്യവസ്ഥയിൽ തന്നെ കഴിയുന്ന അനുഭവം വളരെ സാധാരണമാണ്.

ഏറ്റവും നീതിയുക്തമായ ഒരു ജീവിതം തന്നെ തെറ്റായ ഉദ്ദേശ്യത്തോടുകൂടെ നയിക്കുവാൻ സാധ്യമാണ്. പഴയനിയമ വ്യവസ്ഥയിൽ ജനങ്ങൾ ന്യായപ്രമാണം അനുസരിക്കേണ്ടത് ആവശ്യമായിരുന്നു. എന്നാൽ എന്ത് ഉദ്ദേശ്യത്തോടുകൂടിയാണ് അത് അനുസരിക്കേണ്ടതെന്ന കാര്യം ന്യായപ്രമാണത്തിൽ കാണുന്നില്ല. ചിലർ ദൈവശിക്ഷയെ ഭയന്നും മറ്റു ചിലർ പ്രതിഫലം കാംക്ഷിച്ചും അപ്രകാരം ചെയ്തുപോന്നു. പുതിയനിയമ വ്യവസ്ഥയിലാകട്ടെ, അനുസരണത്തെക്കാളധികം അതിന്റെ പിന്നിലുള്ള പ്രേരകശക്തിയാണു പ്രധാനം. ഒരുവൻ എല്ലാ കല്പനകളും പ്രമാണിച്ചതിനുശേഷവും ദൈവം അയാളെ ഇപ്രകാരം ശാസിച്ചുവെന്നു വരാം: "ഒരു കുറ്റം നിനക്കുണ്ട്: നീ ആദ്യം ചെയ്തതുപോലെ എന്നോടുള്ള സ്നേഹം നിമിത്തമല്ല ഇപ്പോൾ എന്റെ കല്പനകൾ കാക്കുന്നത്. അതിനാൽ നീ മാനസാന്തരപ്പെടണം." (വെളിപ്പാട് 2:4 - പരാവർത്തനം). ഒരാൾ സ്നേഹത്താൽ പ്രേരിതനല്ല എന്ന വസ്തുത പഴയനിയമപ്രകാരം ഒരു കുറ്റമല്ലാതിരിക്കെ, പുതിയനിയമത്തിൽ അത് അത്യന്തം ഗൗരവാവഹവും ദൈവികാഭിഷേകം നഷ്ടപ്പെടുവാൻ ഹേതുഭൂതവുമാണ്. ഇതു നാം മനസ്സിലാക്കുന്നുണ്ടോ?

2 കൊരിന്ത്യർ 7:1-ൽ വിശുദ്ധിയെ തികയ്ക്കുന്നതിനെപ്പറ്റി നൽകുന്ന പ്രബോധനം നോക്കുക. അതിൽ പറയുംപ്രകാരം ജഡത്തിലെ കല്മഷങ്ങൾ നീക്കി ശുദ്ധി പ്രാപിക്കുന്ന ഒരുവന് മനുഷ്യരുടെ മുമ്പിൽ നല്ല സാക്ഷ്യം ലഭിക്കുന്നു. എങ്കിലും ആത്മാവിലുള്ള കല്മഷങ്ങളിൽനിന്നുകൂടെ ശുദ്ധീകരണം പ്രാപിക്കുമ്പോൾ മാത്രമേ ദൈവം അയാളെപ്പറ്റി നല്ല സാക്ഷ്യം പ്രസ്താവിക്കുകയുള്ളൂ. നാം ചെയ്യുന്ന വിശുദ്ധകാര്യങ്ങളിൽ കുടികൊള്ളുന്ന ഒരു കുറ്റമുണ്ട്. (പുറപ്പാട് 28:38 നോക്കുക.) നീതിയെ പിന്തുടരുന്നതിൽ നമുക്കുള്ള തെറ്റായ പ്രേരകശക്തി അല്ലാതെ മറ്റെന്താണിത്?

ഈ അനീതിക്കും അടിയിലായി കൂടു





തൽ ഗൗരവാവഹമായ മറ്റൊരു ദോഷവും നമുക്കു കണ്ടെത്താം. മനുഷ്യരുടെ മാനം അന്വേഷിക്കുന്നതാണത്. വിശേഷിച്ചും സഭയിൽ നാം മറ്റുള്ളവരുടെ മാനം ആഗ്രഹിക്കുന്ന പ്രവണതയുടെ വേരറുത്ത് അതിൽ നിന്നു മോചനം നേടാത്തപക്ഷം അതു നമ്മെ സമ്പൂർണ്ണ നാശത്തിലേക്കു നയിക്കും.

പത്തു കന്യകമാരുടെ ഉപമയിൽ (മത്തായി 25:1-13) ആ പത്തു പേരും ജഡികകല്മഷങ്ങളിൽനിന്നും വിമുക്തരായ കന്യകമാർ തന്നെയായിരുന്നു. ഒരാളും വേശ്യയായിരുന്നില്ല. എങ്കിലും ഈ കന്യകമാരിൽ ചിലർക്ക് ആന്തരിക വിശുദ്ധിയുണ്ടായിരുന്നില്ല എന്ന സത്യം ജനങ്ങളാരും മനസ്സിലാക്കിയില്ല. വിവേചനശക്തിയില്ലാത്ത വിശ്വാസികളുടെ മുമ്പിൽ പത്തുപേരും ആത്മീയരായി കാണപ്പെട്ടിരുന്നുവെങ്കിലും അഞ്ചുപേർക്കു മാത്രമേ ദൈവം ആഗ്രഹിച്ചവിധം അന്തർഭാഗത്തിലുള്ള സത്യം (സങ്കീ. 51:6) ഉണ്ടായിരുന്നുള്ളൂ. ബാക്കിയുള്ള അഞ്ചുപേർ ന്യായപ്രമാണത്തിലെ അക്ഷരങ്ങൾ മാത്രം പാലിക്കുന്നവരായിരുന്നു. കർത്താവിന്റെ വരവിൽ തങ്ങൾ തള്ളപ്പെടുമെന്ന് അവർ ഗ്രഹിച്ചിരുന്നില്ല. മത്തായി 7:23-ൽ കർത്താവ് മറ്റൊരു കൂട്ടരെ വിളിച്ചതുപോലെ "അധർമ്മം പ്രവർത്തിക്കുന്നവരേ" എന്ന് ഇവരെ വിളിക്കുന്നില്ല. എങ്കിലും തങ്ങളുടെ ആന്തരിക ജീവിതത്തിൽ ക്രിസ്തുവിന്റെ ആത്മാവുള്ളവരായിരുന്നില്ല അവർ. കർത്താവ് അവരോടു പറഞ്ഞു: "നിങ്ങളുടെ ആത്മാക്കളുമായി എനിക്കൊരു കൂട്ടായ്മയുമില്ല. നിങ്ങളുടെ ബാഹ്യജീവിതം നേരുള്ളതെങ്കിലും നിങ്ങൾക്കു നിയമദാസ്യത്തിന്റെ ആത്മാവാണുള്ളത്. നിങ്ങൾ പുതിയനിയമത്തിലെ പരീശരാണ്." 'ഞാൻ നിങ്ങളെ അറിയുന്നില്ല' എന്ന വാക്കിന് കർത്താവ് ഉദ്ദേശിച്ച അർത്ഥം ഇതായിരുന്നു.

**പത്തു കന്യകമാരുടെ ഉപമയിൽ ആ പത്തു പേരും ജഡികകല്മഷങ്ങളിൽനിന്നും വിമുക്തരായ കന്യകമാർ തന്നെയായിരുന്നു. ഒരാളും വേശ്യയായിരുന്നില്ല. എങ്കിലും ഈ കന്യകമാരിൽ ചിലർക്ക് ആന്തരിക വിശുദ്ധിയുണ്ടായിരുന്നില്ല എന്ന സത്യം ജനങ്ങളാരും മനസ്സിലാക്കിയില്ല. വിവേചനശക്തിയില്ലാത്ത വിശ്വാസികളുടെ മുമ്പിൽ പത്തുപേരും ആത്മീയരായി കാണപ്പെട്ടിരുന്നുവെങ്കിലും അഞ്ചുപേർക്കു മാത്രമേ ദൈവം ആഗ്രഹിച്ചവിധം അന്തർഭാഗത്തിലുള്ള സത്യം ഉണ്ടായിരുന്നുള്ളൂ.**

പുതിയനിയമ കല്പനകളെല്ലാം സമ്പൂർണ്ണമായി പാലിച്ചതിനുശേഷവും ക്രിസ്തുവിന്റെ ആത്മാവില്ലാത്തവരായിത്തീരുക സാദ്ധ്യമത്രേ. നമുക്കുദോഷം ചെയ്യുന്ന ഒരാളിനു നന്മ ചെയ്യുവാൻ നാം ബോധപൂർവ്വം ശ്രമിക്കുന്ന സാഹചര്യത്തിൽത്തന്നെയും— 'ഇതാ, വലിയ വിശുദ്ധനായ ഞാൻ കൊടുംപാപിയായ നിനക്കു നന്മ ചെയ്യാൻ എത്തിയിരിക്കുന്നു' എന്ന പരീശ മനോഭാവത്തോടെ അതു ചെയ്യുവാൻ സാദ്ധ്യതയുണ്ട്. ഇത്തരം സൽപ്രവൃത്തിയിൽ നമ്മുടെ അഹന്തയെ നാം പരിത്യജിക്കാതിരിക്കുകമൂലം അതു ദൈവത്തിനു സൗരഭ്യവാസനയായ ഒരു യാഗമായിത്തീരുന്നില്ല (എഫേ. 5:2).

മറ്റൊരു ദൃഷ്ടാന്തം ആലോചിക്കുക. കോപത്തിന്റെ മേൽ വിജയം ലഭിച്ചിട്ടില്ലാത്ത ഒരു ഭാര്യയുടെ ശകാരവർഷം കേട്ടുകൊണ്ട് മിണ്ടാതെയിരിക്കുന്ന ഒരു ഭർത്താവിനെ കാണുമ്പോൾ വിവേചനശൂന്യനായ ഒരാൾ ആ ഭർത്താവിനെ ഒരു വിശുദ്ധനായും ഭാര്യയെ പാപിനിയായും കരുതിയേക്കാം. എന്നാൽ ഹൃദയത്തെ

**മുടിയൻ പുത്രന്റെ ഉപമയിലെ പിതാവിൽ ക്രിസ്തുവിന്റെ മനോഭാവവും ജ്യേഷ്ഠസഹോദരനിൽ പരീശ മനോഭാവവുമാണ് നാം കാണുന്നത്. തന്റെ ഇളയ പുത്രൻ മനസ്സുതിരിഞ്ഞ് തിരിച്ചെത്തിയപ്പോൾ, ഒരുവേള അവൻ തന്റെ പാപസ്വഭാവത്തിൽനിന്നു പൂർണ്ണമായും മോചിതനായിട്ടില്ലെന്നു വന്നേക്കാമെങ്കിലും പിതാവ് സന്തോഷിക്കുന്നു. പരീശ മനോഭാവവുമുള്ള ജ്യേഷ്ഠനാകട്ടെ, അവനെ സ്വാഗതം ചെയ്‌വാൻ തയ്യാറില്ല. അവനു സ്വാതന്ത്ര്യമുണ്ടായിരുന്നെങ്കിൽ അനുജന്റെ മാനസാന്തരം യഥാർത്ഥമോ എന്നു പരിശോധിക്കാനായി ഒരു വർഷം അവനെ വേലക്കാരുടെ ക്വാർട്ടേഴ്സിൽ പാർപ്പിക്കുമായിരുന്നു.**

കാണുന്ന ദൈവത്തിന്റെ ദൃഷ്ടിയിൽ കാര്യങ്ങൾ കടകവിരുദ്ധമായി വരാം. ആ ഭർത്താവിന്റെ ആത്മാവിൽനിന്ന് ഉച്ചരിക്കപ്പെടാത്ത ഈ വാക്കുകൾ പുറപ്പെടുന്നുണ്ടായിരിക്കാം: "കർത്താവേ, എന്റെ ഭാര്യയെപ്പോലെ ഞാൻ പരാജയ ജീവിതം നയിക്കുന്ന ഒരുവനല്ലാത്തതിനാൽ നിന്നെ വാഴ്ത്തുന്നു." ആ സന്ദർഭത്തിൽ പരാജിതയായ ആ ഭാര്യയായിരിക്കും ദൈവദൃഷ്ടിയിൽ അയാളെക്കാൾ കൂടുതൽ സ്വീകാര്യയെന്ന സത്യം അയാൾ അറിയുന്നില്ല. കോപിക്കുന്നതു പാപം തന്നെ, സംശയമില്ല. എന്നാൽ പരീശ മനോഭാവവും പാപമാണ്. ഈ പരീശമനോഭാവത്തിൽനിന്നു നമ്മുടെ ആത്മാക്കളെ വെടിപ്പാക്കുകയാണ് നമ്മുടെ കർത്തവ്യം.

മുടിയൻ പുത്രന്റെ ഉപമയിലെ പിതാവിൽ ക്രിസ്തുവിന്റെ മനോഭാവവും ജ്യേഷ്ഠസഹോദരനിൽ പരീശ മനോഭാവവുമാണ് നാം കാണുന്നത്. തന്റെ ഇളയ പുത്രൻ മനസ്സുതിരിഞ്ഞ് തിരിച്ചെത്തിയപ്പോൾ, ഒരുവേള അവൻ തന്റെ പാപസ്വഭാവത്തിൽനിന്നു പൂർണ്ണമായും മോചിതനായിട്ടില്ലെന്നു വന്നേക്കാമെങ്കിലും പിതാവ് സന്തോഷിക്കുന്നു. പരീശ മനോഭാവവുമുള്ള ജ്യേഷ്ഠനാകട്ടെ, അവനെ സ്വാഗതം ചെയ്‌വാൻ തയ്യാറില്ല. അവനു സ്വാതന്ത്ര്യമുണ്ടായിരുന്നെങ്കിൽ അനുജന്റെ മാനസാന്തരം യഥാർത്ഥമോ എന്നു പരിശോധിക്കാനായി ഒരു വർഷം അവനെ വേലക്കാരുടെ ക്വാർട്ടേഴ്സിൽ പാർപ്പിക്കുമായിരുന്നു.

ഏതെങ്കിലും വിധത്തിൽ നമ്മോടു ദോഷം ചെയ്തിട്ടുള്ളവരുടെ നേരേയുള്ള നമ്മുടെ മനോഭാവത്തിലാണ് പരീശ മനോഭാവം ഏറ്റവും പ്രകടമായി കാണപ്പെടുന്നത്. അവർ ക്ഷമ ചോദിക്കുമ്പോൾ പോലും അത് ആത്മാർത്ഥമോ എന്നറിയുവാൻ വേണ്ടി അവരെ 'വേലക്കാരുടെ താമസസ്ഥലത്തു' പാർപ്പിക്കുവാൻ നാം മുതിർന്നെന്നു വരാം. ഒരാൾ ദിവസം ഏഴു പ്രാവശ്യം തെറ്റു ചെയ്കയും ഏഴു പ്രാവശ്യം അനുതപിച്ച് നമ്മുടെ അടുക്കൽ വന്നു ക്ഷമ ചോദിക്കയും ചെയ്താൽ അവനോടു നാം ക്ഷമിക്കണമെന്നു കർത്താവും നമ്മെ പ്രബോധിപ്പിച്ചിട്ടുള്ളത് ഒർക്കുക. അയാൾ ആത്മാർത്ഥമായിട്ടല്ലായിരിക്കാം ക്ഷമ ചോദിക്കുന്നത്. പക്ഷേ അതു നമുക്കു ബാധകമല്ല. അതിനെപ്പറ്റി ദൈവം വിധി കൽപ്പിച്ചുകൊള്ളട്ടെ. ക്ഷമിക്കുക മാത്രമാണ് നമ്മുടെ കടമ.

നാം എന്തു ചെയ്തു എന്നതിനേക്കാളധികം എന്തുദ്ദേശ്യത്തോടുകൂടി ചെയ്തു എന്നതാണ് ന്യായവിധിനാളിൽ ഏറ്റവും മുഖ്യമായ കാര്യം (1 കോരി. 4:5).

മുടിയൻ പുത്രന്റെ ഉപമയിലെ മൂത്ത മകൻ പിതാവിന്റെ ഒരൊറ്റ കൽപ്പന പോലും അനുസരിക്കാതിരുന്നില്ല (ലൂക്കോസ് 15:29). എന്നിട്ടും കഥാന്ത്യത്തിൽ അയാൾ ഭവനത്തിനു പുറത്തുനിൽക്കുന്നതായി നാം കാണുന്നു. നിയമദാസ്യത്തിന്റെ ആത്മാവ് അവനെ ഭരിച്ചിരുന്നതാണ് ഇതിന്റെ കാരണം. അയാൾ ഒരു കന്യകയായിരുന്നിരിക്കാം. പക്ഷേ അയാളുടെ പാത്രത്തിൽ എണ്ണ ഉണ്ടായിരുന്നില്ല. അയാളുടെ ഉദ്ദേശ്യം ദോഷകരമെന്നു





തെളിയിക്കപ്പെട്ടു. അയാൾ പ്രതിഫലത്തിനുവേണ്ടിയാണ് സേവിച്ചതെന്ന് അയാളുടെ വാക്കുകൾ തന്നെ തെളിയിക്കുന്നുണ്ടല്ലോ. നോക്കുക: "ഞാൻ ഒരിക്കലും നിന്റെ കല്പന ലംഘിച്ചിട്ടില്ല; എന്നിട്ടും നീ എനിക്ക് ഒരു പ്രതിഫലം തന്നില്ലല്ലോ."

ഈ മനോഭാവത്തിനെതിരെ യേശു തന്റെ ശിഷ്യന്മാർക്കു താക്കീതു നൽകിയിരുന്നു. ധനികനും യുവാവുമായ പ്രമാണി യേശുവിനെ വിട്ടുപോയശേഷം പത്രോസ് യേശുവിനോടു ചോദിച്ചു: "കർത്താവേ, ഞങ്ങൾ സകലവും വിട്ടു നിന്നെ അനുഗമിച്ചുവല്ലോ. ഞങ്ങൾക്ക് എന്തു കിട്ടും?" (മത്താ. 19:27). ഇതിന് ഉത്തരമായിട്ടാണ് കർത്താവ് തോട്ടമുടമസ്ഥന്റെയും കൂലിക്കാരുടെയും ഉപമ പറഞ്ഞത്. തോട്ടമുടമസ്ഥൻ 5 വിഭാഗം ജോലിക്കാരെ മുന്തിരിത്തോട്ടത്തിലെ ജോലിക്കായി വിളിച്ചാക്കി. അതിൽ നാലു വിഭാഗക്കാരും നിശ്ചിത വ്യവസ്ഥയിൻകീഴിലാണ് വിളിക്കപ്പെട്ടത്. അവസാനത്തെ വിഭാഗം മാത്രം യാതൊരു വ്യവസ്ഥയും കൂടാതെ വന്നവരായിരുന്നു (മത്തായി 20:1-16). ഉപമയുടെ സന്ദേശം ഇതത്രേ: ഒന്നാമത്തെ വിഭാഗം, ഒരു വെള്ളിക്കാശു പ്രതിഫലം എന്ന നിശ്ചിത വ്യവസ്ഥയിൽ ജോലിയിൽ ഏർപ്പെട്ടു. രണ്ടാമത്തെയും മൂന്നാമത്തെയും നാലാമത്തെയും വിഭാഗക്കാരും ക്ലിപ്ത തുക പറഞ്ഞിരുന്നില്ലെങ്കിലും പ്രതിഫലത്തിനായിത്തന്നെ വേല ചെയ്തു. ഈ നാലു വിഭാഗങ്ങളും പ്രതിഫലത്തിനായി ദൈവത്തെ സേവിക്കുന്നവരെ കുറിക്കുന്നു. ഒരുപക്ഷേ സഹസ്രാബ്ദവാഴ്ചയിൽ കർത്താവിനോടൊപ്പം സിംഹാസനത്തിൽ ഇരിക്കുന്നതോ അഥവാ കിരീടം ലഭിക്കുന്നതോ അതുമല്ലെങ്കിൽ മണവാട്ടിയായിത്തീരുക എന്നതോ ആയിരിക്കാം അവരുടെ ഉദ്ദേശ്യം. ഈ കൂട്ടരെല്ലാം പ്രതിഫലം കരുതിത്തന്നെ പ്രവർത്തിക്കുന്നു. എന്നാൽ

**ആത്മീയനായ ഒരു വ്യക്തി ആഗ്രഹിക്കുന്ന ഏക പ്രതിഫലം വിശുദ്ധവും സ്നേഹപൂർണ്ണവുമായ ദൈവസ്വഭാവം സ്വായത്തമാക്കുക, തദ്വാരാ ദൈവവുമായി ഗാഢമായ കൂട്ടായ്മയിലേർപ്പെടുക എന്നതു മാത്രമാണ്. ഇതാണ് അവർ നോക്കിപ്പാർത്തിരിക്കുന്ന കിരീടം. ഈ പ്രതിഫലം നൽകുവാനാണ് യേശു വരുന്നതും. ഒരു വ്യക്തി എത്ര വിശ്വസ്തതയോടെ തന്റെ രക്ഷ നേടി, എപ്രകാരം ജഡത്തിലെയും വിശിഷ്യ ആത്മാവിലെയും കല്മഷങ്ങളിൽ നിന്ന് -- പ്രത്യേകിച്ച് പരീശ മനോഭാവത്തിൽനിന്ന് -- ശുദ്ധീകരണം പ്രാപിച്ചു:ഇതിനെ ആശ്രയിച്ചാണ് ഈ പ്രതിഫലം ലഭിക്കുന്നത്.**

അത് പഴയനിയമത്തിന്റെ ആത്മാവാണ്.

ആത്മീയനായ ഒരു വ്യക്തി ആഗ്രഹിക്കുന്ന ഏക പ്രതിഫലം വിശുദ്ധവും സ്നേഹപൂർണ്ണവുമായ ദൈവസ്വഭാവം സ്വായത്തമാക്കുക, തദ്വാരാ ദൈവവുമായി ഗാഢമായ കൂട്ടായ്മയിലേർപ്പെടുക എന്നതു മാത്രമാണ്. ഇതാണ് അവർ നോക്കിപ്പാർത്തിരിക്കുന്ന കിരീടം. ഈ പ്രതിഫലം നൽകുവാനാണ് യേശു വരുന്നതും (വെളി. 22:12).ഒരു വ്യക്തി എത്ര വിശ്വസ്തതയോടെ തന്റെ രക്ഷ നേടി, എപ്രകാരം ജഡത്തിലെയും വിശിഷ്യ ആത്മാവിലെയും കല്മഷങ്ങളിൽ നിന്ന് — പ്രത്യേകിച്ച് പരീശ മനോഭാവത്തിൽനിന്ന് — ശുദ്ധീകരണം പ്രാപിച്ചു:ഇതിനെ ആശ്രയിച്ചാണ് ഈ പ്രതിഫലം ലഭിക്കുന്നത്. ഈ കാരണത്താലാണ് പുനരുത്ഥാനത്തിൽ നമുക്കു ലഭിക്കുവാൻ പോകുന്ന തേജസ്സിൽ നക്ഷത്രങ്ങൾക്കു തമ്മിലുള്ളതുപോലെയുള്ള വ്യത്യാസം സംഭവിക്കുന്നത് (1 കോരി. 15:41, 42). എന്തെന്നാൽ നീതിമാനായ ദൈവം മനുഷ്യൻ കാണുന്നതിനെ അനുസരിച്ചല്ല, താൻ തന്നെ കാണുന്നതിന്റെ അടിസ്ഥാനത്തിലാണ് ഓരോരുത്തർക്കും പ്രതിഫലം നൽകു

**പുതിയനിയമവ്യവസ്ഥയിൽ യേശുവാണ് നമ്മുടെ മുന്നോടി. അവിടുന്നു പിതാവിന്റെ കൽപ്പനകൾ പ്രമാണിച്ച് ഇപ്പോഴോ നിത്യതയിലോ യാതൊരു പ്രതിഫലവും സ്ഥാനമാനവും കാംക്ഷിച്ചില്ല. ശിക്ഷാഭയവും അദ്ദേഹത്തെ ഭരിച്ചിരുന്നില്ല. തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷം ഓർത്ത് അവിടുന്നു ക്രൂശിനെ സഹിച്ചതായി നാം വായിക്കുന്നു. തിരശ്ശീലയ്ക്കപ്പുറം വസിച്ചിരുന്ന തന്റെ പിതാവുമായുള്ള കൂട്ടായ്മയുടെ സർവോന്നതമായ സന്തോഷമായിരുന്നു അവിടുത്തെ ലക്ഷ്യം.**

ന്നത് (2 കോരി. 5:10).

മേൽപ്പറഞ്ഞ ഉപമയിൽ അവസാനത്തെ വിഭാഗം ജോലിക്കാർ മാത്രമാണ് യാതൊരു വ്യവസ്ഥയും പ്രതിഫലേച്ഛയും കൂടാതെ ജോലി ചെയ്തത് (മത്തായി 20:7). പുതിയനിയമത്തിന്റെ ആത്മാവിലാണ് അവർ പ്രവർത്തിച്ചത്. തന്മൂലം അവർക്ക് ആദ്യംതന്നെ പ്രതിഫലം ലഭിച്ചു. ആനുപാതികമായി മറ്റുള്ളവർക്കു ലഭിച്ചതിലധികമായ പ്രതിഫലവും അവർ പ്രാപിച്ചു (മത്തായി 20:16). നേരേമറിച്ച് ഒന്നാം വിഭാഗത്തിൽപ്പെട്ട ജോലിക്കാർ മുടിയൻ പുത്രന്റെ ഉപമയിലെ ജ്യേഷ്ഠസഹോദരനെപ്പോലെ പരീശ മനോഭാവക്കാരും സ്വയം നീതീകരിച്ചുകൊണ്ട് മാനമന്വേഷിക്കുന്നവരും ആയിരുന്നു.

ഈ പുതിയനിയമ വ്യവസ്ഥയിൽ യേശുവാണ് നമ്മുടെ മുന്നോടി. അവിടുന്നു പിതാവിന്റെ കൽപ്പനകൾ പ്രമാണിച്ച് ഇപ്പോഴോ നിത്യതയിലോ യാതൊരു പ്രതിഫലവും സ്ഥാനമാനവും കാംക്ഷിച്ചില്ല. ശിക്ഷാഭയവും അദ്ദേഹത്തെ ഭരിച്ചിരുന്നില്ല. തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷം ഓർത്ത് അവിടുന്നു ക്രൂശിനെ സഹിച്ചതായി നാം വായിക്കുന്നു. തിരശ്ശീലയ്ക്കപ്പുറം വസിച്ചിരുന്ന തന്റെ പിതാവുമായുള്ള കൂട്ടായ്മയുടെ സർവോന്നതമായ സന്തോഷമായിരുന്നു അവിടുത്തെ ലക്ഷ്യം. ഈ കാരണത്താലാണ് ഓരോ പരീക്ഷയിലും അവിടുത്തേക്കു തിരശ്ശീല ചീന്തുവാൻ സാധിച്ചത് (എബ്രാ. 10:20; 12:2). പിതാവിന്റെ സന്നിധിയിൽ മാത്രമാണ് സന്തോഷപരിപൂർണ്ണത (സങ്കീർത്തനം 16:11). ജീവിതകാലം മുഴുവൻ കർത്താവാഗ്രഹിച്ചത് തന്റെ പിതാവിനോടുള്ള കൂട്ടായ്മയായിരുന്നു. ആ കൂട്ടായ്മയ്ക്കു ഭംഗം വരാതിരിക്കാനാണ് 'മരണ'ത്തിൽനിന്നു തന്നെ വിടുവിക്കാൻ കഴിയുന്നവനോട് ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടി അവിടുന്നു പ്രാർത്ഥിച്ചത്. ഭൂമിയിൽ താൻ ജീവിച്ച 33വർഷക്കാലവും അവിടുന്നു 'മരണ'ത്തിലകപ്പെടാതെ തന്നെത്താൻ സൂക്ഷിച്ചു. അവസാനമായി നമ്മുടെ പാപങ്ങൾക്കുവേണ്ടി പിതാവിനാൽ പരിത്യജിക്കപ്പെടുമ്പോൾ പിതാവുമായുള്ള ആ കൂട്ടായ്മ മൂന്നു മണിക്കൂർ നേരത്തേയ്ക്ക് ഭഞ്ജിക്കപ്പെടുമെന്ന് ഗെത്ശെമനിയിൽവച്ച് അവിടുന്നു മനസ്സിലാക്കിയപ്പോൾ, മറ്റു വല്ല വഴിയുമുണ്ടോ എന്നറിയുവാനായി അവിടുന്നു വീണ്ടും നിലവിളിച്ചു. എന്നാൽ വേറെ വഴിയൊന്നുമുണ്ടായിരുന്നില്ല. നമ്മോടുള്ള സ്നേഹത്തിനുവേണ്ടി കർത്താവ് ആ വലിയ വില കൊടുക്കുവാൻ ക്രൂശിങ്കലേയ്ക്കു പോകയും ചെയ്തു.

ക്രിസ്തുവിലുള്ള ഈ മനോഭാവത്തിൽ നാമും പങ്കുകാരായിത്തീരുമ്പോൾ മാത്രമേ നമുക്കും ന്യായപ്രമാണ ബന്ധനത്തിൽനിന്നും സ്വാതന്ത്ര്യം നേടാൻ കഴിയൂ. ഒന്നാമതായി യേശു നമ്മുടെ ജഡത്തിൽത്തന്നെ വന്നുവെന്ന സത്യം പരിശുദ്ധാത്മാവു നമുക്കു കാണിച്ചുതരുന്നു. യേശു ന്യായപ്രമാണത്തിൻകീഴുള്ളവനായിത്തന്നെ ഭൂമിയിൽ വന്നു (ഗലാ. 4:4). എങ്കിലും അവിടുന്നു ന്യായപ്രമാണ

*ശേഷം പേജ് 36 ൽ*





**അനുഭവങ്ങളിൽ ചാലിച്ചെഴുതിയ കീർത്തനങ്ങൾ**

# 'ഞാൻ ആയിരിക്കുമ്പോലെ:' ഷാർലറ്റ് എലിയട്ടിന്റെ ജീവിതം

സുരേഷ്,ബാംഗ്ളൂർ

ഒരു ഉണർവ്വു യോഗത്തിന്റെ അന്ത്യത്തിൽ "ഞാൻ ആയിരിക്കുമ്പോലെ.." എന്ന ഗീതം പാടുന്ന സമയത്ത് പതിനാറുകാരനായ ഒരു കുട്ടി രക്ഷിക്കപ്പെട്ടു. "ബില്ലി ഗ്രഹാം" എന്നായിരുന്നു ആ കുട്ടിയുടെ പേര്. പിൽക്കാലത്ത് ബില്ലിഗ്രഹാം തന്റെ പല സുവിശേഷയോഗങ്ങളുടെയും ഒടുവിൽ ക്രിസ്തുവിങ്കലേക്കു വരുവാനുള്ള ആഹ്വാനത്തിന്റെ സമയത്ത് ഇതേഗാനം ആലപിക്കുകയും ആയിരങ്ങളും പതിനായിരങ്ങളും ആ വിളി സ്വീകരിക്കാനിടയാവുകയും ചെയ്തിട്ടുണ്ട്. ആ വിളി കേട്ടവരൊക്കെ യേശുവിനെ കർത്താവായും രക്ഷിതാവായും തങ്ങളുടെ ജീവിതത്തിൽ സ്വീകരിച്ചു.



പിന്നീട് 1997-ൽ ബില്ലിഗ്രഹാം തന്റെ ജീവചരിത്രത്തിനു തലക്കെട്ടായി സ്വീകരിച്ചതും അതേ പദങ്ങൾ തന്നെ– "ഞാൻ ആയിരിക്കുമ്പോലെ: ബില്ലിഗ്രഹാമിന്റെ ജീവചരിത്രം." ഈ ഗാനം എവിടെ നിന്നു വന്നു. അതിനു പിന്നിലെ കഥ എന്തായിരിക്കും എന്നൊക്കെ ഒരു പക്ഷേ നാം ആശ്ചര്യപ്പെടുന്നുണ്ടാവാം.

ഈ ഗാനം രചിച്ചത് മിസ് ഷാർലറ്റ് എലിയട്ട് എന്ന ഇംഗ്ലീഷുകാരിയാണ്. 1789 മാർച്ച് 18 ന് ലണ്ടനിലെ ക്ലഫാമിൽ ജനനം. ഉറച്ച മതപാരമ്പര്യങ്ങളുള്ള ഒരു കുടുംബത്തിലെ അംഗമായിരുന്നു ഷാർലറ്റ്. ചെറുപ്പത്തിൽത്തന്നെ വശ്യമായ സംഭാഷണ ചാതുരി, തെളിഞ്ഞ ഭാവനകൾ, സംഗീതവാസന, ശബ്ദമാധുരി, കവിതാ പ്രേമം എന്നിവയിലൊക്കെ അവൾ പ്രസിദ്ധയായി. അക്കാലത്തെ പ്രശസ്തരായ എഴുത്തുകാരുടെയും പ്രഭാഷകരുടെയുമൊക്കെ ഒത്തുചേരലുകളിൽ അവൾ ആകർഷിക്കപ്പെടുകയും അവിടെ അവൾ സ്വാഗതം ചെയ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ നിരന്തരമായ രോഗാവസ്ഥ ഈ കാലങ്ങളിൽ അവളെ ബലഹീനയാക്കി. ഒടുവിൽ 32-ാമത്തെ വയസ്സിൽ ഏതാണ്ട് ചലനമറ്റ നിലയിൽ അവൾ ശയ്യാവലംബിയാവുകയും ചെയ്തു.

ഷാർലറ്റിന്റെ മാനസാന്തര കഥ ഇങ്ങനെ: അവളുടെ പിതാവ് ഒരു ദൈവഭക്തനായിരുന്നു. മിക്കപ്പോഴും ക്രിസ്തീയ

**താൻ അരിഷ്ടയാണെന്നും തനിക്കു രക്ഷ ആവശ്യമുണ്ടെന്നും അവൾ കണ്ണീരോടെ അദ്ദേഹത്തെ അറിയിച്ചു. "എനിക്കു യേശുവിങ്കലേക്കു വരണം. പക്ഷേ എങ്ങനെ? എനിക്കറിഞ്ഞുകൂടാ." "എന്തുകൊണ്ടു നീ ആയിരിക്കുമ്പോലെ തന്നെ വന്നു കൂടാ?" അദ്ദേഹം ചോദിച്ചു. "നീ ആയിരിക്കുമ്പോലെ തന്നെയാണു വരേണ്ടത്. അതിന്റെ ആവശ്യമേയുള്ളു."**

ശുശ്രൂഷകന്മാർക്ക് ആ വീട്ടിൽ ആതിഥ്യം നൽകിയിരുന്നു. അങ്ങനെയിരിക്കെ 33-ാം വയസ്സിൽ ആദ്യമായി അവൾ ജനീവയിലെ ഡോക്ടർ സെസാർ മലാനെ പരിചയപ്പെട്ടു. ഒരു സായംകാലം അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഡോക്ടർ ദൈവവുമായുള്ള വ്യക്തിപരമയ ഒരു ബന്ധത്തിലേക്കു സംഭാഷണം കൊണ്ടുപോയി. താൻ ഒരു യഥാർത്ഥ ക്രിസ്ത്യാനിയാണോ എന്ന് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ എന്നു ഡോക്ടർ ചോദിച്ചു. രോഗത്തിന്റെയും വേദനകളുടെയും ഭാരം കാരണം അവൾക്കു നീരസമുണ്ടായി. അത്തരം കാര്യങ്ങൾ ഒരിക്കലും ചർച്ച ചെയ്യാൻ താൻ ആഗ്രഹിച്ചിട്ടില്ലെന്ന് അവൾ പറഞ്ഞു. അവൾക്കിഷ്ടമില്ലാത്ത ഒരു കാര്യം താൻ ഒരിക്കലും ചർച്ചചെയ്യാൻ പ്രേരിപ്പിക്കില്ലെന്നും എന്നാൽ അവൾ യേശുവിനു തന്റെ ഹൃദയവും കഴിവുകളും നൽകുന്നതിനായി താൻ പ്രാർത്ഥിക്കുമെന്നും തന്റെ സ്വതസിദ്ധമായ ആർദ്രതയോടെ ഡോക്ടർ പറഞ്ഞു.

ചില ദിവസങ്ങളിലെ കടുത്ത യാതനകൾക്കുശേഷം തന്റെ മോശമായ പെരുമാറ്റത്തിന് അവൾ ക്ഷമ ചോദിച്ചു. അദ്ദേഹത്തിന്റെ ചോദ്യം തന്റെ ചിന്തകളെ മഥിച്ചുകൊണ്ടിരുന്നു എന്ന കാര്യം അവൾ സമ്മതിച്ചു. താൻ അരിഷ്ടയാണെന്നും തനിക്കു രക്ഷ ആവശ്യമുണ്ടെന്നും അവൾ കണ്ണീരോടെ അദ്ദേഹത്തെ അറിയിച്ചു. "എനിക്കു യേശുവിങ്കലേക്കു വരണം. പക്ഷേ എങ്ങനെ? എനിക്കറിഞ്ഞുകൂടാ." "എന്തുകൊണ്ടു നീ ആയിരിക്കുമ്പോലെ തന്നെ വന്നു കൂടാ?" ഡോക്ടർ ചോദിച്ചു. "നീ ആയിരിക്കുമ്പോലെ തന്നെയാണു വരേണ്ടത്. അതിന്റെ ആവശ്യമേയുള്ളു." തുടർന്നുള്ള സംഭാഷണങ്ങളിൽ ക്രിസ്തുവിലൂടെ ദൈവം നൽകുന്ന രക്ഷയുടെ ലളിതമായ വഴികളെക്കുറിച്ച് അഭിമാനിയായ, നിഗളിയായ, അതേ സമയം അനുതാപത്തിലേക്കു വന്നിരിക്കുന്ന ആ വനിതയോട് അദ്ദേഹം വിവരിച്ചു. വിശ്വസിക്കുന്ന ഏതൊരു വ്യക്തിയേയും യേശുവിന്റെ രക്തത്തിന്റെ അടിസ്ഥാനത്തിൽ ദൈവം അംഗീകരിക്കയും സ്വീകരിക്കയും ചെയ്യുന്നു. ഡോക്ടർ മലാന്റെ ഉപദേശപ്രകാരം അവൾ തന്നെ ആകർഷിച്ച പ്രശസ്തരായ എഴുത്തുകാരുടെ ഗ്രന്ഥങ്ങളൊക്കെ മാറ്റി വച്ച് വേദപുസ്തക പഠനത്തിൽ മുഴുകി.

പന്ത്രണ്ടു വർഷങ്ങൾക്കുശേഷം ദക്ഷിണ ഇംഗ്ലണ്ടിലെ ബ്രൈറ്റണിലായി താമസം. ഇപ്പോൾ അവൾക്ക് വയസ്സായിരിക്കുന്നു. ശോധനകളുടെ വേളകളിലൊക്കെ അദ്ദേഹത്തിന്റെ വാക്കുകൾ മനസ്സിലേക്കു കടന്നുവന്നു ധൈര്യപ്പെടുത്തിക്കൊണ്ടിരുന്നു. വൈദികരുടെ പെൺമക്കൾക്കായി കുറഞ്ഞ ചെലവിൽ നല്ല വിദ്യാഭ്യാസം നൽകുവാനുദ്ദേശിച്ചു സ്ഥാപിച്ച ഒരു സ്കൂളിനെ സഹായിക്കാനായി അവളുടെ സഹോദരൻ റവ: എച്ച്. വി. എലിയട്ട് ഒരു വിപണനമേള നടത്തുന്നതിന്റെ ഒരുക്കത്തിലായിരുന്നു. ഷാർലറ്റിന്റെ ചുറ്റുമുള്ള എല്ലാ ബന്ധുക്കളും ആ മേളയുടെ ഒരുക്കത്തിന്റെ തത്രപ്പാടിലായിരുന്നു. ശാരീരിക ബലഹീനത കാരണ





മായി ഷാർലറ്റിന് മാത്രം ഒന്നും ചെയ്യാൻ കഴിയുമായിരുന്നില്ല.

വിപണനമേളയുടെ തലേന്നു രാത്രി മാനസികമായ സംഘർഷം കാരണമായി ഷാർലറ്റ് ഉറങ്ങിയതേയില്ല. താൻ പ്രയോജനശൂന്യയാണ്. എന്താണ് തന്റെ ആത്മീയജീവിതത്തിന്റെ അർത്ഥം? അതിനു കേവലം വൈകാരികമായ ചില തോന്നലുകൾക്കപ്പുറം എന്തെങ്കിലും യാഥാർത്ഥ്യമുണ്ടോ? പിറ്റേന്നു മേള നടക്കുമ്പോഴും തലേ രാത്രിയിലെ ചിന്തകൾ അവളുടെ മനസ്സിലേക്കു കടന്നു വന്നു. അപ്പോൾ അതിനെ ദൈവകൃപയാൽ കീഴടക്കേണ്ടതാണെന്ന ബോധം അവൾക്കുണ്ടായി. ഒരു പേനയും കടലാസുമെടുത്തു സ്വയം ആശ്വസിപ്പിക്കാനെന്നവണ്ണം അവൾ തനിക്കു ലഭിച്ച പാപക്ഷമയെക്കുറിച്ചും സമാധാനത്തെയും സ്വർഗ്ഗത്തെയും കുറിച്ചും എഴുതി. അതു ഒരു കഴിഞ്ഞകാല സംഭവമല്ല അതു വർത്തമാനകാലയാഥാർത്ഥ്യം കൂടിയാണ്. അത് എന്നന്നേക്കുമാണ്. 'ഇന്നും ഞാൻ ആയിരിക്കുമ്പോലെ എന്റെ പ്രിയ രക്ഷകൻ എന്നെ സ്വീകരിച്ചിരിക്കുന്നു.'

പിറ്റേന്ന് മേളയുടെ വിശേഷങ്ങളൊക്കെ അറിയിക്കാനായി ഷാർലറ്റിന്റെ സഹോദരഭാര്യ മിസ്സിസ് എച്ച്.വി. എലിയട്ട് അവളെ സന്ദർശിച്ചു. അവൾ കുത്തിക്കുറിച്ചിട്ടിരുന്ന ആ വരികൾ അവർ വായിക്കാനിടയായി. അതിന്റെ ഒരു പ്രതി തനിക്കു വേണമെന്ന് അവർ പറഞ്ഞു. അങ്ങനെ 1836-ൽ 6 പാദങ്ങളുള്ള ഒരു ഗീതമായി ഷാർലറ്റിന്റെ പേരു വയ്ക്കാതെ "ഞാൻ ആയിരിക്കുമ്പോലെ, ഒരു പ്രതിവാദവും കൂടാതെ" പ്രസിദ്ധീകരിച്ചു. അതു പല മാസികകളിലും മറ്റു പ്രസിദ്ധീകരണങ്ങളിലും കൂട്ടായ്മകളിലുമൊക്കെ പ്രചരിക്കയും ഒടുവിൽ സഭായോഗങ്ങളിൽ ഗീതാവലിയിൽ സ്ഥിരപ്രതിഷ്ഠ നേടുകയും ചെയ്തു.

**ഒരു പേനയും കടലാസുമെടുത്തു സ്വയം ആശ്വസിപ്പിക്കാനെന്നവണ്ണം അവൾ തനിക്കു ലഭിച്ച പാപക്ഷമയെക്കുറിച്ചും സമാധാനത്തെയും സ്വർഗ്ഗത്തെയും കുറിച്ചും എഴുതി. അതു ഒരു കഴിഞ്ഞകാല സംഭവമല്ല അതു വർത്തമാനകാലയാഥാർത്ഥ്യം കൂടിയാണ്. അത് എന്നന്നേക്കുമാണ്. 'ഇന്നും ഞാൻ ആയിരിക്കുമ്പോലെ എന്റെ പ്രിയ രക്ഷകൻ എന്നെ സ്വീകരിച്ചിരിക്കുന്നു.'**

ആ ഗാനത്തിന്റെ ആദ്യ പ്രസിദ്ധീകരണം കഴിഞ്ഞപ്പോൾത്തന്നെ അതിന്റെ സൗന്ദര്യവും ആത്മീയ മൂല്യവും ഗ്രഹിച്ച ഒരു വനിത അതിന്റെ ഒരു പകർപ്പ് അച്ചടിപ്പിച്ച് നഗരങ്ങളിലും മറ്റും വിതരണം നടത്തി. ഈ സമയം ഷാർലറ്റ് മറ്റൊരു പട്ടണത്തിൽ ഒരു ഡോക്ടറുടെ ചികിത്സയിലായിരുന്നു. ഒരു ദിവസം ആ ഡോക്ടർ ഇതിന്റെ ഒരു പ്രതി ഷാർലറ്റിന്റെ കയ്യിൽ കൊടുത്തിട്ട് ഈ വരികൾ തന്നെ വളരെ സഹായിച്ചു എന്നും അവൾക്കും ഇതൊരു ഉത്സാഹമായിത്തീരുമെന്നും പറഞ്ഞു. ഇതു തന്റെ തന്നെ വരികളാണെന്നു മനസ്സിലായപ്പോൾ അവൾക്ക് വലിയ അത്ഭുതവും സന്തോഷവുമുണ്ടായി.

വില്യം ബ്രാഡ്ബറി എന്ന സംഗീതജ്ഞനാണ് അതിനു ഈണം നൽകിയത്. ആ ഈണം മറ്റൊരു പാട്ടിന് ഉപയോഗിച്ചിരുന്നതായിരുന്നു. പിൽക്കാലത്ത് പ്രശസ്ത ഗാനരചയിതാവായ തോമസ് ഹേസ്റ്റിംഗ്സ് ആണ് ആ ട്യൂണ് ഈ പാട്ടിനു തന്നെ നൽകിയത്.ഷാർലറ്റ് എലിയട്ട് 82-ാമത്തെ വയസ്സുവരെ ജീവിച്ചിരുന്ന നിരവധി ഗാനങ്ങൾ രചിച്ചു. "യേശുവേ, അങ്ങേപ്പോലാക്കെന്നെ" എന്ന പ്രശസ്ത

ഗീതവും അവരുടേതാണ്. ഇതിലെ വരികൾ വർഷങ്ങളോളം അവരുടെ സ്വകാര്യ പ്രാർത്ഥന മാത്രമായിരുന്നു. താനും തന്റെ കർത്താവും തമ്മിലുള്ള രഹസ്യബന്ധത്തിന്റെ ആഴങ്ങൾ പ്രതിഫലിപ്പിക്കുന്നതായിരുന്നു ആ പ്രാർത്ഥന. അവളുടെ ഏറ്റവും അടുത്ത സ്നേഹിതരോടു മാത്രമേ അതു പങ്കുവച്ചിരുന്നുള്ളൂ. അതു പ്രസിദ്ധീകരിക്കപ്പെട്ടതാകട്ടെ യാദൃച്ഛികമായും.

**O** Jesus, make thyself to me
A living bright reality.
More present to faith's vision keen
than any out ward object seen
More dear, more intimately rich
Than e'en the sweetest earthly tie.

നൂറ്റമ്പതിലധികം ഗീതങ്ങൾ ഷാർലറ്റ് എഴുതിയിട്ടുണ്ടെങ്കിലും ഈ ഒരു പാട്ടിനെക്കുറിച്ച് അവളുടെ സഹോദരൻ റവ. എച്ച്.വി. എലിയട്ട് നൽകുന്ന സാക്ഷ്യം ശ്രദ്ധേയമാണ്. "എന്റെ ദീർഘകാലത്തെ ശുശ്രൂഷയിൽ വളരെക്കുറച്ചു ഫലങ്ങൾ മാത്രമേ എനിക്കു കാണുവാൻ കഴിഞ്ഞിട്ടുള്ളൂ. എന്നാൽ എന്റെ സഹോദരിയുടെ ഒരു പാട്ടിന് അതിലെത്രയോ അധികം ഫലമുളവാക്കുവാൻ കഴിഞ്ഞു."

ഡോക്ടർ മലാൻ ഒരിക്കലും ചിന്തിച്ചു കാണുകയില്ല താൻ പറഞ്ഞ ആ ഒരു വാക്ക് ഇത്രയധികം പ്രാവശ്യം ക്രൈസ്തവലോകം ആവർത്തിക്കുമെന്ന്. തന്റെ ഏറ്റവും കടുത്തശോധനകൾക്കുമുമ്പിലെ ബലഹീനമായ നിമിഷങ്ങളിൽ ദൈവം നിത്യമായ ഒരു പ്രവൃത്തി തന്നിൽ ചെയ്യുകയാണെന്ന് മിസ് ഷാർലറ്റ് ഒരിക്കലും ചിന്തിച്ചിട്ടുണ്ടാവില്ല. നമുക്കൊക്കെ നാമായിരിക്കുമ്പോലെ യേശുവിലേക്കു വരാം.

മൊഴിമാറ്റം: ബോബി ചെറിയാൻ

## യേശുവിനെപ്പോലെ ആകുക

ക്രിസ്തുവിനോട് അനുരൂപരായിത്തീരുക എന്നതു നമ്മുടെ ഭാഗധേയമാണ്. നാം പിന്തുടരുന്ന ഏകമാതൃകയും അവൻതന്നെ. അവൻ വാസ്തവമായി നമ്മിൽ ജീവിക്കുന്നതുകൊണ്ട് 'അവൻ നടന്നതുപോലെ നമുക്കും നടക്കാം' (1 യോഹന്നാൻ 2:6), 'അവൻ പ്രവർത്തിച്ചതുപോലെ നമുക്കും പ്രവർത്തിക്കാം' (യോഹന്നാൻ 13:15), 'അവൻ സ്നേഹിച്ചതുപോലെ സ്നേഹിക്കാം' (എഫേസ്യർ 5:2), 'അവൻ ക്ഷമിച്ചതുപോലെ ക്ഷമിക്കാം' (കൊലോസ്യർ 3:13), 'ക്രിസ്തുവിലുള്ള ഭാവം തന്നെ നമുക്കും ഉണ്ടാകാം' (ഫിലിപ്യർ 2:5), 'അവൻ നമുക്കായി വച്ച മാതൃക പിന്തുടരാം' (1 പത്രോസ് 2:21). അതുകൊണ്ട് 'അവനെപ്പോലെ സഹോദരർക്കുവേണ്ടി ജീവൻ ബലികൊടുക്കാൻ നമുക്കു കഴിയും' (1 യോഹന്നാൻ 3:16).

അവൻ നമ്മെപ്പോലെ ആയതുകൊണ്ടു മാത്രമാണ് നമുക്ക് അവനെപ്പോലെയാകുവാൻ കഴിയുന്നത്. അവനോട് അനുരൂപരായിത്തീർന്നുകൊണ്ടാണ് നമുക്ക് അവനെപ്പോലെയായിത്തീരുവാൻ കഴിയുന്നത്.

**-ഡിട്രിച്ച് ബോൺ ഹോഫർ**

*(1945 ൽ 39-ാം വയസ്സിൽ ഹിറ്റ്ലറുടെ നാസിപട്ടാളത്താൽ വധിക്കപ്പെട്ട് രക്തസാക്ഷ്യത്വം വഹിച്ച ജർമ്മൻ ദൈവശാസ്ത്രജ്ഞൻ)*





ചിന്തയ്ക്ക്

# പരിശുദ്ധാത്മസ്നാനം

ആൻഡ്രൂ മൂറേ

**പെന്ത**ക്കോസ്ത് നാളിൽ കർത്താവ് പരിശുദ്ധാത്മാവിനെ സ്വശിഷ്യന്മാരുടെ മേൽ ചൊരിഞ്ഞുകൊടുത്ത സംഭവം കഴിഞ്ഞ് ഏതാണ്ട് ഇരുപതു വർഷത്തിനുശേഷം ഒരിക്കൽ പൗലോസ് എഫേസോസിൽ ചെന്നുചേർന്നു. അവിടെയുള്ള ക്രിസ്തീയസഭയിൽ ചില ശിഷ്യന്മാരെ കണ്ടെത്തി. അവരുടെ വിശ്വാസത്തിലും ക്രിസ്തീയാനുഭവത്തിലും എന്തോ ഒരു കുറവുള്ളതായി അദ്ദേഹത്തിനു തോന്നി. അതിനാൽ അദ്ദേഹം ഈ ചോദ്യം അവരോടു ചോദിച്ചു:"നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?" (അപ്പോ. പ്ര 19:2) അവർ പറഞ്ഞു: "പരിശുദ്ധാത്മാവ് ഉണ്ടെന്നുപോലും ഞങ്ങൾ കേട്ടിട്ടില്ല." തേജസ്കരിക്കപ്പെട്ട കർത്താവിൽനിന്നും ലഭിക്കുന്ന പൂർണ്ണപരിശുദ്ധാത്മശക്തിയുടെ ഉപദേശം ഇനിയും കടന്നുചെന്നിട്ടില്ലാത്ത ഒരു പ്രദേശമായിരുന്നു അവരുടേത്.

പൗലൊസ് ഉടൻ തന്നെ, പിതാവിൽനിന്നും പരിശുദ്ധാത്മാവിനെ വാങ്ങി ലോകത്തിലേക്കയച്ച തേജസ്കരിക്കപ്പെട്ട കർത്താവിനെക്കുറിച്ചുള്ള പൂർണ്ണസുവിശേഷം അവരോടു പ്രസംഗിച്ചു. സുവിശേഷത്തിൽ വിശ്വസിച്ച് തന്റെ ശിഷ്യന്മാരായിത്തീർന്ന എല്ലാവരും ഈ പരിശുദ്ധാത്മാവിനെ പ്രാപിക്കണമെന്നു കർത്താവ് ആഗ്രഹിക്കുന്നുവെന്ന വസ്തുത അപ്പോസ്തലൻ വിശദമാക്കി. ഈ സന്തോഷവാർത്ത് കേട്ട് അത് അംഗീകരിച്ച ആ ആളുകൾ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുന്ന രക്ഷകന്റെ നാമത്തിൽ സ്നാനമേറ്റു. അനന്തരം (മാനസാന്തരത്തിനും ജലസ്നാനത്തിനും ശേഷം) പൗലോസ് അവർക്കായി പ്രാർത്ഥിക്കയും അവരുടെമേൽ കൈവയ്ക്കുകയും ചെയ്തു. അപ്പോൾ അവർ പരിശുദ്ധാത്മാവിനെ പ്രാപിച്ചു. പിന്നീട് ഈ മുഴുവൻ പ്രവർത്തനവും ഒരു സ്വർഗ്ഗീയദാനമാണെന്നതിന്റെ അടയാളമായി പെന്തക്കോസ്തിന്റെ അദ്ഭുതത്തിൽ പങ്കുകാരായ അവർ അന്യഭാഷകളിൽ സംസാരിച്ചു. (അപ്പോ. പ്ര. 19:1-7)

ഇന്ന് ഈ സന്ദേശം എല്ലാ ദൈവമക്കളോടും അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ക്രിസ്തീയ ജീവിതത്തിനു **രണ്ടു തലങ്ങൾ** ഉണ്ട്.പരിശുദ്ധാത്മാവിന്റെ പ്രവർത്തനം നമ്മിൽ നടക്കുന്ന തലമാണ് ഒന്നാമത്തേത്. എന്നാൽ ഇതിനപ്പുറം കൂടുതൽ സമൃദ്ധിയായ മറ്റൊരു ജീവിതമുണ്ട്. അതിലെത്തുന്നതോടെ വീണ്ടെടുപ്പിന്റെ പൂർണ്ണ സന്തോഷവും ശക്തിയും നമ്മുടെ വ്യക്തിപരമായ അനുഭവത്തിൽ ഒരു യാഥാർത്ഥ്യമായി പരിണമിക്കും. ഈ രണ്ടവസ്ഥകൾ തമ്മിലുള്ള വ്യത്യാസം വിശ്വാസികൾ പൂർണ്ണമായി ഗ്രഹിക്കുമ്പോൾ, ഇതിൽ രണ്ടാമത്തേതാണ് തങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതമെന്ന് വിവേചിച്ചറിയുമ്പോൾ, ഓരോ വിശ്വാസിക്കും ഇതു പ്രാപിക്കുക സാധ്യമാണെന്ന് അവർക്കു ബോധ്യം വരുമ്പോൾ,അപ്പോൾ മാത്രമേ ക്രൈസ്തവസമൂഹം ലജ്ജയാൽ കുഴഞ്ഞ മനസ്സോടെ തങ്ങളുടെ ജീവിതത്തിലെ പാപകരവും പരസ്പരവിരുദ്ധവുമായ അംശങ്ങൾ ഏറ്റുപറകയും പെന്തക്കോസ്തിന്റെ ശക്തിയിലേക്ക് ഒരി

**പരിശുദ്ധാത്മാവിന്റെ കൂടുതൽ ഉന്നതവും ശ്രേഷ്ഠവുമായ ഒരു പ്രവർത്തനമുണ്ട്. നമ്മിൽ നിത്യവും തുടരുന്നു ഒരു ദൈവികദാനമായി, അധിവാസം ചെയ്യുന്ന ഒരു വ്യക്തിയായി പരിശുദ്ധാത്മാവിനെ നാം പ്രാപിക്കുന്നു. അവൻ നമ്മുടെ മുഴുവൻ വ്യക്തിത്വത്തിന്റെയും ചുമതല ഏറ്റെടുക്കുന്നുവെന്നും ഇച്ഛിക്കാനും പ്രവർത്തിക്കാനുമായി നമ്മിൽ വ്യാപരിക്കുന്നുവെന്നും അപ്പോൾ നാം അറിയുന്നു. പൂർണ്ണമായ ക്രിസ്തീയ ജീവിതത്തിന്റെ മാതൃക ഇതു മാത്രമാണ്.**

ക്കൽകൂടി ഉയർത്തപ്പെടുകയും ചെയ്കയുള്ളൂ.

**1. ആരോഗ്യകരമായ ഒരു ക്രിസ്തീയജീവിതത്തിന് നമ്മിൽ അധിവാസം ചെയ്യുന്ന പരിശുദ്ധാത്മാവിനെ നാം പ്രാപിച്ചുവെന്ന പൂർണ്ണമായ അറിവ് നമുക്കുണ്ടായേ തീരൂ.**

അപ്രകാരമല്ലായിരുന്നുവെങ്കിൽ "നിങ്ങൾ വിശ്വസിച്ചിട്ട് പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?" എന്ന ചോദ്യം പൗലോസ് അവരോടു ചോദിക്കയില്ലായിരുന്നു. എഫേസോസുകാരായ ആ ശിഷ്യന്മാർ വിശ്വാസികൾ എന്ന നിലയിൽ അംഗീകരിക്കപ്പെട്ടവരായിരുന്നു. എങ്കിലും അതുകൊണ്ടുമാത്രം മതിയാകുമായിരുന്നില്ല. ഭൂമിയിൽ വച്ച് കർത്താവിനോടുകൂടി സഞ്ചരിച്ച ശിഷ്യന്മാർ യഥാർത്ഥ വിശ്വാസികളായിരുന്നു. എങ്കിലും സ്വർഗ്ഗത്തിൽ നിന്നും താൻ അയയ്ക്കാൻ പോകുന്ന പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതുവരെ അവർ സംതൃപ്തരാകരുതെന്ന് കർത്താവ് അവരോടു കല്പിച്ചു (അപ്പോ. പ്ര. 1:8). പൗലൊസ് കർത്താവിനെ അവിടുത്തെ സ്വർഗ്ഗീയ മഹത്വത്തോടുകൂടി കാണുകയും ആ ദർശനത്തിലൂടെ മാനസാന്തരത്തിലേക്കു നയിക്കപ്പെടുകയും ചെയ്തിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ കാര്യത്തിലും ദൈവം അദ്ദേഹത്തിൽ ചെയ്യുവാനാഗ്രഹിച്ചിരുന്ന ആത്മീയപ്രവൃത്തി പൂർത്തിയായിരുന്നില്ല. അനന്യാസ് അദ്ദേഹത്തിന്റെ അടുക്കലെത്തി പരിശുദ്ധാത്മ ലബ്ധിക്കായി അദ്ദേഹത്തിന്റെമേൽ കൈ വയ്ക്കേണ്ടത് ആവശ്യമായിരുന്നു. അപ്പോൾ മാത്രമേ അദ്ദേഹത്തിന് ക്രിസ്തുവിന്റെ ഒരു സാക്ഷിയാകുവാനുള്ള ശക്തി ലഭിച്ചുള്ളു (അപ്പോ. പ്ര. 9:3-20 വായിക്കുക). ഈ കാര്യങ്ങളെല്ലാം നമ്മെ പഠിപ്പിക്കുന്നത് പരിശുദ്ധാത്മാവ് രണ്ടു വിധത്തിലുള്ള പ്രവർത്തനം നമ്മിൽ നടത്തുന്നുവെന്നാണ്. ഒന്നാമത്തേത് അവൻ നമ്മുടെ മേൽ ചെയ്യുന്ന ഒരു സജ്ജീകരണപ്രവർത്തനമാണ്. അതു നടത്തുന്നതിലൂടെ നമ്മെ മാനസാന്തരത്തിലേക്കും വിശ്വാസത്തിലേക്കും നയിക്കുകയും നല്ലതും വിശുദ്ധവുമായ എല്ലാറ്റിനുവേണ്ടിയുള്ള പ്രേരണ നമ്മിൽ ഉൽപാദിപ്പിക്കുകയും ചെയ്യുന്നു. രണ്ടാമത്തേത് പരിശുദ്ധാത്മാവിന്റെ കൂടുതൽ ഉന്നതവും ശ്രേഷ്ഠവുമായ ഒരു പ്രവർത്തനമാണ്. നമ്മിൽ നിത്യവും തുടരുന്നു ഒരു ദൈവികദാനമായി, അധിവാസം ചെയ്യുന്ന ഒരു വ്യക്തിയായി പരിശുദ്ധാത്മാവിനെ നാം പ്രാപിക്കുന്നു. അവൻ നമ്മുടെ മുഴുവൻ വ്യക്തിത്വത്തിന്റെയും ചുമതല ഏറ്റെടുക്കുന്നുവെന്നും ഇച്ഛിക്കാനും പ്രവർത്തിക്കാനുമായി നമ്മിൽ വ്യാപരിക്കുന്നുവെന്നും അപ്പോൾ നാം അറിയുന്നു. പൂർണ്ണമായ ക്രിസ്തീയ ജീവിതത്തിന്റെ മാതൃക ഇതു മാത്രമാണ്.

**2. പരിശുദ്ധാത്മാവിന്റെ ബോധപൂർവ്വമായ ഈ അധിവാസം അറിഞ്ഞിട്ടില്ലാത്ത ക്രിസ്തുശിഷ്യന്മാർ ഉണ്ട്.**

ശമര്യയിൽ സംഭവിച്ച കാര്യം പരിഗണിക്കുമ്പോൾ ഇതു വളരെ സ്പഷ്ടമായി





നമുക്കു മനസ്സിലാകും. സുവിശേഷകനായ ഫിലിപ്പോസ് അവിടെ പ്രസംഗിച്ചു. അനേകംപേർ യേശുവിൽ വിശ്വസിക്കുകയും അവിടുത്തെ നാമത്തിൽ ആശ്രയിക്കുകയും ചെയ്യുന്ന വസ്തുത അപ്പോസ്തലന്മാർ കേട്ടപ്പോൾ അവർ പത്രോസിനെയും യോഹന്നാനെയും അവരുടെ അടുക്കൽ അയച്ചു. അവർ ശമര്യയിൽ വന്ന് ഈ പുതിയ വിശ്വാസികൾ പരിശുദ്ധാത്മാവിനെ പ്രാപിക്കുവാനായി അവർക്കുവേണ്ടി പ്രാർത്ഥിച്ചു (അപ്പോ. പ്ര. 8:5-17) യേശുവിനെ രക്ഷകനായി വിശ്വസിച്ച് മാനസാന്തരപ്പെട്ട് സന്തോഷം നിറഞ്ഞ ഒരനുഭവത്തിലെത്തുവാൻ അവരിൽ വ്യാപരിച്ച പരിശുദ്ധാത്മ പ്രവർത്തനത്തിൽ നിന്നും തികച്ചും ഭിന്നമായ ഒരു ദൈവികദാനമായിരുന്നു ഇത്. അത് കൂടുതൽ ഉന്നതമായ ഒരനുഭവമായിരുന്നു. എന്തെന്നാൽ തേജസ്കരിക്കപ്പെട്ട കർത്താവ് സ്വർഗ്ഗത്തിൽനിന്നു പരിശുദ്ധാത്മാവിനെ ശക്തിയോടെ അവരുടെമേൽ അയച്ചു. പരിശുദ്ധാത്മാവ് ഹൃദയങ്ങളെ ശുദ്ധീകരിച്ച് ദൈവിക നിറവു നൽകുവാൻ വേണ്ടിയാണ് കർത്താവ് ഇപ്രകാരം ആത്മാവിനെ അയച്ചത്. ഈ പുതിയ അനുഭവം ലഭിച്ചിരുന്നില്ലെങ്കിൽ തന്നെയും ശമര്യയിലെ വിശ്വാസികൾ ക്രിസ്ത്യാനികൾ തന്നെ ആയിരിക്കുമായിരുന്നു. എന്നാൽ അവർ ബലഹീനരും കുറവുള്ളവരുമായി തുടർന്നേനേ. നാം ജീവിക്കുന്ന ഈ കാലത്തും ഒട്ടധികം വിശ്വാസികൾ ഈ വിധത്തിൽ പരിശുദ്ധാത്മനിറവു ലഭിക്കാത്തവരായി കഴിഞ്ഞുകൂടുന്നു. നല്ലതും ആകർഷകവുമായ പലതും അവർക്കുണ്ടായിരിക്കാം. ആത്മാർത്ഥയും തീക്ഷ്ണതയും ഉണ്ടായിരിക്കെത്തന്നെ ഈ ക്രിസ്ത്യാനികളുടെ ജീവിതം ബലഹീനതയാലും പരാജയത്താലും നിരാശതയാലും തകർക്കപ്പെട്ട നിലയിൽ തുടരുന്നു. ഉയരത്തിൽ നിന്നുള്ള ദൈവശക്തിയുമായി ബലസന്ദായകമായ ഒരു ബന്ധത്തിലേക്ക് അവർ വന്നു ചേരാത്തതുകൊണ്ടും പരിശുദ്ധാത്മാവിനെ പെന്തക്കൊസ്തിൻ ആത്മാവായി പ്രാപിച്ച് അവനാൽ പിടിക്കപ്പെട്ടവരും സംരക്ഷിക്കപ്പെടുന്നവരും നിറയ്ക്കപ്പെടുന്നവരുമായി അവർതീരാത്തതിനാലുമാണ് ഈ ദുരവസ്ഥയിൽ അവർ കഴിയേണ്ടി വരുന്നത്.

**പുതിയ അനുഭവം ലഭിച്ചിരുന്നില്ലെങ്കിൽ ശമര്യയിലെ വിശ്വാസികൾ ബലഹീനരും കുറവുള്ളവരുമായി തുടർന്നേനേ. നാം ജീവിക്കുന്ന ഈ കാലത്തും ഒട്ടധികം വിശ്വാസികൾ ഈ വിധത്തിൽ പരിശുദ്ധാത്മനിറവു ലഭിക്കാത്തവരായി കഴിഞ്ഞുകൂടുന്നു. നല്ലതും ആകർഷകവുമായ പലതും അവർക്കുണ്ടായിരിക്കാം. ആത്മാർത്ഥയും തീക്ഷ്ണതയും ഉണ്ടായിരിക്കെത്തന്നെ ഈ ക്രിസ്ത്യാനികളുടെ ജീവിതം ബലഹീനതയാലും പരാജയത്താലും നിരാശതയാലും തകർക്കപ്പെട്ട നിലയിൽ തുടരുന്നു.**

**3. വിശ്വാസികളെ പരിശുദ്ധാത്മാനുഭവത്തിലേക്കു നയിക്കുക എന്നത് സുവിശേഷ ശുശ്രൂഷയിലെ മഹത്തായ പ്രവർത്തനമാണ്.**

തന്റെ ശിഷ്യന്മാരെ മൂന്നുവർഷക്കാലം പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്തശേഷം തന്നോടു കേട്ട പിതാവിന്റെ വാഗ്ദാനത്തിനായി കാത്തിരുന്ന് സ്വർഗ്ഗത്തിൽനിന്നുള്ള പരിശുദ്ധാത്മാവിനെ പ്രാപിക്കുന്ന ഘട്ടത്തിലേക്ക് അവരെ നയിക്കുക എന്നത് കർത്താവായ യേശുക്രിസ്തുവിന്റെ മഹത്തായ ഉദ്ദേശ്യമായിരുന്നില്ലേ? പെന്തക്കോസ്തു നാളിൽ ഹൃദയത്തിൽ കുത്തുകൊണ്ട ജനങ്ങളോട് അവർ മാനസാന്തരപ്പെട്ട് പാപങ്ങളുടെ മോചനത്തിനായി സ്നാനമേറ്റശേഷം അവർക്കു പരിശുദ്ധാത്മാവെന്ന വാഗ്ദാനം ലഭിക്കുമെന്നു പത്രോസ് ഉറ

**ദാഹമുള്ളവർ മാത്രമാണല്ലോ ആർത്തിയോടെ വെള്ളം കുടിക്കുന്നത്. തങ്ങളുടെ ആത്മീയാനുഭവത്തിലെ പോരായ്മയും പാപമയത്വവും സമ്മതിക്കുന്ന വിശ്വാസികൾ മാത്രമേ പെന്തക്കൊസ്തിന്റെ പൂർണ്ണാനുഗ്രഹത്തെക്കുറിച്ചുള്ള പ്രസംഗം കൈക്കൊള്ളുകയുള്ളു. തങ്ങളുടെ ജീവിതത്തിൽ കുറവായിരിക്കുന്നത് കൂടുതലായ ആത്മാർത്ഥത, കൂടുതൽ ശുഷ്കാന്തി, കൂടുതൽ ബലം എന്നിവ മാത്രമാണെന്ന് ക്രിസ്ത്യാനികൾ സങ്കല്പിക്കുകയും ഇവ പ്രാപിച്ചാൽ തങ്ങൾ ആകേണ്ടതുപോലെയായി എന്ന് വിശ്വസിക്കുകയും ചെയ്യുന്ന കാലത്തോളം ഈ പൂർണ്ണ രക്ഷയുടെ പ്രസംഗം അവരിൽ നിഷ്ഫലമായിത്തീരുകയേ ചെയ്കയുള്ളൂ.**

പ്പുകൊടുത്തതിനെപ്പറ്റി ചിന്തിക്കുമ്പോൾ പത്രോസിന്റെ ഹൃദയത്തിലും ഇതേ ലക്ഷ്യം വ്യാപരിച്ചിരുന്നതായി നാം കാണുന്നില്ലേ? (അപ്പോ. പ്ര. 2:38). അതേ, ക്രിസ്തീയ ജീവിതത്തിലെ മഹോന്നതമായ ആവശ്യം പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും അതു പ്രാപിച്ചശേഷം അതിനെപ്പറ്റി ബോധമുള്ളതും അതിന് അനുയോജ്യവുമായ ഒരു ജീവിതം നയിക്കുകയുമത്രേ.

**4. വിശ്വാസകളെപരിശുദ്ധാത്മാനുഭവത്തിലേക്കു നയിക്കുവാൻ അവരുടെ ജീവിതത്തിലെ വലിയ കുറവ് അവർക്കു ചൂണ്ടിക്കാണിച്ചു കൊടുക്കേണ്ടത് ആവശ്യമാണ്.**

ദാഹമുള്ളവർ മാത്രമാണല്ലോ ആർത്തിയോടെ വെള്ളം കുടിക്കുന്നത്. തങ്ങളുടെ ആത്മീയാനുഭവത്തിലെ പോരായ്മയും പാപമയത്വവും സമ്മതിക്കുന്ന വിശ്വാസികൾ മാത്രമേ പെന്തക്കൊസ്തിന്റെ പൂർണ്ണാനുഗ്രഹത്തെക്കുറിച്ചുള്ള പ്രസംഗം കൈക്കൊള്ളുകയുള്ളു. തങ്ങളുടെ ജീവിതത്തിൽ കുറവായിരിക്കുന്നത് കൂടുതലായ ആത്മാർത്ഥത, കൂടുതൽ ശുഷ്കാന്തി, കൂടുതൽ ബലം എന്നിവ മാത്രമാണെന്ന് ക്രിസ്ത്യാനികൾ സങ്കല്പിക്കുകയും ഇവ പ്രാപിച്ചാൽ തങ്ങൾ ആകേണ്ടതുപോലെയായി എന്ന് വിശ്വസിക്കുകയും ചെയ്യുന്ന കാലത്തോളം ഈ പൂർണ്ണ രക്ഷയുടെ പ്രസംഗം അവരിൽ നിഷ്ഫലമായിത്തീരുകയേ ചെയ്കയുള്ളൂ. പരിശുദ്ധാത്മാവിനോട് തങ്ങൾ സ്വീകരിക്കേണ്ട ശരിയായ നിലപാടല്ല സ്വീകരിച്ചിരിക്കുന്നതെന്നും ആത്മാവിന്റെ പ്രാരംഭ സജ്ജീകരണ പ്രവൃത്തികൾ മാത്രമേ തങ്ങളിൽ നടന്നിട്ടുള്ളുവെന്നും അവന്റെ അധിവാസത്തിന്റെ മഹത്വം തങ്ങൾ ഇനിയും അറിഞ്ഞിട്ടില്ലെന്നും ഉള്ള സത്യം കണ്ടെത്തുമ്പോൾ മാത്രമേ കൂടുതൽ ഉന്നതമായ ഒന്നിലേക്കുള്ള വഴി അവർക്കു തുറന്നു കിട്ടുകയുള്ളു. ഈ കണ്ടെത്തലിനുവേണ്ടി ഓരോ വിശ്വാസിയുടെ മുമ്പിലും പരമാവധി മൂർച്ചയുള്ള ഭാഷയിലും വ്യക്തിപരമായ നിലയിലും ഈ ചോദ്യം ചോദിക്കേണ്ടതാവശ്യമാണ് :- "നീ വിശ്വസിച്ചിട്ട് പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?"

**5. ഈ അനുഗ്രഹം വിശ്വാസത്താൽ പ്രാപിക്കുവാൻ വിശ്വാസികൾക്ക് സഹായം ലഭിക്കേണ്ടത് ആവശ്യമത്രേ.**

അപ്പോസ്തലപ്രവൃത്തികളിൽ കൈവച്ചുള്ള പ്രാർത്ഥനയെപ്പറ്റിയും നാം കൂടുക്കൂടെ വായിക്കുന്നു. പൗലോസിന്റെ മാനസാന്തരം കർത്താവിന്റെ നേരിട്ടുള്ള ഇടപെടൽമൂലം സംഭവിച്ചതും തന്മൂലം അത്യന്തം ഫലപ്രദവുമായിരുന്നിട്ടും അദ്ദേഹത്തിനുപോലും അനന്യാസിന്റെ കൈവയ്പും പ്രാർത്ഥനയും മുഖാന്തരം പരിശുദ്ധാത്മാവനെ പ്രാപിക്കേണ്ടത് ആവശ്യമായിരുന്നു. (അപ്പോ. പ്ര. 9:17) സുവിശേഷത്തിനു ശുശ്രൂഷ ചെയ്യുന്നവരുടെയും പൊതുവേ വിശ്വാസികളുടെയും കാര്യത്തിൽ അവരെ മറ്റുള്ളവർക്കു വിശ്വാസവും ധൈര്യവും പകർന്നു കൊടുക്കുവാൻ പ്രാപ്തരാക്കുന്ന പരിശുദ്ധാത്മ ശക്തിയുടെ വ്യാപാരം ആവശ്യമാണെന്ന് ഇതു വ്യക്തമാക്കുന്നു. ബലഹീനരായിരിക്കുന്നവർ ഈ അനുഗ്രഹം സ്വായത്തമാക്കുന്നതിനുവേണ്ടി അവർക്കു സഹായം നൽകേണ്ടത് ആവശ്യമത്രേ. എന്നിരുന്നാലും ദൈവം മാത്രമാണ് പരിശുദ്ധാത്മദാനം നൽകുന്നത്. ആത്മാവിന്റെ ഓരോ പുതിയ പകർച്ചയും ഉയരത്തിൽ നിന്നത്രേ വരുന്നത്. ഈ അനുഗ്രഹം പകർന്നുകൊടുക്കുവാൻ ദൈവം ഉപയോഗിക്കുന്ന ആത്മീയശുശ്രൂഷകനും ഇതു പ്രാപിക്കുന്ന വിശ്വാസിയും നേരിട്ടുള്ള ദൃഢമായ കൂട്ടായ്മയിൽ ദൈവവുമായി സന്ധിക്കേണ്ടത് ആവശ്യം തന്നെ. എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽനിന്നു വരുന്നു. (യാക്കോബ് 1:17)

**6. ഈ അനുഗ്രഹത്തെപ്പറ്റിയുള്ള പ്രഖ്യാപനവും അതിന്റെ സ്വീകാരവും ക്രിസ്തീയ സമൂഹത്തെ ആദ്യകാല പെന്തക്കോസ്ത് ശക്തിയിലേക്ക് ഉയർത്തുന്നു.**

പെന്തക്കോസ്ത് ദിവസത്തിലുണ്ടായ അന്യഭാഷാഭാഷണവും പ്രവചനവും പരിശുദ്ധാത്മനിറവിന്റെ ഫലങ്ങളായിരുന്നു. (അപ്പോ. പ്ര. 2:4, 11) ഇരുപതുവർഷം കഴിഞ്ഞ് എഫേസോസിൽ ഇതേ അത്ഭുതസംഭവം തന്നെ ആവർത്തിച്ചു. ആത്മാവിന്റെ മഹത്വകരമായ ഇതരദാനങ്ങൾക്കുള്ള ദൃശ്യമായ അടയാളവും ഉറപ്പുമായി ഇതിനെ കരുതാം. (അപ്പോ. പ്ര. 19:6) ഇന്നും പരിശുദ്ധാത്മാവിനെ പ്രാപിക്കയും അവനാലുള്ള നിറവു പ്രാപിക്കയും ചെയ്യുന്നിടത്തൊക്കെയുംപെന്തക്കോസ്തൽ സമൂഹത്തിന്റെ അനുഗ്രഹനിറവുള്ള ജീവിതം അതിന്റെ ആദ്യാകാലശക്തിയിലേക്ക് ഉയർന്നു വരുന്നതായി കാണാൻ കഴിയും. നാം ജീവിക്കുന്ന ഈ കാലഘട്ടത്തിൽ കർത്താവിന്റെ സഭയിലെ ശക്തിയില്ലായ്മ ആളുകൾ അധികമധികം മനസ്സിലാക്കിക്കൊണ്ടിരിക്കുകയാണ്. കൃപാമാർഗ്ഗങ്ങൾ പലതുണ്ടെങ്കിലും വിശ്വാസികളിൽ ദൈവികരക്ഷയുടെ ബലപ്പെടുത്തുന്ന അനുഭവമോ പ്രസംഗത്തിലൂടെ മാനസാന്തരം വരുത്തുന്നതിനുള്ള ദൈവശക്തിയോ ലോകമയത്വം, അവിശ്വാസം, അനീതി എന്നിവയോടു പോരാടുന്നതിനുള്ള ആത്മബലമോ കാണുന്നില്ല. ദൈവവചനപ്രകാരം ഇവ ലഭിക്കുവാനാണല്ലോ നാം നോക്കിപ്പാർത്തുകൊണ്ടിരിക്കുന്നത്. ഹാ! ദൈവമക്കൾ ആഴമായ ഒരാവശ്യബോധത്താൽ പ്രേരിതരായി ദൈവവചനം ഉപദേശിച്ചു തരുന്ന ഈ വലിയ സത്യത്തിലേക്കു തങ്ങളെത്തന്നെ ആനയിക്കുമാറ് ആവശ്യബോധവും അസംതൃപ്തിയും അവർക്ക് രൂക്ഷമായിത്തീർന്നെങ്കിൽ!! ക്രിസ്തീയസഭയിൽ പെന്തക്കോസ്തിന്റെ പൂർണ്ണമായ അനുഗ്രവും അതിന്റെ മുഴുവൻ പ്രയോജനവും ലഭിക്കുവാനാവശ്യമായ വിശ്വാസം ഉദിക്കുമ്പോൾ മാത്രമേ അതിലെ അംഗങ്ങൾ ആദ്യകാലത്തെന്നപോലെ ശക്തി പ്രാപിക്കുകയും ആദ്യത്തെ പ്രവൃത്തി ചെയ്യുവാൻ കഴിവു നേടുകയും ചെയ്കയുള്ളു.

**7. സഭയുടെ ഏറ്റവും അടിയന്തരമായ ആവശ്യം ഈ അനുഗ്രഹത്തിനു സാക്ഷ്യം വഹിക്കുന്ന വ്യക്തികളാണ്.**

പത്രോസിനെയും പൗലോസിനെയും പോലുള്ള ഉപദേഷ്ടാക്കന്മാരുടെ കാര്യത്തിലായാലും ഫിലിപ്പോസിനെപ്പോലെയുള്ള ശുശ്രൂഷകന്മാരുടെ സംഗതിയിലായാലും അനന്യാസിനെപ്പോലെയുള്ള സാധാരണ വിശ്വാസികളുടെ കാര്യത്തിലായാലും നമ്മുടെ ഒന്നാമത്തെ ആവശ്യം ഇതു തന്നെ. യേശുക്രിസ്തുവിനെ പ്രസംഗിക്കുന്ന ആളുകൾ യോഹന്നാൻസ്നാപകൻ പ്രസംഗിച്ചതുപോലെ **പരിശുദ്ധാത്മാ**

**“നിങ്ങൾ വിശ്വസിച്ചിട്ട് പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?” ഓരോ വായനക്കാരനും ഹൃദയത്തെ ശോധന ചെയ്യുന്ന ഈ ചോദ്യത്തിനു സ്വയം കീഴടങ്ങട്ടെ. ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരാകുക, പെന്തക്കോസ്ത് നാളിലെ അനുഗ്രഹത്തിന്റെ സമ്പൂർണ്ണാനുഭവം പ്രാപിക്കുക -- ഇതത്രേ നമ്മെ സംബന്ധിച്ചുള്ള ദൈവഹിതം. ഈ ചോദ്യത്തിന്റെ വെളിച്ചത്തിൽ നമ്മുടെ ജീവിതത്തെയും പ്രവർത്തനത്തെയും നമുക്ക് സ്വയം പരിശോധിക്കാം. ഈ ചോദ്യത്തിന്റെ ഉത്തരം ദൈവത്തോട് നമുക്കേറ്റു പറയാം. പ്രിയപ്പെട്ട സഹോദരാ, നിന്റെ ജീവിതത്തിൽ ഇന്നും കുറവായിരിക്കുന്ന കാര്യം കർത്താവിന്റെ മുമ്പാകെ ഏറ്റുപറയുവാൻ നീ ഭയപ്പെടേണ്ടതില്ല.**

**വിൽ സ്നാനം കഴിപ്പിക്കുന്നവൻ** എന്ന് അവിടുത്തെപ്പറ്റി പ്രസംഗിക്കേണ്ടതാണ് ആവശ്യം. (മത്തായി 3:11) ആദ്യ ശിഷ്യന്മാർ തങ്ങളുടെ മുട്ടുകളിന്മേൽനിന്ന് പരിശുദ്ധാത്മസ്നാനം സ്വീകരിച്ചു. മറ്റുള്ളവർക്കുവേണ്ടിയും മുട്ടിന്മേൽ നിന്നു തന്നെ അവർ അതു സമ്പാദിച്ചു. ഇന്നു വീണ്ടും നാം മുട്ടിന്മേൽ നിന്ന് പെന്തക്കോസ്തിന്റെ പൂർണ്ണമായ അനുഗ്രഹം സ്വായത്തമാക്കണം. മുട്ടുകളിന്മേൽ — ഇതായിരിക്കട്ടെ ദൈവാനുഗ്രഹത്തിനായി കാത്തിരിക്കുന്ന നമ്മുടെ മനോഭാവം. നമ്മുടെ വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും ഒപ്പം തന്നെ.

“നിങ്ങൾ വിശ്വസിച്ചിട്ട് പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?” ഓരോ വായനക്കാരനും ഹൃദയത്തെ ശോധന ചെയ്യുന്ന ഈ ചോദ്യത്തിനു സ്വയം കീഴടങ്ങട്ടെ. ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരാകുക, പെന്തക്കോസ്ത് നാളിലെ അനുഗ്രഹത്തിന്റെ സമ്പൂർണ്ണാനുഭവം പ്രാപിക്കുക — ഇതത്രേ നമ്മെ സംബന്ധിച്ചുള്ള ദൈവഹിതം. ഈ ചോദ്യത്തിന്റെ വെളിച്ചത്തിൽ നമ്മുടെ ജീവിതത്തെയും പ്രവർത്തനത്തെയും നമുക്ക് സ്വയം പരിശോധിക്കാം. ഈ ചോദ്യത്തിന്റെ ഉത്തരം ദൈവത്തോട് നമുക്കേറ്റു പറയാം. പ്രിയപ്പെട്ട സഹോദരാ, നിന്റെ ജീവിതത്തിൽ ഇന്നും കുറവായിരിക്കുന്ന കാര്യം കർത്താവിന്റെ മുമ്പാകെ ഏറ്റുപറയുവാൻ നീ ഭയപ്പെടേണ്ടതില്ല. ഈ അനുഗ്രഹം എന്താണെന്നും അത് എപ്രകാരം ലഭിക്കുമെന്നുമുള്ള കാര്യം നീ പൂർണ്ണമായി മനസ്സിലാക്കുന്നില്ലെങ്കിൽത്തന്നെയും പിന്മാറാതിരിക്കുക. ആദിമ ശിഷ്യന്മാർ എല്ലാം മനസ്സിലാക്കിയവരായിരുന്നില്ല. എങ്കിലും അവർ കർത്താവിനെ വിളിച്ചപേക്ഷിക്കുകയും പ്രാർത്ഥനയോടും അഭയയാചനയോടും കൂടി അതിനായി കാത്തിരിക്കുകയും ചെയ്തു. നിന്റെ ജീവിതത്തിൽ കുറവായിരിക്കുന്നതെന്താണെന്നും ദൈവം വാഗ്ദാനം ചെയ്തിട്ടുള്ളത് എന്താണെന്നുമുള്ള ആഴമായ ബോധത്താലും ഏറ്റവും വിലപ്പെട്ട ഈ മുത്തു കൈവശമാക്കുവാൻ വേണ്ടി മറ്റെല്ലാം ത്യജിക്കുവാനുള്ള സന്നദ്ധതയാലും നിന്റെ ഹൃദയം നിറയട്ടെ. അതോടൊപ്പം തന്നെ യരൂശലേമിലും (അപ്പോ. പ്ര. 2:4) ശമര്യയിലും (അപ്പോ 8:17) കൈസര്യയിലും (അപ്പോ. 10:44–46) എഫേസോസിലും (അപ്പോ. 19:6) നടന്ന അദ്ഭുതം ഇന്ന് ഒരിക്കൽക്കൂടി ആവർത്തിക്കുമെന്ന ഉറപ്പിൽ നിന്റെ ഹൃദയം വിശ്രമിക്കട്ടെ. അപ്പോൾ നാം പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരായിത്തീരും.





പുതിയനിയമദാസന്മാരും പുതിയനിയമസഭകളും – 2

# യഥാർത്ഥദൈവസഭയുടെ പ്രത്യേകതകൾ

**സാക്പുന്നൻ**

**പു**തിയനിയമവേലക്കാരെക്കുറിച്ചും, പുതിയനിയമസഭകളെക്കുറിച്ചും പറയുമ്പോൾ നാം ദൈവസാന്നിധ്യമുള്ള യഥാർത്ഥദൈവസഭയുടെ പ്രത്യേകത മനസ്സിലാക്കിയിരിക്കണം. അനന്യാസും സഫീറയും (അപ്ര. 5) ദൈവത്തിന്റെ സാന്നിദ്ധ്യം അഗ്നി പോലെ കത്തുന്ന ശക്തമായ പുതിയ ഉടമ്പടി സഭയിൽ ചേർന്നപ്പോൾ വലിയ ഗൗരവമായ ഒരു തെറ്റാണ് അവർ ചെയ്തത്. കൊരിന്ത്യയിലെ സഭയിൽ (വർഷങ്ങൾക്കുശേഷമുള്ള) ചേർന്നിരുന്നെങ്കിൽ അവർക്ക് ദീർഘകാലം ജീവിക്കാമായിരുന്നു. അനന്യാസ് അവിടെ ഒരു മൂപ്പൻ പോലും ആകുമായിരുന്നു - എന്തുകൊണ്ടെന്നാൽ കൊരിന്ത്യയിലെ സഭ ജഡികവും ചത്തതുമായ സഭയായിരുന്നു. എന്നാൽ യെരുശലേമിലെ അഗ്നിജ്വലിക്കുന്ന പുതിയ ഉടമ്പടി സഭയിൽ ഈ ദമ്പതികൾക്ക് അതിജീവിക്കുവാൻ അസാധ്യമായി. ദൈവം അവരെ തുറന്നുകാണിക്കുകയും നീക്കിക്കളയുകയും ചെയ്തു.

നമ്മുടെ ഭവനത്തിലോ ജോലിസ്ഥലത്തോ ദൈവത്തിന് അപമാനം വരുത്തുന്ന എന്തെങ്കിലും നമ്മുടെ ജീവിതത്തിൽ ഉണ്ടായിരിക്കുകയും നാം ഒരു യഥാർത്ഥ പുതിയ ഉടമ്പടി സഭയുടെ അംഗമായി തുടരുകയും ചെയ്യുന്നെങ്കിൽ നാം വലിയ അപകടത്തിലാണ്. നിങ്ങളുടെ ജീവിതത്തിന്റെ അടിസ്ഥാനലക്ഷ്യം ദൈവത്തിന്റെ മഹത്വം അന്വേഷിക്കുന്നതല്ല, മറിച്ച് നിങ്ങളുടെയും നിങ്ങളുടെ കുടുംബത്തിന്റെയും മഹത്വമാണെങ്കിൽ ദൈവസാന്നിദ്ധ്യം ശക്തിയോടെയുള്ളതും ദൈവവചനം ശക്തിയോടെ പ്രഘോഷിക്കുന്നതുമായ പുതിയ ഉടമ്പടിസഭ വിട്ടു പോകുന്നതായിരിക്കും നിങ്ങൾക്കു നല്ലത്. കുറഞ്ഞപക്ഷം അനന്യാസിനെയും സഫീറയെയും പോലെ ആകാതെ നിങ്ങൾക്ക് അവിടെ ദീർഘകാലം ജീവിക്കുവാൻ കഴിയും.

തങ്ങളെത്തന്നെ പുതിയ ‘നിയമസഭ’ എന്നു വിളിക്കുന്ന അനേക സഭകൾ ഇന്നുണ്ട്. എന്നാൽ അവ വാസ്തവത്തിൽ ചത്തവയാണ്! പേരിൽ അർത്ഥമൊന്നുമില്ല. പരീശന്മാർക്കും കപടനാട്യക്കാർക്കും സുഖമായി അവിടെ ജീവിക്കാമോ അതോ അവർ തുറന്നു കാട്ടപ്പെടുന്നതിനാൽ പിണങ്ങി സഭ വിട്ടുപോകുന്നുണ്ടോ എന്നുള്ളതാണ് പ്രസക്തമായ ചോദ്യം. ഒരു പുതിയ ഉടമ്പടി സഭയിൽ വചനപ്രസംഗം മൂലം അനേകർ പിണങ്ങി സഭ വിട്ടു പോകും. യെരുശലേമിലെ സഭയെപ്പറ്റി എഴുതിയിരിക്കുന്നു. ‘അനേകർ അവരോടു ചേരുവാൻ ധൈര്യപ്പെട്ടില്ല’ (അപ്പോ 5:13)

യേശുവിനു ശിഷ്യന്മാരെ ഉണ്ടാക്കുക എന്നതിലധികം അംഗസംഖ്യ വർദ്ധിപ്പിക്കുന്നതാണ് നമ്മുടെ ആഗ്രഹം എങ്കിൽ നാം പരീശന്മാരെയും കപടനാട്യക്കാരെയും സഭയിൽ ശേഖരിക്കുകയാണ് ചെയ്യുന്നത്. യേശുവിന്റെ സാന്നിദ്ധ്യം ശക്തമായി സഭയിൽ ഉള്ളപ്പോൾ അവി

*ശേഷം പേജ് 27 ൽ*

തിരുവെഴുത്തുകളെ പരിശോധിക്കുക



# ബൈബിളിലൂടെ...


## യോഹന്നാന്റെ സുവിശേഷം

### അധ്യായം 9

യേശു പറഞ്ഞു: പകലുള്ളേടത്തോളം എന്നെ അയച്ചവന്റെ പ്രവൃത്തികൾ ചെയ്യേണ്ടതാകുന്നു. ആർക്കും പ്രവർത്തിച്ചു കൂടാത്ത രാത്രി വരുന്നു (9:4). ഇൻഡ്യയിൽ ജീവിക്കുന്ന നമ്മെ സംബന്ധിച്ചു വളരെ പ്രാധാന്യമുള്ള ഒരു പ്രസ്താവമത്രേ ഇത്. സുവിശേഷം പ്രസംഗിക്കുവാനും ശിഷ്യന്മാരെ ഉണ്ടാക്കുവാനും ലഭിക്കുന്ന ഓരോ സന്ദർഭവും നാം ശ്രദ്ധയോടെ വിനിയോഗിക്കണം. നമുക്കു പ്രവർത്തിക്കുവാൻ കഴിയാത്ത രാത്രി വന്നുകൊണ്ടിരിക്കുന്നു. തുടർന്ന് ആ പ്രവൃത്തി എന്താണെന്നു യേശു പറയുന്നു. ലോകത്തിൽ ഇരിക്കുന്നേടത്തോളം താൻ ലോകത്തിന്റെ വെളിച്ചമാകുന്നു (9:5). എന്നാൽ യേശു ഈ ലോകം വിട്ടു പോയിക്കഴിയുമ്പോൾ നാം ലോകത്തിന്റെ വെളിച്ചമായിരിക്കുക(മത്താ. 5:14). ഇതത്രേ നമ്മുടെ ദൗത്യം - വെളിച്ചമെന്തെന്ന് (യേശുവിന്റെ ജീവൻ) ലോകത്തിനു വെളിപ്പെടുത്തുക.

### അധ്യായം 10

യോഹന്നാൻ 10:9-ൽ യേശു പറഞ്ഞു: 'ഞാൻ വാതിലാകുന്നു. എന്നിലൂടെ പ്രവേശിക്കുന്നവൻ രക്ഷപ്രാപിക്കും. അവൻ അകത്തു വരികയും പുറത്തു പോകയും മേച്ചൽ കണ്ടെത്തുകയും ചെയ്യുന്നു.' വാതിലിലൂടെ പ്രവേശിച്ചു രക്ഷപ്രാപിക്കുന്ന ഒരുവൻ എന്താണു ചെയ്യേണ്ടത്?








ദൈവസാന്നിദ്ധ്യത്തിലേക്കു വരികയും പുറത്തു പോയി ശുശ്രൂഷിക്കയും ചെയ്യുക.വീണ്ടും ദൈവസാന്നിദ്ധ്യത്തിലേക്കു വരികയും പുറത്തുപോയി ശുശ്രൂഷിക്കയും ചെയ്യുക-ഇതാണ് സന്തുലിതമായ ക്രിസ്തീയ ജീവിതം. അതിന്നർത്ഥം നാം ദൈവസാന്നിദ്ധ്യം നഷ്ടപ്പെടുത്തിയവരാണ് എന്നല്ല. ദൈവസാന്നിദ്ധ്യം അന്വേഷിക്കാതെ നേരെ നാം പുറത്തേക്ക് പോകുവാൻ പാടില്ല എന്നത്രേ. അല്ലെങ്കിൽ നാം ഒറ്റക്കാലിൽ നടക്കുന്ന അനുഭവത്തിലായിരിക്കും. സന്തുലിതാവസ്ഥയുള്ള ഒരു ക്രിസ്ത്യാനി രണ്ടു കാലുമുള്ള ഒരുവനെപ്പോലെയാണ്. അവൻ ദൈവത്തെ ആരാധിക്കുന്നു. തുടർന്ന് ശുശ്രൂഷിക്കുന്നു. മത്തായി 4:10 കൂടെ കാണുക.

10:28, 29-ൽ രക്ഷയുടെ ഭദ്രത പഠിപ്പിക്കുന്നവർ തെറ്റായി ഉദ്ധരിക്കുന്ന ഒരു വേദഭാഗം നമുക്കു കാണാം. അവിടെ യേശു പറയുന്നു: "ഞാൻ അവയ്ക്കു നിത്യജീവൻ കൊടുക്കുന്നു. അവ ഒരു നാളും നശിച്ചു പോകയില്ല. ആരും അവയെ എന്റെ കയ്യിൽ നിന്നും പിടിച്ചു പറിക്കയും ഇല്ല. അവയെ തന്നിരിക്കുന്ന എന്റെ പിതാവ് എല്ലാവരിലും വലിയവൻ. പിതാവിന്റെ കയ്യിൽ നിന്നു പിടിച്ചു പറിക്കുവാൻ ആർക്കും കഴികയില്ല." പൂർണ്ണഭദ്രമായ രക്ഷയുടെ മനോഹരമായ ഒരു ചിത്രമാണത്. പൂർണ്ണഹൃദയത്തോടെ ഞാനതു വിശ്വസിക്കുന്നു. എന്നാൽ 28-ാം വാക്യം തുടങ്ങുന്നത് എങ്ങനെയെന്നു ശ്രദ്ധിക്കുക. തൊട്ടുമുമ്പിലുള്ള വാക്യങ്ങളുമായുള്ള ബന്ധത്തിലാണവ. അവിടെ ആർക്കാണ് താൻ നിത്യമായ ഈ രക്ഷ ഭദ്രമാക്കുന്നത് എന്നു പറയുന്നു. അത് ഒരു വിശ്വാസി എന്നു പേർ പറയുന്ന എല്ലാവർക്കുമുള്ളതല്ല. "എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു. ഞാൻ അവയെ അറികയും അവ എന്നെ അനുഗമിക്കയും ചെയ്യുന്നു. ഞാൻ അവയ്ക്കു നിത്യജീവൻ കൊടുക്കുന്നു." ഞാൻ പൂർണ്ണഹൃദയത്തോടെ ഈ വാക്യങ്ങളിലുള്ള രക്ഷയുടെ നിത്യഭദ്രതയുടെ വാഗ്ദാനം വിശ്വസിക്കുന്നു. എന്നാൽ യേശുവിനെ ശ്രദ്ധിക്കാതെയും അനുഗമിക്കാതെയുമിരിക്കുന്നവരുടെ കാര്യം എങ്ങനെയാണ്? തീർച്ചയായും അവർക്കും രക്ഷ ഭദ്രമായിരിക്കില്ല. വാക്യങ്ങൾ ഭാഗികമായി ഉദ്ധരിച്ചുകൊണ്ടും വിഷയത്തിൽ നിന്നും വാക്യഭാഗങ്ങളെയോ വാക്യങ്ങളെയോ അടർത്തിമാറ്റി ഉദ്ധരിച്ചു കൊണ്ടും ക്രിസ്ത്യാനികൾ എങ്ങനെയാണ് തെറ്റായ ഉപദേശങ്ങളുണ്ടാക്കുന്നത് എന്നതിന് ഉത്തമോദാഹരണമാണിത്. പിതാവിന്റെ കയ്യിൽ നിന്നും നമ്മെ ആർക്കും പിടിച്ചു പറിക്കാൻ കഴിയുകയില്ല എന്നുള്ളത് ഒരു സത്യമാണ്. എന്നാൽ പിതാവിന്റെ കയ്യിൽ നിന്നു നമുക്കു ചാടിപ്പോകാൻ കഴിയും. യേശുവിനെ അനുഗമിക്കാനോ സ്വർഗ്ഗത്തിലേക്കു പോകുവാനോ ദൈവം ആരെയും നിർബ്ബന്ധിക്കുന്നില്ല.

### അധ്യായം 11

11-ാം അദ്ധ്യായത്തിൽ നാം ബെഥാന്യയിലെ ലാസറിനെക്കുറിച്ചു വായിക്കുന്നു. ലാസർ ദീനമായിക്കിടക്കുന്നു എന്ന് കേട്ടിട്ടും യേശു ബെഥാന്യയിലേക്കു പോയില്ല. ലാസർ മരിച്ച് നാലു ദിവസം കഴിഞ്ഞാണ് യേശു അവിടെ എത്തിയത്. ദൈവത്തിന്റെ വഴികൾ നമ്മുടെ വഴികളല്ല. പിതാവിനോടു സമർപ്പിതമായ അനുസരണയിൽ ആയിരുന്ന യേശു തന്റെ ആത്മാവിൽ പൂർണ്ണ സ്വാതന്ത്ര്യം ലഭിക്കാതെ ഒരിക്കലും ഒരു കാര്യത്തിലും ഇടപെടാൻ പോയിരുന്നില്ല. ഈ അത്ഭുതവും ഒരു അടയാളം തന്നെയാണ്. എന്താണിവിടുത്തെ ആത്മീയ പാഠം? നാം ശൂന്യാവസ്ഥയിലെത്താതെ ദൈവം ഒരിക്കലും നമ്മെ നിറയ്ക്കുന്നില്ല. രോഗിയായ ഒരു മനുഷ്യനു തന്റെ അല്പ ശക്തിയിൽ ചിലതൊക്കെ ചെയ്യാൻ കഴിയും.അതുകൊണ്ടു ലാസർ ഒരു ചെറുചലനം

**നമ്മിൽ ചിലരൊക്കെ ദൈവത്തിനു സഹായിക്കാൻ വരാൻ കഴിയാതെവണ്ണം ശക്തരാണ്. അവിടുന്നു കാത്തിരിക്കുന്നു. നിങ്ങൾ ഒരുപക്ഷേ സഹായം ചോദിക്കുന്നുണ്ടാകാം. ദൈവത്തിനു സഹായിക്കാൻ താത്പര്യവുണ്ട്. പക്ഷേ ഇപ്പോഴല്ല, ഇപ്പോൾ നിങ്ങൾ ശക്തരാണ്. പൗലൊസ് പറഞ്ഞു:'ഞാൻ ബലഹീനനായിരിക്കുമ്പോൾ ഞാൻ ശക്തനാണ്.' നമ്മുടെ കഴിവുകളിലുള്ള ആശ്രയം തീർത്തും ഇല്ലാതാകേണ്ടതുണ്ട്.**

പോലുമില്ലാത്ത മരണാവസ്ഥയിലെത്തും വരെ കാത്തു. അപ്പോൾ യേശു വന്നു. നമ്മിൽ ചിലരൊക്കെ ദൈവത്തിനു സഹായിക്കാൻ വരാൻ കഴിയാതെവണ്ണം ശക്തരാണ്. അവിടുന്നു കാത്തിരിക്കുന്നു. നിങ്ങൾ ഒരുപക്ഷേ സഹായം ചോദിക്കുന്നുണ്ടാകാം. ദൈവത്തിനു സഹായിക്കാൻ താത്പര്യവുണ്ട്. പക്ഷേ ഇപ്പോഴല്ല, ഇപ്പോൾ നിങ്ങൾ ശക്തരാണ്. പൗലൊസ് പറഞ്ഞു:'ഞാൻ ബലഹീനനായിരിക്കുമ്പോൾ ഞാൻ ശക്തനാണ്.' നമ്മുടെ കഴിവുകളിലുള്ള ആശ്രയം തീർത്തും ഇല്ലാതാകേണ്ടതുണ്ട്. നിങ്ങൾക്കു ബൈബിൾ മനസ്സിലാക്കണമെന്നാഗ്രഹമുണ്ടോ? ആത്മീയ കാര്യങ്ങളിൽ നിങ്ങളൊരു പാപ്പരാണെന്നു തിരിച്ചറിഞ്ഞ് അംഗീകരിക്കുക.ആത്മീയ ശക്തി ആവശ്യമുണ്ടോ? തിരിച്ചറിയുക. അംഗീകരിക്കുക.

എന്തുകൊണ്ടാണു നമുക്കു പെട്ടെന്നു കോപം ഉണ്ടാകുന്നത്? നാം ബലഹീനരായതുകൊണ്ടാണെന്നു നാം കരുതുന്നുണ്ടാകാം. എന്നാൽ നാം ശക്തരായതുകൊണ്ടാണ്. നാം ബലഹീനരെങ്കിൽ ഒരിക്കലും കോപിക്കില്ല. രോഗിയായ ഒരു മനുഷ്യനെ ആശുപത്രിയിലേക്കു കൊണ്ടുപോകുന്ന സാഹചര്യം ചിന്തിക്കുക. ആദ്യം ദിവസം അയാൾ കോപിക്കയും നഴ്സുമാരെക്കുറിച്ചും ഡോക്ടർമാരെക്കുറിച്ചും ഭക്ഷണത്തെക്കുറിച്ചും പരാതിപറകയും ചെയ്തെന്നു വരാം. രണ്ടാം ദിവസം അയാളുടെ രോഗം അല്പംകൂടി മൂർച്ഛിക്കയും ശബ്ദം നേർക്കുകയും ഒച്ച വയ്ക്കുവാൻ ശക്തിയില്ലാതാവുകയും ചെയ്യുന്നു. ഒരാഴ്ചയ്ക്കുശേഷം വായിലും മൂക്കിലും ഞരമ്പിലും ഒക്കെ ട്യൂബിട്ട് ഗുരുതരാവസ്ഥയിൽ എപ്പോഴെങ്കിലും മാത്രം ക്ഷോഭിക്കാൻ കഴിയുന്ന അവസ്ഥയിലാകുന്നു. ഒടുവിൽ തികച്ചും ബലഹീനനായി കോപിക്കാൻ ഒട്ടുമേ ശക്തിയില്ലാതാകുന്നു. ശക്തനായിരിക്കുമ്പോൾ അയാൾ ഒച്ചവച്ചിരുന്നു. ബലഹീനനായപ്പോൾ ഒച്ചവയ്ക്കാൻ കഴിവില്ലാതായി. ഇതുതന്നെയാണ് ലാസറിന്റെ സംഭവത്തിൽ നിന്നു നമുക്കു പഠിക്കാനുള്ള പാഠം.

ഏറ്റവും എളുപ്പമുള്ള കാര്യമാണ് ബെഥന്യയിലെ ആളുകളോടു ചെയ്വാൻ കർത്താവു കല്പിച്ചത് - കല്ലുരുട്ടി മാറ്റുക.തുടർന്ന് പ്രയാസമേറിയ കാര്യം കർത്താവു ചെയ്തു - ലാസറിനെ ഉയിർപ്പിക്കുക. തുടർന്നും എളുപ്പമുള്ള ചിലകാര്യങ്ങൾ കൂടി ആളുകളെ ഏല്പിച്ചു. ശവക്കച്ച അഴിച്ചുമാറ്റി അവനെ സ്വതന്ത്രനാക്കുക. പുതിയ ഉടമ്പടി എന്നാൽ കർത്താവും തന്റെ ജനവും തമ്മിലുള്ള ഒരു പങ്കാളിത്തമാണ്. തന്റെ നുകത്തിൻ കീഴിൽ നാം കൂട്ടിയിണയ്ക്കപ്പെടുകയും ഒരുമിച്ചു പ്രവർത്തിക്കുകയും ചെയ്യുക. എളുപ്പമുള്ള ഭാഗം നാമും പ്രയാസമുള്ള ഭാഗം കർത്താവും ചെയ്യുക. ഇതാണു ഫലപ്രദമായ ശുശ്രൂഷയുടെ രഹസ്യം.

**അധ്യായം 12**

യോഹന്നാൽ 12: 24 -26ൽ ഫലസമൃദ്ധിയുടെ രഹസ്യം കണ്ടെത്തുന്നു. ഒരു ഗോതമ്പു മണി നിലത്തു വീണു ചത്ത് അഴിയുമ്പോലെ നാമും നിലത്തു വീണു ചാവുക. അതു ചാകുന്നില്ല എങ്കിൽ





അതു തനിയെ ഇരിക്കും. ചത്തു എങ്കിലോ വളരെ വിളവുണ്ടാകും. ഇക്കാര്യത്തിൽ യേശു സ്വയം നമുക്ക് ഒരു മാതൃകയായിത്തീർന്നിരിക്കുന്നു. ക്രൈസ്തവ ലോകത്തിൽ ഇന്നു വിരളമായി മാത്രം കേൾക്കപ്പെടുന്ന ക്രൂശിന്റെ വഴി ഇതാണ്. എല്ലാ ദിവസവും നമ്മുടെ ക്രൂശ് എടുത്തുകൊണ്ട് ഈ വഴി മറ്റുള്ളവരോടു പ്രസ്താവിക്കണം. - നമ്മുടെ സൽപ്പേരും, മാന്യതയും, ഇഷ്ടങ്ങളുമൊക്കെ ക്രൂശിൽ വച്ചുകൊണ്ട്. ഇതുതന്നെ പാപത്തെ ജയിക്കുവാനുള്ള വഴിയും. മരിച്ച ആളുകൾക്കു പാപം ചെയ്വാൻ സാദ്ധ്യമല്ല. നിങ്ങൾ മരിച്ച ഒരാളിനെ ദേഹോപദ്രവം ചെയ്താലോ അസഭ്യം പറഞ്ഞാലോ അയാൾ പ്രതികരിക്കയില്ല. അയാളെ പുകഴ്ത്തിയാലും അയാൾ പ്രതികരിക്കില്ല. നാം ഇപ്രകാരം ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു....'നിങ്ങളെത്തന്നെ മരിച്ചവരെന്ന് എണ്ണുവിൻ..' (റോമ 6:11). തികച്ചും അനുഗൃഹീതമായ ഒരവസ്ഥയത്രേ ഇത്. ആളുകളുടെ പുകഴ്ചയോ വിമർശനമോ സ്വാധീനിക്കാത്ത ഒരവസ്ഥ. കാരണം നാം ലോകത്തിനു മരിച്ചു ദൈവത്തിനു ജീവിക്കുന്നു.

ബൈബിൾ പരിജ്ഞാനം നല്ലതുതന്നെ എങ്കിലും അതു ഫലം ഉത്പാദിപ്പിക്കുവാൻ പര്യാപ്തമല്ല. സാത്താനും വേദപരിജ്ഞാനമുണ്ട്. ബൈബിൾ പരിജ്ഞാനത്തോടൊപ്പം പരിശുദ്ധാത്മ നിറവും കൂടിയുണ്ടെങ്കിൽ കുറച്ചുകൂടി നല്ലതാണ്. അതിനും വളരെ ഫലം ഉല്പാദിപ്പിക്കാൻ കഴിയില്ല. മഴ പെയ്യുന്നതു നല്ലതാണെങ്കിലും മഴ കൊണ്ടു വിളവുണ്ടാകുന്നില്ല. മണ്ണിൽ വിത്തു വീണ് അതു ചാകണം. സുവിശേഷങ്ങളിൽ യേശു അധികം പ്രാവശ്യം ആവർത്തിച്ചുപറഞ്ഞ ഒരു സത്യമത്രേ ഇത്. സുവിശേഷങ്ങളിൽ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഇത് ഏഴു പ്രാവശ്യം ആവർത്തിച്ചു പറഞ്ഞിരിക്കുന്നു. "സ്വന്തം ജീവനെ സ്നേഹിക്കുന്നവൻ അതിനെ നഷ്ടമാക്കും. സ്വന്തം ജീവനെ ഈ ലോകത്തിൽ പകയ്ക്കുന്നവൻ അതിനെ നിത്യജീവനായി സൂക്ഷിക്കും." (12:25). നിങ്ങൾ നിങ്ങളുടെ ഭൗതിക ജീവനെ, സൽപ്പേരിനെ, മാന്യതയെ, ലക്ഷ്യത്തെ ഒക്കെ സംരക്ഷിക്കുന്നു എങ്കിൽ ഒടുവിൽ നിങ്ങൾ അസംതൃപ്തനും നിരാശനും ഒക്കെയായിത്തീരും. കർത്താവിനും സുവിശേഷത്തിനും വേണ്ടി അതു നഷ്ടമാക്കാൻ തയ്യാറായാൽ ഭൗമിക ജീവിതാന്ത്യത്തിൽ നിത്യമായ ഫലങ്ങൾ നിങ്ങളെ കാത്തിരിക്കുന്നതു നിങ്ങൾ കണ്ടെത്തും.

**ബൈബിൾ പരിജ്ഞാനം നല്ലതു തന്നെ എങ്കിലും അതു ഫലം ഉത്പാദിപ്പിക്കുവാൻ പര്യാപ്തമല്ല. സാത്താനും വേദപരിജ്ഞാനമുണ്ട്. ബൈബിൾ പരിജ്ഞാനത്തോടൊപ്പം പരിശുദ്ധാത്മ നിറവും കൂടിയുണ്ടെങ്കിൽ കുറച്ചുകൂടി നല്ലതാണ്. അതിനും വളരെ ഫലം ഉല്പാദിപ്പിക്കാൻ കഴിയില്ല. മഴ പെയ്യുന്നതു നല്ലതാണെങ്കിലും മഴ കൊണ്ടു വിളവുണ്ടാകുന്നില്ല. മണ്ണിൽ വിത്തു വീണ് അതു ചാകണം. സുവിശേഷങ്ങളിൽ യേശു അധികം പ്രാവശ്യം ആവർത്തിച്ചുപറഞ്ഞ ഒരു സത്യമത്രേ ഇത്.**

12:42, 43-ൽ എന്തുകൊണ്ടാണ് മിക്ക ആളുകളും ദൈവത്തിനുവേണ്ടി നിലകൊള്ളാതെയും അവിടുത്തെ മുഴുവൻ ആലോചനയും പ്രസ്താവിക്കാതിരിക്കയും ചെയ്യുന്നത്? ഇതിന്റെ കാരണം നാം വായിക്കുന്നു: "പ്രമാണികളിൽത്തന്നെ അനേകരും അവനിൽ വിശ്വസിച്ചു. പള്ളി ഭ്രഷ്ടർ ആകാതിരിപ്പാന്തക്കവണ്ണം പരീശന്മാർ നിമിത്തം ഏറ്റുപറഞ്ഞില്ല. അവർ ദൈവത്താലുള്ള മാനത്തേക്കാളധികം മനുഷ്യരാലുള്ള മാനത്തെ സ്നേഹിച്ചു."

**നമ്മെ സ്നേഹിക്കാത്തവരെ, വിമർശിക്കുന്നവരെ, നമ്മെ പുകഴ്ത്തുകയോ സമ്മാനങ്ങൾ നൽകുകയോ ചെയ്യാത്തവരെ സ്നേഹിക്കാൻ നാം പഠിക്കേണ്ടിയിരിക്കുന്നു. ദൈവസ്നേഹം നമ്മിലുണ്ടോ എന്ന് അപ്പോൾ മാത്രമേ അറിയുവാൻ നമുക്കു കഴിയൂ. മാനുഷിക സ്നേഹം മറ്റുള്ളവരിൽ നിന്നുള്ള പ്രതികരണത്തെ ആശ്രയിച്ചിരിക്കുന്നു. എന്നാൽ ദൈവസ്നേഹം മറ്റുള്ളവരിൽ നിന്നുള്ള പ്രതികരണത്തിൽ നിന്നല്ല ഉണ്ടാകുന്നത്. അതു തികച്ചും സമാനതകളില്ലാത്തതാണ്. നിസ്തുലമാണ്.**

**അധ്യായം 13**

യോഹന്നാൻ 13:5-ൽ യേശു തന്റെ ജീവിതാന്ത്യമായി എന്നറിഞ്ഞ് ശിഷ്യന്മാരുടെ കാൽക്കൽ ഇരുന്ന് അവരുടെ പാദങ്ങൾ കഴുകുന്നതു നാം കാണുന്നു. അതു നമുക്കു പിൻപറ്റാൻ നല്ലൊരു മാതൃകയാണ്.ഇത്തരം മാതൃകകൾ ക്രിസ്തീയ ലോകത്ത് ഇന്നു നമുക്ക് അധികം കാണാൻ കഴിയുന്നില്ല. മിക്ക ക്രൈസ്തവ നേതാക്കന്മാരും അനുയായികളുടെ തലയിലിരിക്കാനാഗ്രഹിക്കുന്നവരാണ്, കാൽക്കലല്ല!

13:7-ൽ നാം ഒരു ആശ്വാസവചനം കണ്ടെത്തുന്നു. എന്തുകൊണ്ടാണു ദൈവം നമ്മെ പ്രയാസകരമായ സാഹചര്യങ്ങളിലൂടെ കടന്നുപോകാൻ അനുവദിക്കുന്നതെന്നു നമുക്കു മനസ്സിലാക്കാൻ കഴിയാത്ത സന്ദർഭങ്ങളിൽ ഈ വചനം ആശ്വാസം നൽകും. കർത്താവും നമ്മോളു പറയുന്നു: "ഞാൻ ചെയ്യുന്നത് ഇപ്പോൾ നീ അറിയുന്നില്ല. പിന്നെ നീ അറിയും."

എന്താണു ദൈവജനത്തെ തിരിച്ചറിയുവാനുള്ള അടയാളം? അതു ബൈബിളുമായി നടക്കുന്നതോ അന്യഭാഷയിൽ സംസാരിക്കുന്നതോ കൂടി വരുന്ന ആലയത്തിന്റെ മുകളിലോ ഭിത്തിയിലോ കുരിശടയാളം വയ്ക്കുന്നതോ അല്ല. അതു സ്നേഹമാണ്. യേശു പറഞ്ഞു: "നിങ്ങൾ പരസ്പരം സ്നേഹിക്കുമ്പോൾ നിങ്ങൾ എന്റെ ശിഷ്യന്മാരെന്നു സകല മനുഷ്യരും അറിയും." (13:34, 35) നിങ്ങൾ സ്നേഹിക്കുന്നില്ലെങ്കിൽ യേശു നൽകിയ ഒരേ ഒരു പുതിയ കല്പന നിങ്ങൾ അനുസരിക്കുന്നവരല്ല. ഞാൻ പറയുന്നതു നിങ്ങളുടെ കൂട്ടായ്മയിലുള്ള, നിങ്ങൾ സംസാരിക്കുന്ന അതേ കാര്യങ്ങൾ സംസാരിക്കുന്ന, നിങ്ങളോട് എല്ലാതരത്തിലും യോജിക്കുന്ന, വിശ്വാസികളെ സ്നേഹിക്കുന്ന കാര്യമല്ല. അതു വളരെ എളുപ്പമാണ്. വീണ്ടും ജനിച്ചതെങ്കിലും മറ്റൊരു വിഭാഗത്തിൽ നിന്നു വരുന്ന, മറ്റൊരു ശുശ്രൂഷ ചെയ്യുന്ന, ഉപദേശകാര്യങ്ങളിൽ നിങ്ങളുമായി യോജിക്കാത്ത ഒരു വ്യക്തിയെ സ്നേഹിക്കേണ്ടി വരുമ്പോൾ നിങ്ങളുടെ സ്നേഹം ശോധന ചെയ്യപ്പെടും. നമ്മെ സ്നേഹിക്കാത്തവരെ, വിമർശിക്കുന്നവരെ, നമ്മെ പുകഴ്ത്തുകയോ സമ്മാനങ്ങൾ നൽകുകയോ ചെയ്യാത്തവരെ സ്നേഹിക്കാൻ നാം പഠിക്കേണ്ടിയിരിക്കുന്നു. ദൈവസ്നേഹം നമ്മിലുണ്ടോ എന്ന് അപ്പോൾ മാത്രമേ അറിയുവാൻ നമുക്കു കഴിയൂ. മാനുഷിക സ്നേഹം മറ്റുള്ളവരിൽ നിന്നുള്ള പ്രതികരണത്തെ ആശ്രയിച്ചിരിക്കുന്നു. എന്നാൽ ദൈവസ്നേഹം മറ്റുള്ളവരിൽ നിന്നുള്ള പ്രതികരണത്തിൽ നിന്നല്ല ഉണ്ടാകുന്നത്. അതു തികച്ചും സമാനതകളില്ലാത്തതാണ്. നിസ്തുലമാണ്. മനുഷ്യൻ തിരികെ സ്നേഹിച്ചാലും ഇല്ലെങ്കിലും ദൈവം സ്നേഹിച്ചുകൊണ്ടേയിരിക്കും. ആ സ്നേഹം കൊണ്ട് നമ്മുടെ ഹൃദയത്തെ നിറയ്ക്കുവാൻ ദൈവത്തിനു കഴിയും. (തുടരും)

**മൊഴിമാറ്റം: സുജാ ഏബ്രഹാം**





# യഥാർത്ഥദൈവസഭയുടെ പ്രത്യേകതകൾ

*21-ാം പേജിൽ നിന്നു തുടർച്ച*

ടെയുള്ള ശിഷ്യന്മാർ അവിടുത്തെ മഹത്വം കാണുന്നതിൽ താല്പര്യമുള്ളവരായിരിക്കും. ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ മഹത്വം നാം കണ്ടു എന്നതിന്റെ തെളിവ്, ഭൂമിയിലുള്ള വസ്തുക്കൾ (സുഖസൗകര്യം, ബഹുമതി, ധനം) നമ്മുടെ കണ്ണിനു മങ്ങിയതായി കാണുകയും ഒരിക്കൽ നമുക്കതിനോടുണ്ടായിരുന്ന ആകർഷണം കുറഞ്ഞുവരികയും ചെയ്യും എന്നതാണ്.

ഒരു പുതിയ ഉടമ്പടി സഭയിൽ വചനത്തിന്റെ ശക്തിയുള്ള പ്രസംഗങ്ങൾ മാത്രമല്ല വചനത്തിന്റെ ശക്തിയുള്ള ജീവിക്കുന്ന ഉദാഹരണങ്ങളും കാണും. പുതിയ ഉപദേശങ്ങളല്ല എന്നാൽ വിശുദ്ധ ജീവിതമാണ് മറ്റുള്ളവരിൽ ദൈവത്തിനായി ശക്തമായ സ്വാധീനം ചെലുത്തുന്നത്. പുതിയ ഉടമ്പടിയുടെ ദാസന്മാർ മറ്റുള്ളവരോടു പ്രസംഗിക്കുക മാത്രമല്ല തങ്ങളുടെ മാതൃക പിൻ പറ്റുവാൻ അവർ മറ്റുള്ളവരെ ക്ഷണിക്കുകകൂടിയാണ് (1 കൊരി 11:1).

നമ്മുടെ മാതൃക വിലപ്പെട്ടതല്ലാത്തപ്പോൾ അതേപ്പറ്റി നാം വിലപിക്കേണ്ടതാണ്. ഉണങ്ങിയ, അഭിഷേകമില്ലാത്ത, സന്ദേശങ്ങളാൽ ആളുകൾക്ക് വിരസത ഉണ്ടാക്കിയാൽ നാം നമ്മുടെ തലയെ ലജ്ജയോടെ താഴ്ത്തേണ്ടതാണ്. നാം യേശുവിനെ അനുഗമിക്കുന്നെങ്കിൽ തണുപ്പനായോ പരീശത്വമുള്ളവനായോ ഇരിക്കുവാൻ നമുക്ക് സാധിക്കുകയില്ല. നമുക്ക് സ്വപ്നങ്ങളെയും ദർശനങ്ങളെയും പറ്റി മാത്രമേ സംസാരിക്കാനുള്ളു; മറിച്ച് കർത്താവിൽ നിന്ന് ഒരു വാക്കും ജനങ്ങൾക്ക് കൊടുക്കുവാനില്ലെങ്കിൽ നാം യേശുവിൽ നിന്നു വളരെ ദൂരെയാണ്.

യേശു മരണത്തിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടതിനാൽ അവിടുത്തേക്ക് എല്ലാറ്റിലും ഒന്നാം സ്ഥാനമുണ്ട്. (കൊലോ 1:18). ഈ ഒന്നാം സ്ഥാനം കർത്താവിനു കൊടുക്കാൻ തയ്യാറുള്ളവരെ എല്ലാം ദൈവം പിന്തുണയ്ക്കുന്നു. നാം നമ്മുടെ സ്വന്തം പദ്ധതികളും അവകാശങ്ങളും ഉപേക്ഷിച്ച് നാം എന്താണ് ചെയ്യേണ്ടത് എങ്ങനെയാണ് നമ്മുടെ പണവും സമയവും ചെലവാക്കേണ്ടത് എന്നു പറയുവാൻ യേശുവിനെ അനുവദിക്കുക. ഇതാണ് നിങ്ങളുടെ ജീവിതത്തിലെ ഒരേയൊരു അഭിലാഷമെങ്കിൽ നിങ്ങളുടെ പ്രദേശത്ത് ഒരു പുതിയ ഉടമ്പടി സഭ പണിയുവാൻ ദൈവം നിശ്ചയമായി നിങ്ങളെ ഉപയോഗിക്കും.

യേശുവിന്റെ നാമം തങ്ങൾ എടുക്കുന്നതിനാൽ യേശു തങ്ങളുടെ മദ്ധ്യേയുണ്ട് എന്ന് അനേകരും അവകാശപ്പെടാറുണ്ട്. (മത്താ 18:20). എന്നാൽ അവർ തങ്ങളെത്തന്നെ വഞ്ചിക്കുകയാണ്. യഥാർത്ഥമായി യേശു അവരുടെ മദ്ധ്യേ ഉണ്ടെങ്കിൽ യോഗങ്ങൾ എന്തുകൊണ്ടാണ് ഇത്ര വിരസതയുള്ളതാകുന്നത്? എന്തുകൊണ്ടാണ് ജീവിതങ്ങൾ രൂപാന്തരപ്പെടാത്തത്? ഒരു യഥാർത്ഥദൈവമനുഷ്യനോടു കൂടെ ചെലവഴിക്കുന്ന വളരെ ചെറിയ സമയം പോലും വളരെ ആഴത്തിലുള്ള സ്വാധീനം നമ്മിലുണ്ടാക്കും; അതു നമ്മുടെ ജീവിതത്തിന്റെ ഗതി തന്നെ മാറ്റുന്നു. നാം യേശുവിനോടു കൂടെ ചെലവഴിക്കുന്ന ചെറിയ സമയം പോലും എത്ര അധികം സ്വാധീനം നമ്മുടെ ജീവിതത്തിൽ ഉണ്ടാക്കും! അതുകൊണ്ട് സഭായോഗങ്ങളിൽ ജീവിതങ്ങൾ രൂപാന്തരപ്പെടുന്നില്ലെങ്കിൽ കർത്താവിന്റെ സാന്നിദ്ധ്യം ആ യോഗത്തിൽ ഇല്ലായിരുന്നു എന്നു നാം സമ്മതിച്ചേ പറ്റൂ. അങ്ങനെയെങ്കിൽ അത് ഒരു പുതിയ ഉടമ്പടി സഭ അല്ല.

## എഡിറ്റോറിയൽ തുടർച്ച

ക്കേടും നന്ദിയില്ലായ്മയും അശുദ്ധിയും (ആ പട്ടിക അങ്ങനെ നീണ്ടുപോകുകയാണ്) എല്ലാം പല സമയങ്ങളിൽ പുറത്തു വരും. ധവളനിറത്തിലുള്ള പ്രകാശത്തിൽ സപ്ത വർണങ്ങളുടെ VIBGYOR ഉൾക്കൊണ്ടിരിക്കുന്നതുപോലെ സ്വസ്നേഹത്തിലാണ് മുകളിൽ പറഞ്ഞ തിന്മകളുടെ അടരുകളെല്ലാം അടങ്ങിയിരിക്കുന്നത്.

"നമ്മുടെ സ്വയം എന്നു പറഞ്ഞാൽ വാസ്തവത്തിൽ അത് എന്താണെന്നു പറയാമോ?" ഒരിക്കൽ അക്കാദമിക്കസ് എന്ന ശിഷ്യൻ തന്റെ ഗുരുവിനോടു ചോദിച്ചു. ഗുരു തിയോഫിലസിന്റെ മറുപടി ഇങ്ങനെയായിരുന്നു: "സ്വയം എന്നു പറയുന്നത് ഇരുട്ടും വേദനയും അശാന്തിയുമാണ്. ക്രിസ്തുവിന്റെ ഏക ശത്രുവാണത്. ഒരുവൻ ഭയപ്പെടുകയും വെറുക്കുകയും എതിർക്കുകയും അവഗണിക്കുകയും ചെയ്യേണ്ട എല്ലാറ്റിന്റെയും ആകെത്തുകയാണത്...ഒരുത്തൻ തന്നെത്താൻ ത്യജിക്കട്ടെ. തന്റെ സ്വയത്തിന്റെ സ്ഥാനത്ത് എപ്പോഴും ക്രിസ്തുവിനെ സ്വീകരിച്ചുകൊണ്ടു മാത്രമേ ഒരുവന് അതു സാധിക്കുകയുള്ളൂ. അപ്പോൾ സ്വയത്തിൽ നിന്ന്, സ്വജീവനിൽ നിന്ന് പുറപ്പെടുന്ന എല്ലാ ശത്രുക്കളും ശക്തിഹീനരാകും".

യേശു പറഞ്ഞു:"ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും" (മത്തായി 16:25).

"എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ചു നാൾ തോറും തന്റെ ക്രൂശ് എടുത്തു കൊണ്ട് എന്നെ അനുഗമിക്കട്ടെ" (ലൂക്കോസ് 9:23).

പൗലൊസ് പറഞ്ഞു :"ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു" (ഗലാത്യർ 2:20).

"എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു" (ഫിലി. 1:21)

"എങ്കിലും എനിക്കു ലാഭമായിരുന്നതൊക്കെയും ഞാൻ ക്രിസ്തുനിമിത്തം ചേതം എന്ന് എണ്ണിയിരിക്കുന്നു" (ഫിലി. 3:7).

സ്വസ്നേഹത്തിൽ നിന്നു ദൈവസ്നേഹത്തിലേക്ക്-ഈ ദൂരം നാം പരിശുദ്ധാത്മ ശക്തിയാൽ നടന്നുതീർക്കണമെന്നു നമ്മുടെ ഗുരുവും നാഥനുമായ കർത്താവ് ആഗ്രഹിക്കുന്നു. എന്നാൽ ഗുരുവിന്റെ അംഗീകാരത്തിനു വളരെ താഴെ ഗാലറിയുടെ കയ്യടിയിൽ മതിമറന്നു പലരും സ്വയതൃപ്തിയിൽ മുന്നോട്ടു പോകുകയാണ്. ഇതിനപ്പുറത്ത് ഗുരുവിന്റെ കണ്ണുകളിലെ തൃപ്തിയുടെ തിളക്കം ലക്ഷ്യംവയ്ക്കാൻ ക്രിസ്തുവിനോടുള്ള സ്നേഹം നമ്മെ നിർബന്ധിക്കട്ടെ. (2 കൊരി. 5:14, 15).

---

നമുക്ക് ഒരിക്കലും ഒരു പൂർണതയുള്ള സഭ ഭൂമിയിൽ പണിയുവാൻ സാധിക്കുകയില്ല. യേശു പണിത ആദ്യത്തെ സഭയിൽ - അവിടുത്തെ 12 ശിഷ്യന്മാർ - പോലും ഒറ്റിക്കൊടുക്കുന്ന ഒരുവൻ ഉണ്ടായിരുന്നു. നമുക്ക് അതിലും നല്ലത് ഒന്ന് പ്രതീക്ഷിക്കുവാൻ കഴിയുകയില്ല. ഇന്ന് യേശു അവിടുത്തെ സഭ പണിയുന്നിടത്ത് അവിടുത്തെ മഹത്വം കണ്ടവരും അതിനാൽ പിടിക്കപ്പെട്ടവരുമായ കുറെ ആളുകൾ അതിന്റെ മദ്ധ്യഭാഗത്ത് കേന്ദ്രമായി ഉണ്ടായിരിക്കും. അവരുടെ ഹൃദയങ്ങൾ സാത്താനു കെടുക്കാൻ കഴിയാത്ത അഗ്നിയാൽ ജ്വലിച്ചു കൊണ്ടിരിക്കും. അവരിൽ കൂടി കർത്താവ് ഒരു പുതിയ ഉടമ്പടി സഭ ദൈവത്തിന്റെ മഹത്വത്തിനായി പണിയും.

(അവസാനിച്ചു)

മൊഴിമാറ്റം: വി.എം. വർഗീസ്





# ഓരോ ചുവടിലും അനുസരണം

## അദ്ധ്യായം-7

**കഥ ഇതുവരെ..** *വെയിൽസിലെ ക്രിസ്തീയകുടുംബത്തിൽ ജനിച്ചുവളർന്ന റീസ് ഹൊവൽസ് പണസമ്പാദനത്തിനായി അമേരിക്കയിൽ എത്തി. അവിടെ മൗറീസ് രൂബേന്റെ സാക്ഷ്യത്തിലൂടെ റീസിനെ ദൈവം സന്ദർശിച്ചു. അവൻ ദൈവത്തിനായി സമർപ്പിച്ചു. വെയിൽസിലേക്കു മടങ്ങി. വെയിൽസിലെ ഉണർവിനുശേഷം റീസ് ലാൻഡ്രിൻ ഡോഡിൽ ഒരു കൺവൻഷനുവേണ്ടി പോയി.അവിടെ അവൻ തന്നെത്തന്നെ പരിശുദ്ധാത്മാവിനായി നൽകി.തിരിച്ചു വന്ന റീസിനെ അസാധാരണമായ ശുശ്രൂഷകളിലേക്കു പരിശുദ്ധാത്മാവ് നടത്തി*

**തുടർന്നു വായിക്കുക**

## നിന്ദിതർക്കും പീഡിതർക്കും ഒപ്പം

ഏതു ദൈവഭൃത്യനും തന്റെ ശരീരത്തെ ഒരച്ചടക്കത്തിലേക്കു കൊണ്ടുവരേണ്ടതുണ്ട്. 'നിന്റെ വലതുകൈ നിനക്ക് ഇടർച്ച വരുത്തുന്നുവെങ്കിൽ അതുവെട്ടിക്കളയുക' എന്ന നിലയിലുള്ള മൗലികമായ നിലപാട് സ്വന്തശരീരത്തോടുള്ള ബന്ധത്തിൽ ഒരു വിശ്വാസി സ്വീകരിക്കണം.

റീസിന് ഒരു 'ബലഹീനത'യുണ്ടായിരുന്നു- ഭക്ഷണത്തോടുള്ള അത്യധികമായ താത്പര്യം. ദൈവം അതിൽ തന്നെ തൊട്ടു. ഒടുവിൽ റീസ് വഴങ്ങി. സംഭവം ഇങ്ങനെ:

ഒരു കൺവൻഷൻ, ശത്രുവിന്റെ എതിർപ്പുമൂലം മുടങ്ങിയത് റീസിനു വലിയ സങ്കടമായി. ശരി, എങ്കിൽ ആ കാര്യത്തിനുവേണ്ടി ഒരു ദിവസം മുഴുവൻ ഉപവസിച്ചു പ്രാർത്ഥിക്കാൻ ദൈവാത്മാവ് ആവശ്യപ്പെട്ടു. റീസിന് അതൊരു പുതിയ അനുഭവമായിരുന്നു.

ഒരു ദിവസം മുഴുവൻ ഭക്ഷണം വേണ്ടെന്നു വയ്ക്കുക. വീടിന്റെ സൗകര്യങ്ങളെല്ലാം ഉപയോഗിച്ച്, ദിവസം നാലു നേരം സമൃദ്ധമായി ഭക്ഷണം കഴിക്കുന്നതായിരുന്നു റീസിന്റെ രീതി. അങ്ങനെയിരിക്കെ ഒരു ദിവസം ഉച്ചഭക്ഷണം ഇല്ലെന്നു വന്നാൽ....!

ഉച്ചഭക്ഷണത്തിന്റെ നേരമായപ്പോൾ റീസ് തന്റെ കിടപ്പു മുറിയിൽ മുഴങ്കാലിൽ നിന്നു പ്രാർത്ഥിക്കുകയായിരുന്നു. പക്ഷേ അടുത്ത ഒരു മണിക്കൂറോളം പ്രാർത്ഥിക്കുവാൻ കഴിഞ്ഞതേയില്ല. "എന്നിൽ ഭക്ഷണത്തോട് ഇത്ര ആഗ്രഹം ഉണ്ടെന്ന് ഇതുവരെ എനിക്കു മനസ്സിലായിരുന്നില്ല. അതിന് എന്റെ മേലുള്ള പിടി എത്ര ശക്തമാണെന്ന് അന്നു മാത്രമാണു മനസ്സിലായത്. എന്നിൽ അതിന് ഒരു പിടിയും ഇല്ലായിരുന്നെങ്കിൽ കഴിക്കുന്നതിലെന്താ തെറ്റൊന്നൊരു വാദഗതി എന്നിൽ നിന്ന് ഉയർന്നു വരുമായിരുന്നില്ലല്ലോ!" - റീസ് ഓർമ്മിക്കുന്നു.

ഒരു മണിയായപ്പോൾ താഴെ നിന്ന് അമ്മ റീസിനെ ഭക്ഷണം കഴിക്കാൻ വിളിച്ചു. താൻ വരുന്നില്ലെന്നു റീസ് മുകളിലത്തെ മുറിയിൽ നിന്നു വിളിച്ചു പറഞ്ഞു. പക്ഷേ, ഏത് അമ്മയെപ്പോലെ

റീസിന്റെ മാതാവും മകനെ ഭക്ഷണം വീണ്ടും വിളിച്ചു: "വേഗം വന്നു കഴിച്ചിട്ടു പോ. കഴിക്കാൻ നിനക്കു സമയം അധികമൊന്നും നഷ്ടപ്പെടുകയില്ല."

താഴെനിന്നു ഭക്ഷണത്തിന്റെ ഹൃദ്യമായ മണവും ഉയർന്നു. പിന്നെ റീസിനു പിടിച്ചു നിൽക്കാൻ കഴിഞ്ഞില്ല. ചെന്നു; ഭക്ഷിച്ചു; തിരിച്ചു വന്നു. പക്ഷേ ഭക്ഷണം കഴിച്ചു തിരിച്ചു വന്നു കഴിഞ്ഞപ്പോൾ റീസിനു പിന്നെ ദൈവസാന്നിധ്യബോധത്തിലേക്കു തിരികെ പ്രവേശിക്കാൻ എന്തോ ഒരു തടസ്സം. പരിശുദ്ധാത്മാവിനോടു നേർക്കുനേർ വ്യാജം കാണിച്ചിട്ടു ചെന്നതുപോലെ. " ഏദൻ തോട്ടത്തിലെ വിലക്കപ്പെട്ട കനി ഭക്ഷിച്ചവനെപ്പോലെ എനിക്കു എന്നെത്തന്നെ തോന്നി. ഉച്ചയ്ക്കുശേഷം ഞാൻ സമീപത്തെ പർവ്വത്തിലേക്കു നടക്കുവാൻ പോയി. മൈലുകൾ നടക്കുമ്പോൾ വഴിയിലുടനീളം ഞാൻ എന്നിലെ 'പഴയ മനുഷ്യനെ' ശപിക്കുകയായിരുന്നു. 'ജീവിതാവസാനം വരെ ഇനി ഉച്ചഭക്ഷണം വേണ്ടെന്നു വച്ചു കൊള്ളണം' എന്ന് എന്നോടു പറയുവാനും ദൈവത്തിന് ന്യായമായും അവകാശമുണ്ടെന്ന് എനിക്കു തോന്നി. ഇതിലൊന്നും വലിയകാര്യമില്ലെന്നു പലർക്കും തോന്നിയേക്കാം. എന്നാൽ ദൈവത്തിന്റെ വക്താവാകാൻ നിങ്ങളെ തിരഞ്ഞെടുത്താൽ പിന്നെ തന്നെ അനുസരിക്കാതിരിക്കുവാനോ നിങ്ങളുടേതായ ആശയങ്ങൾ കൊണ്ടുവരുവാനോ നിങ്ങൾക്ക് അവകാശം ഉണ്ടായിരിക്കുകയില്ല. ഞാൻ ഏറെ നേരം കരഞ്ഞു. ഇനി ഒരിക്കലും ദൈവസാന്നിധ്യബോധത്തിലേക്ക് അവിടുന്ന് എന്നെ തിരികെ പ്രവേശിപ്പിക്കുകയില്ലെന്ന് എനിക്ക് തോന്നി. എന്നാൽ ഒടുവിൽ അവിടുന്നു പറഞ്ഞു: 'ഞാൻ നിന്നോടു ക്ഷമിക്കുന്നു. പക്ഷേ തെറ്റിനു ശിക്ഷ അനുഭവിക്കണം.' വൈകിട്ട് ആറു മുതൽ ഒൻപതു വരെ പ്രാർത്ഥിക്കുമ്പോൾ കൈകൾ ഉയർത്തിപ്പിടിക്കാൻ ഞാൻ തീരുമാനിച്ചു. (പുറ. 17:11, 12, 1 തിമൊ. 2:8)" – റീസിന്റെ വാക്കുകൾ.

വിചിത്രമായ നടപടിയായി തോന്നാം. പക്ഷേ ഇതിലെ ആത്മീയ പാഠം ഇത്രമാത്രം – ഒരുവൻ ദൈവത്തോടു കൂടുതൽ അടുക്കുന്തോറും കൊച്ചു പാപം പോലും വളരെ ഗൗരവമുള്ളതായിത്തീരും.

അതിനുശേഷം പല ദിവസങ്ങളോളം റീസ് ഉച്ചഭക്ഷണം വേണ്ടെന്നു വച്ച് ആ സമയം പ്രാർത്ഥിക്കാൻ ഉപയോഗിച്ചു. " ഞാൻ ഭക്ഷണകാര്യത്തിൽ വിജയം നേടിക്കഴിഞ്ഞപ്പോൾ പിന്നെ അതൊരു നേട്ടമല്ലാതായി. ദൈവം പുതിയൊരു കാര്യത്തിൽ വിജയം നേടുവാൻ തുടർന്നു വിളിക്കുകയായി... നാം ഒരു കാര്യത്തിൽ ജയാളിയായിക്കഴിഞ്ഞാൽ ദൈവം അതു നമുക്കു തിരികെ തരും (അബ്രഹാമിന് യിസ്ഹാക്കിനെ തിരികെ നൽകിയതുപോലെ). പക്ഷേ അപ്പോൾ പിന്നെ, നമുക്കതിൽ സ്വാഭാവികമായി താത്പര്യമോ ആഗ്രഹമോ ഉണ്ടായിരിക്കുകയില്ല." – റീസ് ഇതേപ്പറ്റി പിന്നീടിങ്ങനെയാണു പറഞ്ഞത്.

ഈ കാര്യത്തിനുശേഷം ദൈവം റീസിനു മറ്റൊരു നിയോഗമാണു നൽകിയത്. ഗ്രാമത്തിൽ അലഞ്ഞു നടക്കുന്ന നാടോടികളെക്കുറിച്ചു ദൈവം റീസിനു വലിയ ഹൃദയഭാരം നല്കി. വീടില്ലാത്തവർ, തൊഴിലില്ലാത്തവർ...അങ്ങനെ അലഞ്ഞു നടക്കുന്നവരെ റീസും കൂട്ടരും സുവിശേഷപ്രവർത്തനം നടത്തുന്ന ജില്ലയിൽ ഉടനീളം കാണാമായിരുന്നു. മിഷന്റെ യോഗങ്ങളിൽ അവർക്കെല്ലാം സ്വാഗതവും സ്വാതന്ത്ര്യവും റീസും കൂട്ടരും നൽകി. അർഹതയില്ലാത്ത പാപിക്കു ദിവ്യസ്നേഹം വാഗ്ദാനം ചെയ്യുന്ന ദൈവിക കരുണയുടെ പ്രദർശനം. നാടോടികളിൽ ഓരോരുത്തർക്കും പുതിയ വസ്ത്രം, താമസിക്കാനൊരിടം, ഒരു തൊഴിൽ എന്നിവ നൽകണമെന്നു പരിശുദ്ധാത്മാവു നിർദ്ദേശിച്ചു. ജോലിയിൽ നിന്ന്





ആദ്യശമ്പളം ലഭിക്കുന്നതുവരെ അവരുടെ ചെലവും നടത്തണം. "ചുരുക്കത്തിൽ യെശയ്യാവ് 58 പ്രായോഗിക തലത്തിൽ കൊണ്ടുവരുവാനുള്ള പരിശീലനമായിരുന്നു അത്. നിന്റെ അപ്പം വിശപ്പുള്ളവരുമായി പങ്കിടുക,അലഞ്ഞുനടക്കുന്ന സാധുക്കളെ വീട്ടിൽ ചേർത്തുകൊള്ളുക,നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുക എന്നിങ്ങനെ വിശ്വാസം പ്രായോഗികമാക്കാൻ പരിശുദ്ധാത്മാവു ഞങ്ങളെ നിർബന്ധിച്ചു. ദൈവരാജ്യത്തിന്റെ നിയമങ്ങളാണു ഗിരിപ്രഭാഷണത്തിൽ ഉള്ളത്. ആ നിയമങ്ങളനുസരിച്ചു പ്രവർത്തിക്കാൻ ഞങ്ങൾ ബാധ്യസ്ഥരാണ്: 'നിന്റെ ഉടുപ്പ് എടുത്തു കളയുന്നവനു പുതപ്പും വിട്ടുകൊടുക്കുക.... ചോദിക്കുന്ന ഏവനും നൽകുക.....ശത്രുക്കളെ സ്നേഹിക്കുക....'

"സ്വാഭാവികമായി സ്നേഹിക്കാൻ കഴിയാത്തവരെ ഹൃദയപൂർവ്വം സ്നേഹിക്കുന്ന തലത്തിലേക്ക് എന്നെ ഉയർത്തുക എന്നതാണു പരിശുദ്ധാത്മാവിന്റെ ലക്ഷ്യമെന്ന് ഞാൻ വേഗം കണ്ടെത്തി. എന്റെ സ്വഭാവം ദിവ്യസ്വഭാവമായും എന്റെ സ്വാഭാവിക സ്നേഹം ദിവ്യസ്നേഹമായും മാറേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ എനിക്കൊരു 'നാടോടിയെ' സ്വന്തസഹോദരനായി സ്നേഹിക്കാൻ കഴിയൂ. സത്യത്തിൽ നാടോടികളെ സഹായിക്കുന്നതിനേക്കാൾ വളരെയെളുപ്പം ഗ്രാമവാസികളെ സഹായിക്കുകയായിരുന്നു. നാടോടികൾ അന്യോന്യം സഹായിക്കുന്നവരല്ല. അവർ ആരുടെയും സഹായം സ്വീകരിക്കുകയുമില്ല. ചുരുക്കത്തിൽ അവർ ഓരോരുത്തരേയും സ്വന്തസഹോദരന്മാരെപ്പോലെ സ്നേഹിച്ചാലേ അവരെ സഹായിക്കുവാൻ കഴിയൂ."

ഈ നിയോഗം ലഭിച്ച ആദ്യ ദിവസം തന്നെ ഒരു നാടോടി യോഗത്തിനെത്തി. മാസങ്ങളായി അവൻ തെരുവിന്റെ സന്തതിയായിരുന്നു. തൊഴിലില്ല, തലചായ്ക്കാനിടമില്ല. യോഗത്തിന്റെ പാട്ടുകേട്ടാണ് അവൻ വന്നത്. പക്ഷേ ലഭിച്ച സ്വീകരണത്തിൽ അവൻ മതിമറന്നുപോയി. വിശ്വാസികളിലൊരാൾ അവനൊരു ജോലിയും താമസസ്ഥലവും സംഘടിപ്പിച്ചുകൊടുത്തു.

രണ്ടു ദിവസം കഴിഞ്ഞപ്പോൾ മറ്റൊരുവൻ വന്നു. "കാരുണ്യപ്രവൃത്തിയെക്കുറിച്ചുള്ള വാർത്തകൾ വയർലെസു പോലെയാണ്. അതിവേഗം, ബഹുദൂരം അതു സഞ്ചരിക്കും" – റീസ് ഓർമിക്കുന്നു.

"ഞങ്ങൾ ചോദിച്ചതിനേക്കാൾ, നിനച്ചതിനേക്കാൾ, ഏറെ പേർ വന്നു. അവർ സ്വന്ത നിലയ്ക്കു വരികയാണെങ്കിൽ അവരിൽ ഒരാളെപോലും തടയാനോ പറഞ്ഞുവിടാനോ ഞങ്ങൾക്ക് അധികാരമില്ല. അവരെ നാടോടികൾ എന്നല്ല ഞാൻ വിളിച്ചത്. ധൂർത്ത പുത്രൻ – കർത്താവ് ഉപയോഗിച്ച പേരുതന്നെ ഞാൻ അവർക്കു നൽകി. ഒന്നു യോഹന്നാൻ 4: 20 അനുസരിച്ച് കർത്താവ് ആർക്കു വേണ്ടി മരിച്ചുവോ അവരിൽ ഏറ്റവും എളിയവനെ സ്നേഹിക്കുന്നതിൽ ഒരു കണികപോലും കൂടുതൽ ഞാൻ രക്ഷകനെ സ്നേഹിക്കുന്നില്ലെന്നും ഞാൻ മനസ്സിലാക്കി."

ഇതിലൂടെയെല്ലാം പരിശുദ്ധാത്മാവ് റീസിനെ മധ്യസ്ഥ പ്രാർത്ഥനയുടെ രഹസ്യത്തിലേക്കു നയിക്കുകയായിരുന്നു. താൻ ആർക്കുവേണ്ടി പ്രാർത്ഥിക്കുന്നുവോ മധ്യസ്ഥത അണയ്ക്കുന്നവൻ അവരോടു താദാത്മ്യപ്പെടണം. നേരത്തെ വിൽബാറ്ററിയോടു ബന്ധപ്പെടാൻ വിളിച്ചപ്പോൾ പരിശുദ്ധാത്മാവ് റീസിന്റെ അഭിമാനത്തെ സ്പർശിച്ചു. ജിം സ്റ്റേക്സിന്റെ കടബാധ്യതകൾക്ക് റീസിനെ ഉത്തരവാദിയാക്കയിപ്പോൾ പരിശുദ്ധാത്മാവ് അവന്റെ കീശയെയാണു സ്പർശിച്ചത്. ഇപ്പോൾ അഗതികളുടെ ശാരീരികക്ലേശങ്ങളിൽ പങ്കാളിയാകാൻ വിളിച്ചപ്പോൾ

അവന്റെ ശരീരത്തെയും പരിശുദ്ധാത്മാവു സ്പർശിച്ചു. അവരുടെ തോന്നലുകളോടു താദാത്മ്യപ്പെടാനും അവർ ഇരിക്കുന്നിടത്ത് ഇരിക്കാനും ക്രമേണ അവൻ പഠിച്ചു. നാടോടികൾക്കു മറ്റുള്ളവർക്കുള്ളതുപോലെ ധാരാളം ഭക്ഷണം ഉണ്ടായിരുന്നില്ല.അതുകൊണ്ട് ആ നിലയിലേക്കു താണിറങ്ങാൻ റീസിനെയും ദൈവം വിളിച്ചു. സർക്കാർ വക താമസസ്ഥലങ്ങളിൽ അഗതികൾക്കു രണ്ടു നേരത്തെ ഭക്ഷണമേയുള്ളൂ. അതുപോലെ സ്വന്ത ഭക്ഷണശീലത്തെ ക്രമീകരിക്കാൻ കർത്താവു റീസിനോടും ആവശ്യപ്പെട്ടു. റൊട്ടിയും വെണ്ണയും സൂപ്പും – രണ്ടുനേരം മാത്രം. മധ്യാഹ്ന ഉപവാസം റീസിനെ ഇതിലേക്കു നടത്താനുള്ള പരിശീലനമായിരുന്നു.

ഈ ജീവിതചര്യയ്ക്ക് ഏറ്റവും കൂടുതൽ എതിർപ്പ് റീസിനുണ്ടായത് സ്വന്തം വീട്ടിൽ നിന്നാണ്. അതു സ്വാഭാവികം. ഖനിയിലെ കഠിനമായ അധ്വാനത്തിനു ശേഷം ഈ മട്ടിൽ ജീവിക്കാൻ റീസിനെ അമ്മ സമ്മതിച്ചില്ല. ബാബേലിലേക്കു പോയ നാലു ബാലന്മാരുടെ കഥ പറഞ്ഞ് റീസ് അമ്മയുടെ വാദഗതിയുടെ മുനയൊടിച്ചു – അവർ ശാകപദാർഥവും വെള്ളവും മാത്രം കഴിച്ചു ജീവിച്ചിട്ടും മറ്റെല്ലാവരെക്കാളും ആരോഗ്യവും ചൊടിയും ഉള്ളവരായിരുന്നല്ലോ! ഒടുവിൽ അമ്മയ്ക്കു തോൽവി സമ്മതിക്കേണ്ടിവന്നു. എന്നാൽ ഇതിനൊരു പിന്നാമ്പുറകഥയുണ്ട്.റീസിന്റെ അത്താഴ സൂപ്പിൽ പരമാവധി വലിയ മാംസക്കഷണങ്ങൾ ഇട്ട് ഉച്ചയ്ക്കത്തെ മകന്റെ പട്ടിണി പരിഹരിക്കാനുള്ള സൂത്രപ്പണി ആ അമ്മ ചെയ്തിരുന്നത്രെ!ഏതായാലും ബാബേൽ പ്രവാസത്തിലെ യഹൂദാബാലന്മാരെപ്പോലെ നല്ല ആരോഗ്യവും പ്രസരിപ്പും റീസിനും ഉണ്ടായിരുന്നു.

റീസിന്റെ പ്രഭാതഭക്ഷണം രാവിലെ ആറരയ്ക്കാണ്. ഖനിയിലെ ജോലികഴിഞ്ഞു വീട്ടിൽ മടങ്ങിയെത്തി വീണ്ടും ഗ്രാമത്തിൽ യോഗം നടത്താൻ പുറപ്പെടുന്നതിനു മുൻപ് വൈകിട്ട് അഞ്ചരയോടെ അത്താഴം. മറ്റുള്ളവരോടൊപ്പം ഒരേ അത്താഴമേശ പങ്കിടുമ്പോൾ തന്നെ ഭക്ഷണത്തിൽ മിതത്വം പാലിക്കുക എളുപ്പമായിരുന്നില്ല. ശാരീരികമായും മാനസികമായും ആദ്യമൊക്കെ ഇതു റീസിനു വലിയ പോരാട്ടം തന്നെയായിരുന്നു.

റീസു തന്നെ ആ പോരാട്ട കഥ വിവരിക്കുന്നതിങ്ങനെ: "എന്റെ വീട്ടിലുള്ളവരാകട്ടെ, ഞാൻ തന്നെയാകട്ടെ, അതുവരെ ഒരാൾ ഉപവസിക്കുന്നതു കണ്ടിട്ടുണ്ടായിരുന്നില്ല. അങ്ങനെയിരിക്കെ പൊടുന്നനെ ഞാൻ ഇത് ആരംഭിച്ചപ്പോൾ ഇതെങ്ങനെ പര്യവസാനിക്കും എന്ന സംശയം എല്ലാവർക്കും ഉണ്ടായിരുന്നു. എന്റെ ലക്ഷ്യം എന്തെന്ന് അവർക്കു മനസിലാകുമായിരുന്നില്ല. രണ്ടായാലും എന്റെ ഈ 'പുത്തൻ പരീക്ഷണം' വേഗം അവസാനിക്കുമെന്ന് എല്ലാവരും കണക്കുകൂട്ടി. രണ്ടാഴ്ചയ്ക്കകം കർത്താവ് ഭക്ഷണത്തോടുള്ള എന്റെ അഭിനിവേശത്തെ വ്യത്യാസപ്പെടുത്തി.. നാലുനേരം ഭക്ഷണം എന്നതിൽ നിന്നു ഞാൻ രണ്ടു നേരം മാത്രം ശാപ്പാട് എന്നതിലേക്കു വേഗം പരിമിതപ്പെട്ടു. ഭക്ഷണത്തോടുള്ള ആർത്തി എന്നിൽ നിന്ന് എടുത്തുമാറ്റപ്പെട്ടു. ആ കാലത്തെല്ലാം എന്റെ ആരോഗ്യം മെച്ചമായിരുന്നു, മറ്റെല്ലാവരുടേതിനേയും കാൾ. എന്തിന് ഒരു തലവേദനപോലും ആ കാലത്ത് ഉണ്ടായില്ല. എന്റെ ശരീരം എപ്പോഴും വേണ്ടത്ര ആരോഗ്യമുള്ളതായിരുന്നു." രണ്ടര വർഷത്തോളം റീസ് രണ്ടുനേരം മാത്രം ഭക്ഷണം എന്ന നിലയിൽ ജീവിച്ചു.

പക്ഷേ റീസിന് അഗതികൾക്കു ഭക്ഷണം കൊടുക്കേണ്ടതുണ്ടായിരുന്നു. അവരുടെ മറ്റാവശ്യങ്ങളും നിറവേറ്റണം. എല്ലാം നല്ല പണച്ചെലവുള്ള കാര്യമാണ്. റീസിന്റേയും ആ മിഷൻഗ്രൂപ്പിന്റെ കൈവശമുള്ള അവസാനചില്ലിയും അഗതികൾക്കുവേണ്ടി ചെലവിട്ടു. വിശ്വാസജീവിതത്തിൽ അവർ പുതിയ തീരങ്ങളിലേക്കു നടന്നടുത്ത വർഷം. അർധരാത്രിയിൽ സ്നേഹിതന്റെ വീട്ടിൽ ചെന്ന് അപ്പത്തിനുവേണ്ടി മുട്ടിയ ഉപമ അവർ ആ കാലത്തു യാഥാർത്ഥ്യമാക്കി. ഉപമയിലെ ആൾ ഒരിക്കൽ മാത്രമേ സ്നേഹിതനെ ബുദ്ധിമുട്ടിച്ചുള്ളൂ. എന്നാൽ മിഷൻഗ്രൂപ്പിലെ അംഗങ്ങൾ ഏറെക്കുറെ എല്ലാ രാത്രികളിലും ഉദാരമനസ്കരുടെ പടിവാതില്ക്കൽ മുട്ടിവിളിച്ചു – തങ്ങളുടെ അടുക്കൽ വന്ന അഗതികളായ സ്നേഹിതരുടെ വിശപ്പ് അടക്കാനും അവരുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കാനും.

ആ കാലത്തു തങ്ങൾ മൂന്ന് അവസ്ഥകളിലൂടെയാണു കടന്നുപോയതെന്നു റീസ് ഹൊവൽസ് ഓർക്കുന്നു. ആ മൂന്ന് അവസ്ഥകളെക്കുറിച്ച് അന്നു സരസമായി പറയാറുള്ളത് ഹോപ്കിൻസാണ്. ഹോപ്കിൻസിന്റെ അന്യാപദേശകഥ ഇങ്ങനെ: 'ഒരു കപ്പൽച്ചേതമുണ്ടായി നാം എല്ലാവരും കടലിൽ വീഴുന്നു. അപ്പോൾ എന്തു സംഭവിക്കും? ആദ്യഘട്ടം കൈകാൽ ഇട്ടടിക്കുന്ന അവസ്ഥയിലാണ്. ആ അവസ്ഥയിൽ നമുക്കു തന്നെ രക്ഷവേണം. രണ്ടാമത്തെ ഘട്ടം പിടിച്ചു തൂങ്ങുന്ന അവസ്ഥയാണ്. ഈ സമയത്തു നമുക്കു രക്ഷാബോട്ടിൽ പിടിത്തം കിട്ടി. പക്ഷേ നമ്മുടെ കൈകൾ സ്വതന്ത്രമല്ല. നമുക്ക് രക്ഷകിട്ടിയെങ്കിലും നമുക്ക് ആരെയും രക്ഷിക്കാൻ കഴിയുന്ന അവസ്ഥയില്ല. മൂന്നാമത്തേത് സ്വസ്ഥമായ അവസ്ഥയാണ്. ഈ സമയത്തു നാം ബോട്ടിലാണ്. നാം സ്വസ്ഥരാണ്. നമ്മുടെ കരങ്ങൾ സ്വതന്ത്രമാണ്. നമുക്ക് ആരേയും വെള്ളത്തിൽ നിന്നു വലിച്ചെടുക്കാം. നാം വിശ്വാസത്താൽ സ്വസ്ഥതയിലെത്തിയാലേ, നമുക്കു മറ്റുള്ളവരെ രക്ഷിക്കാൻ കഴിയുകയുള്ളൂ.'

റീസ് തുടർന്ന് അനുഭവങ്ങൾ ഇങ്ങനെ വിവരിക്കുന്നു:'അഗതികളെ ആദ്യം സഹായിക്കാൻ ഞങ്ങൾ മുതിർന്നപ്പോൾ രണ്ടാഴ്ചയ്ക്കുള്ളിൽ ധാരാളം പേർ പറ്റമായി എത്തിച്ചേരുമെന്നും അവരെയെല്ലാം ഞങ്ങൾക്കു സഹായിക്കാൻ കഴിയുകയില്ലെന്നും ഞങ്ങൾ പേടിച്ചു. ഭയം ഉള്ളപ്പോൾ അസ്വസ്ഥതയുണ്ട്.

ഞങ്ങൾക്ക് അവർക്കു വേണ്ടതെല്ലാം നൽകാൻ കഴിയുകയില്ലെന്നു ഞങ്ങൾ വേഗം കണ്ടെത്തി. ഞങ്ങൾ എത്തിച്ചേരണമെന്നു കർത്താവ് ആഗ്രഹിച്ച സ്ഥലം അതായിരുന്നു. തുടർന്നു ഞങ്ങൾ ദൈവത്തിൽ വിശ്വസിച്ചാൽ ദൈവത്തിനുവേണ്ടതെല്ലാം നൽകാൻ കഴിയുമെന്നു ഞങ്ങൾ വേഗത്തിൽ കണ്ടെത്തി. ഒന്നോ രണ്ടോ വട്ടം ഞങ്ങൾ പരാജയപ്പെടാനും പരിശുദ്ധാത്മാവ് അനുവദിച്ചു. അങ്ങനെ ഞങ്ങൾ കൈകാലിട്ടടിക്കുന്ന അവസ്ഥയിൽ നിന്നു ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ തൂങ്ങിക്കിടക്കുന്ന അവസ്ഥയിലേക്കു വന്നു. ഞങ്ങൾ വാഗ്ദാനങ്ങളെ മുറുകെപിടിച്ചു. ഞങ്ങളുടെ രക്ഷയ്ക്കായി എഴുന്നെള്ളി വരണമെന്ന് അപേക്ഷിച്ചു. അവിടുന്നു ഞങ്ങളെ ഒരിക്കലും കൈവിട്ടില്ല.

പല കഠിനമായ അനുഭവങ്ങളിലൂടെ ഞങ്ങൾ സ്വസ്ഥതയുടെ അവസ്ഥയിൽ എത്തിച്ചേർന്നു. റസ്റ്ററിന്റിൽ ആളുകളെ പരിചരിക്കാൻ നിൽക്കുന്ന വെയിറ്റർമാരെപോലെയായി ഞങ്ങൾ. പത്തോ പതിനഞ്ചോ ഇരുപതോ അതിഥികൾ വന്നാൽ വെയിറ്റർമാർക്കു പ്രശ്നം ഒന്നുമില്ല. അവർക്കു വേണ്ടതു കൊടക്കാൻ കരുതിയിരിക്കുന്നതു മാനേജരാണ്. അതു വിതരണം ചെയ്യുന്ന ചുമതല മാത്രമേ വെയിറ്റർമാർക്കുള്ളൂ. തനിക്ക് ഇഷ്ടമുള്ള അത്രയും പേരെ അയച്ചുകൊള്ളുവാൻ ഞങ്ങൾ കർത്താവിനോടു പറഞ്ഞു. രണ്ടാഴ്ച കൂടുമ്പോൾ ഞങ്ങൾ പച്ചക്കറിക്കാരന്റെ ബില്ലുകൊടുക്കും. അതിനായി ഞങ്ങൾ ഒന്നിച്ചുകൂടുമ്പോൾ ഞങ്ങൾ

ഞങ്ങളുടെ പോക്കറ്റിലുള്ളതെല്ലാം ഒന്നിച്ചിടും. ഒടുവിൽ അതെടുത്ത് എണ്ണി നോക്കി ബില്ലടയ്ക്കും.

അത്തരം ഒരു സന്ദർഭത്തിൽ, ബില്ലു കനത്തതാണന്നു ഞങ്ങൾക്കറിയാം, ഞങ്ങൾ കീശമുഴുവൻ കാലിയാക്കുകയാണ്. അപ്പോൾ കൂട്ടത്തിലുണ്ടായിരുന്ന രോഗിയായതിനാൽ ജോലിക്കുപോകാൻ കഴിയാഞ്ഞ ഒരു സഹോദരൻ പറഞ്ഞു: "എന്റെ കയ്യിൽ നാലര ഷില്ലിങ്ങ് മാത്രമേയുള്ളൂ എന്ന ലജ്ജയോടെയാണു ഞാൻ പറയുന്നത്, ഞാൻ അതും ഇടട്ടേ?"

'ഉവ്വ്, വിധവയുടെ രണ്ടുകാശുപോലെ അതും ഇടാം:' അങ്ങനെയായിരുന്നു മറുപടി.

ഞങ്ങൾ ബില്ലടയ്ക്കാനായി കടയിൽ കയറി. അത്ഭുതം! ആ നാലര ഷില്ലിങ് കൂടി ഉണ്ടായതുകൊണ്ടാണ് ബിൽ ഒരു ദമ്പിടി കുറയാതെ ഞങ്ങൾക്ക് അടച്ചു തീർക്കാൻ കഴിഞ്ഞത്. ആ കൊച്ചു തുക കൂടിചേർന്നപ്പോൾ കൃത്യം അടയ്ക്കേണ്ട പണമായി.അതു ലഭിച്ചിരുന്നില്ലെങ്കിൽ ഞങ്ങൾ അത്രയും തുകയ്ക്കു കടക്കാരാകുമായിരുന്നു. ചെറിയ സംഭാവനകളെ തുച്ഛീകരിക്കരുതെന്ന് അന്നു ഞങ്ങൾ പഠിച്ചു. പിന്നേയും പിന്നേയും ആവശ്യമുള്ള തുക കൃത്യമായി വന്നു. 10 പൗണ്ടു മിച്ചം വരുന്നതിനേക്കാൾ അത് ഞങ്ങൾക്ക് ഏറെ സന്തോഷം നൽകി.'

എത്ര അഗതികളാണ് ഈ നിലയിൽ സഹായിക്കപ്പെട്ടത്! ഓരോരുത്തർക്കും പുത്തൻ വസ്ത്രവും ജോലിയും താമസ സൗകര്യങ്ങളും ലഭിച്ചു. ചിലർക്കു നിത്യ ജീവനും ലഭ്യമായി. ഒരു രാത്രി മീറ്റിംഗിന് അവരിൽ 16 പേർ പുത്തൻ സൂട്ടുകളണിഞ്ഞ് 'മാന്യന്മാരായി' എത്തി. ഹൃദയത്തിൽ നിന്നു സന്തോഷത്തോടെ അവർ പാടിക്കൊണ്ടിരുന്നപ്പോൾ യോഗത്തിൽ റീസിന്റെ അടുത്തിരുന്ന സഹോദരൻ അദ്ദേഹത്തിന്റെ കാതിൽ മന്ത്രിച്ചു: "എന്റെ ആത്മാവിനു നല്ല സുഖം തോന്നുന്നു."

റീസ് തിരിച്ച് അടക്കം പറഞ്ഞു: "അതേ അവരുടെ ശരീരത്തിനും അങ്ങനെതന്നെ."

പറയുമ്പോൾ എല്ലാം എളുപ്പമായി തോന്നും. പക്ഷേ റീസും കൂട്ടരും ഇതിനു കൊടുക്കേണ്ടിവന്ന വില ഏറെയാണ്. ഉദാഹരണത്തിന് പുതിയ സൂട്ടും വാങ്ങി നന്ദി പറഞ്ഞുപോയ തെരുവിന്റെ സന്തതി ഇതാ അടുത്ത ദിവസം വീണ്ടും വരുന്നു: 'ഒരു സൂട്ടുകൂടി വേണം. നേരത്തെ തന്നത് ഒരത്യാവശ്യത്തിനു വിറ്റുപോയി!'

മറ്റൊരിക്കൽ, കുടിച്ചു കുന്തംമറിഞ്ഞു ജീവിച്ച ഒരു വല്യമ്മയെ റീസും കൂട്ടരും ഏറ്റെടുത്തു. ആ സ്ത്രീ അന്നു തെരുവിൽ അലഞ്ഞു നടക്കുകയാണു പതിവ് - ആരും കാണാത്ത ചില കാഴ്ചകളൊക്കെ താൻ കാണുന്നെന്ന മതിവിഭ്രമത്തിൽ തെന്നിത്തെറിച്ചുള്ള അലച്ചിൽ. റീസും കൂട്ടരും അവർക്കൊരു താമസസ്ഥലം സംഘടിപ്പിച്ചു കൊടുത്തു. ഒടുവിൽ അവർ ന്യൂമോണിയ പിടിപെട്ട് കിടപ്പിലായപ്പോൾ മകനോ മകളോ ശുശ്രൂഷിക്കാൻ തയ്യാറായില്ല. ഒരു രാത്രി മുഴുവൻ റീസു തന്നെ അവരുടെ പൊള്ളുന്ന പനിക്കിടയ്ക്ക് അരികിൽ നിന്നു. രാവിലെ 'ഡ്യൂട്ടി' അവസാനിപ്പിച്ച് തിരിച്ചു വീട്ടിലെത്തിയപ്പോൾ അമ്മ പോലും റീസിനെ ശകാരിച്ചു - രാത്രി മുഴുവൻ ഉറക്കമിളച്ച് ഒരു 'പഴയ പാപി'യെ ശുശ്രൂഷിക്കാൻ നിന്നതിന്. റീസിന് ഒടുവിൽ അമ്മയെ ഓർമ്മിപ്പിക്കേണ്ടിവുന്നു. "രക്ഷകൻ നമ്മെയെല്ലാം സ്വീകരിച്ചത് കീറിപ്പറിഞ്ഞ പഴന്തുണി മാത്രം കൈമുതലായുള്ളവരായാണെന്റമ്മേ."

മറ്റൊരിക്കൽ അലഞ്ഞു നടന്ന ഒരു നാടോടി കുടുംബത്തിന് റീസ് ഒരു വീട് ഏർപ്പാടാക്കികൊടുത്തു. വീട്ടുകാരന് ഒരു ജോലിയും സംഘടിപ്പിച്ചു നൽകി. അപ്പോഴാണു സമാനമായ ആവശ്യമുള്ള മറ്റൊരു കുടുംബത്തിന്റെ വരവ്. അവർക്കും തല ചായ്ക്കാൻ ഒരിടം വേണം. ആദ്യത്തെ





കുടുംബത്തിന് ഏർപ്പാടാക്കിക്കൊടുത്ത വീടിന് ഏറെ സ്ഥലസൗകര്യം ഉണ്ടായിരുന്നതുകൊണ്ട് പുതിയ കുടുംബത്തെ കൂടെ ആ വീട്ടിൽ താമസിപ്പിക്കണമെന്ന് റീസ് അഭ്യർത്ഥിച്ചു. അപ്പോൾ ആദ്യ കുടുംബത്തിന്റെ പ്രതികരണം ഇങ്ങനെ: "എന്ത്?കണ്ണിൽ കണ്ട തെരുവുതെണ്ടികളെയൊക്കെ ഞങ്ങളുടെ കൂടെ വീട്ടിൽ താമസിപ്പിക്കാനോ? നല്ല കളിയായി!" റീസ്, ഒരക്ഷരം പോലും മിണ്ടാതെ പുതിയ കുടുംബത്തിന് പുതിയൊരു വാടകവീട് അന്വേഷിച്ച് യാത്രയായി!

" വിശ്വാസത്തിന്റെ പാഠശാലയിൽ ഇങ്ങനെ പല മാസങ്ങൾ പിന്നിട്ടപ്പോൾ പരിശുദ്ധാത്മാവു ഞങ്ങളുടെ ഹൃദയത്തിൽ ഇവരോടുള്ള സ്നേഹം വലിയൊരളവിൽ പകർന്നു. ഞങ്ങൾ അവർക്കു പിതാക്കന്മാരെപ്പോലെയായി. തീർച്ചയായും ഒട്ടേറെ തിരിച്ചടികൾ ഞങ്ങൾക്കു നേരിടേണ്ടിവന്നു. ചിലരെയെങ്കിലും ഞങ്ങളെ നിരാശപ്പെടുത്താൻ ദൈവം അനുവദിച്ചു. കാരണം അതും ഞങ്ങളുടെ പഠനത്തിന്റെ ഭാഗമായിരുന്നു. ചിലർ ഞങ്ങളുടെ കരുണയെ അഭിനന്ദിച്ചില്ല. അവർ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിച്ചു. നിയമരക്തത്തെ അവർ മലിനമെന്നെണ്ണി. ദൈവപുത്രനെ ചവിട്ടിക്കളഞ്ഞു. ഞങ്ങൾക്കു വിമർശകർ ധാരാളം ഉണ്ടായിരുന്നു. എന്നാൽ അവരുടെ വായടയ്ക്കത്തക്കവണ്ണമുള്ള ഒട്ടേറെ കാര്യങ്ങൾ ഞങ്ങളുടെ ഭാഗത്തും പറയാനുണ്ടായിരുന്നു" - റീസിന്റെ വാക്കുകൾ.

തെരുവിന്റെ സന്തതികളുമായി ബന്ധപ്പെട്ട അവസാന പരിശോധനകൾ റീസിനു സ്വന്തഭവനത്തിൽ നിന്നുതന്നെയാണുണ്ടായത്. അവർക്ക് പല ആവശ്യങ്ങൾക്കു തുണിയും ഉടുപ്പുകളും വേണ്ടി വന്നപ്പോൾ റീസ് അവ വീട്ടിൽ നിന്നു തന്നെ എടുത്ത് അവർക്കു കൊടുക്കുമായിരുന്നു. ഒടുവിൽ അമ്മ ഒരു തമാശ പറഞ്ഞു: 'വീട്ടിൽ പല പെട്ടികളിലായി ഒരു മുറി നിറയെ പഴയ വസ്ത്രങ്ങൾ സൂക്ഷിച്ചിരുന്നു. ഇപ്പോൾ നിലം തുടയ്ക്കാൻ ഒരു പഴന്തുണിപോലും എടുക്കാനില്ലാതായി!'

എന്നാൽ നാടോടികൾ റീസിനെ അന്വേഷിച്ചു വീട്ടിൽ വരാൻ തുടങ്ങിയപ്പോൾ കളി കാര്യമായി.എല്ലാവരും ഉപയോഗിക്കുന്ന സ്ഥലമല്ലാതെ ഇവർക്കുവേണ്ടി വീടിന്റെ പര്യമ്പുറത്ത് പ്രത്യേക സ്ഥലമൊന്നും മാറ്റിവയ്ക്കാൻ പാടില്ലെന്ന് കർത്താവ് റീസിനോടു പറഞ്ഞിരുന്നു. "അവരെ വീട്ടിൽ നിന്നു പുറത്താക്കുന്നതു രക്ഷകനെ പുറത്താക്കുന്നതിനു തുല്യമാണെന്ന് എനിക്കറിയാമായിരുന്നു. ഈ കാര്യത്തിൽ ഒരു പരിശോധന വരുമെന്ന് എനിക്കു മനസ്സിലായി. വേണ്ടിവന്നാൽ അഗതികൾക്കുവേണ്ടി ഒരു നിലപാടെടുത്തു വീടു വിട്ടുപോകുവാൻ പോലും ഞാൻ മനസ്സുകൊണ്ടു തയ്യാറായി" - റീസ് ഓർമ്മിക്കുന്നു.

ഒടുവിൽ ആ ദിവസം വന്നു. ഒരു രാത്രി ഗൃഹസദസ്സു കൂടിയിരിക്കുമ്പോൾ ചില കുടുംബാംഗങ്ങൾ തുറന്നു പറഞ്ഞു: 'കാര്യങ്ങൾ ഈ മട്ടിൽ പോയാൽ തങ്ങൾ വീടുവിട്ടു പോകും'. കാരണം എപ്പോൾ അവർ ജോലി കഴിഞ്ഞുവന്നാലും ഈ 'യാചകർ' വീട്ടിലുണ്ടാകും. അവരിൽ ചിലർ പിതാവ് ഇരിക്കുന്ന കസേരയിലാണ് ഇരിപ്പുറപ്പിച്ചിരിക്കുന്നത്. എന്നാൽ പിതാവു വരുമ്പോൾ ഒന്നെണീക്കുമോ? ങേഹേ! അതുമില്ല.

അവർ തുടർന്നു പറഞ്ഞതു കുറച്ചു കൂടി കടുപ്പമായാണ്: 'തങ്ങളാരും വീട്ടിലില്ലാതെ അമ്മമാത്രം ഉണ്ടായിരിക്കുന്ന സന്ദർഭത്തിൽ ഈ തെരുവു സന്തതികൾ ആരെങ്കിലും വീട്ടിൽ കയറിവന്നാൽ, അമ്മയ്ക്ക് എന്തെങ്കിലും സംഭവിച്ചാൽ, ആര് ഉത്തരം പറയും?'

"അതെന്റെ ജീവിതത്തിലെ ഏറ്റവും വലിയ പരിശോധനയായിരുന്നു. കുടുംബം ഛിന്നഭിന്നമായിപോകുമെന്നു

# സ്നേഹം: പുതിയനിയമത്തിന്റെ അന്തസ്സത്ത

*10-ാം പേജിൽ നിന്നു തുടർച്ച*

കൽപ്പനകളെ ധ്യാനിച്ചപ്പോൾ, വ്യഭിചാരം ചെയ്യരുത് എന്ന കൽപ്പനയിൽ ദുർമ്മോഹത്തോടെ നോക്കരുത് എന്ന സത്യവും, കൊലചെയ്യരുത് എന്ന കൽപ്പനയിൽ കോപിക്കരുത് എന്നതും അടങ്ങിയിട്ടുള്ളതായി അവിടുത്തേക്കു വെളിപ്പെട്ടു. യേശുവിന്റെ വിശ്വസ്തതയ്ക്കു ദൈവം നൽകിയ പ്രതിഫലമായിരുന്നു ആ വെളിപ്പാട്. യെശയ്യാവ് 53:11-ൽ "തന്റെ പ്രാണനിൽ സഹിച്ച വേദനയ്ക്കു പ്രതിഫലമായി അവനു പ്രകാശം നൽകപ്പെടും" എന്നു നാം വായിക്കുന്നു. തന്റെ ഇഹലോകജീവിതകാലത്ത് ന്യായപ്രമാണത്തിന്റെ അക്ഷരത്തെ മാത്രമല്ല, ആത്മാവിനെത്തന്നെ കാക്കുവാനും പിതാവിനെ പൂർണ്ണമായി അനുസരിപ്പാനും വേണ്ടി പ്രാണവേദനയോടെ കർത്താവ് ആഗ്രഹിച്ചു. അങ്ങനെ ന്യായപ്രമാണത്തിന്റെ പിന്നിലുള്ള സത്യത്തെപ്പറ്റി അവിടുത്തേക്കു വെളിച്ചം ലഭിച്ചു. അപ്രകാരം പുതിയനിയമ വ്യവസ്ഥയെ ഉദ്ഘാടനം ചെയ്ത യേശുവിനെയാണു നാം ദൈവവചനത്തിൽ കണ്ടെത്തുന്നത്.

യേശു സ്നേഹിച്ചതുപോലെ സത്യത്തെ സ്നേഹിക്കുന്നവർക്കു മാത്രമേ ദൈവം വെളിച്ചം നൽകുന്നുള്ളൂ. മറ്റെല്ലാവരും വഞ്ചിക്കപ്പെടുവാൻ ദൈവം അനുവദിക്കുന്നു. ഇതാണ് 2 തെസ്സ. 2:1-12 വരെ വാക്യങ്ങളുടെ വ്യക്തമായ അർത്ഥം. പൂർണ്ണഹൃദയത്തോടെ സ്നേഹിച്ചുകൊണ്ട് നാം ദൈവവചനം ധ്യാനിക്കുമ്പോൾ കൽപ്പനകളുടെ അക്ഷരം മാത്രം പാലിക്കുന്നതുകൊണ്ട് നാം ചരിതാർത്ഥരാവുകയില്ല. നേരേമറിച്ച് അതിന്റെ ആത്മാവിനെ അനുസരിക്കാത്തതോർത്ത് നാം നമ്മെത്തന്നെ വിധിക്കുവാൻ ഇടയാകും.

പത്തു കല്പനകളിൽ ആദ്യത്തെ ഒൻപതും പാലിക്കുവാൻ മനുഷ്യനു കഴിയും. മോഹിക്കരുത് എന്ന പത്താം കൽപ്പനയാകട്ടെ, ആന്തരികമാണ്. അതു പാലിക്കുവാൻ 'ന്യായപ്രമാണം സംബന്ധിച്ച് അനിന്ദ്യൻ' എന്നഭിമാനിച്ചിരുന്ന പൗലോസിനുപോലും സാധിച്ചിട്ടില്ലഎന്ന് അദ്ദേഹം തുറന്നു സമ്മതിക്കുന്നുണ്ട് (ഫിലി. 3:6; റോമർ 7:7-10). ഇതു സമ്മതിക്കുവാൻ തക്ക സത്യസന്ധത അദ്ദേഹത്തിനുണ്ടായിരുന്നതുമൂലം ദൈവം അദ്ദേഹത്തെ അധികം മുന്നോട്ട്, പുതിയനിയമത്തിന്റെ ആത്മാവിലേയ്ക്കു തന്നെ, നയി

---

ഞാൻ പേടിച്ചു. പക്ഷേ ഈ രംഗത്തെ എന്റെ പിതാവ് വലിയ വിവേകത്തോടെ നേരിട്ടു. അദ്ദേഹം എല്ലാവരോടുമായി ഇങ്ങനെ പറഞ്ഞു: "ഞാൻ ഈ അഗതികളെ വീട്ടിൽ വരുന്നതിൽ നിന്നു തടഞ്ഞാൽ നിങ്ങളും നിങ്ങളുടെ സ്നേഹിതരെ വീട്ടിൽ വരുന്നതിൽ നിന്നു തടയാമോ?... നമ്മളെല്ലാം നമ്മുടെ സുഹൃത്തുക്കളെ വീട്ടിൽ കൊണ്ടുവരാറുണ്ട്. റീസിന്റെ സുഹൃത്തുക്കളെല്ലാം പാവപ്പെട്ട അഗതികളായിപ്പോയതിന് അവനെന്തു പിഴച്ചു? തീർച്ചയായും റീസിന്റെ സുഹൃത്തുക്കൾക്കും വീട്ടിൽ വരുവാൻ സ്വാതന്ത്ര്യമുണ്ട്".

അങ്ങനെ ആ കാര്യത്തിൽ വിജയം കൈവരിച്ചു. പക്ഷേ എനിക്ക് ഏറ്റവും അസാധാരണമായി തോന്നിയ ഒരു കാര്യമുണ്ട്. ഈ വിജയത്തിനുശേഷം, ആരും ഒന്നും പറഞ്ഞിട്ടല്ല,ഒരൊറ്റ അഗതി പോലും പിന്നെ എന്തുകൊണ്ടോ വീട്ടിൽ വരാതായി!"-റീസ് ഓർമിക്കുന്നു.

അടുത്തലക്കത്തിൽ:
ബലവാനെ പിടിച്ചു കെട്ടുക.
(തുടരും)





ച്ചു. ഈ സത്യസന്ധതയുള്ളവർക്കു ന്യായപ്രമാണം ക്രിസ്തുവിങ്കലേക്കു നയിക്കുന്ന ഒരു ശിശുപാലകൻ ആയിത്തീരും. മറ്റുള്ളവർ മനുഷ്യരുടെ മാനം ലഭിക്കുന്നതിൽ ചരിതാർത്ഥരായി വഞ്ചിക്കപ്പെടുവാൻ ദൈവം അനുവദിക്കുകയും ചെയ്യും.

മനുഷ്യൻ ചില ചട്ടങ്ങളും കൽപ്പനകളും പാലിച്ചു ജീവിക്കണം എന്നതായിരുന്നില്ല ദൈവത്തിന്റെ ഉദ്ദേശ്യം. ആദമിനെ ദൈവം ഏദെൻതോട്ടത്തിലാക്കിയപ്പോൾ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുതെന്ന് അവനോടാജ്ഞാപിച്ചതായി പറഞ്ഞിട്ടുള്ളതിന്റെ താൽപ്പര്യം ഇതാണ്. നേരേമറിച്ച് മനുഷ്യൻ ജീവവൃക്ഷത്തിന്റെ ഫലം ഭക്ഷിച്ച് അതിലൂടെ ജീവിക്കണമെന്നത് ദൈവോദ്ദശ്യമായിരുന്നു. അതായത്, പരിശുദ്ധാത്മാവിലൂടെ ദൈവത്തിനു പ്രസാദകരമായ ജീവമാർഗത്തിലേയ്ക്ക് അവൻ നയിക്കപ്പെടണം എന്നതാണ് ദൈവഹിതം (1 കോരി. 6:12; 10:23).

കൽപ്പനകൾ പാലിക്കുന്നതിലൂടെ ബാഹ്യമായി നീതിയുള്ള ഒരു ജീവിതം നയിക്കുവാനും കന്യകമാരായിത്തീർന്ന് സഭയിൽ മറ്റുള്ളവരുടെ ബഹുമാനം ആർജ്ജിക്കുവാനും നമുക്കു സാധിക്കും. എന്നാൽ നമ്മുടെ പാത്രങ്ങളിൽ എണ്ണ സംഭരിക്കുവാനുള്ള ഏക മാർഗം അന്യർക്ക് അദൃശ്യമായ ആത്മകല്മഷങ്ങളിൽ നിന്നു പരിശുദ്ധാത്മ സഹായത്താൽ ശുദ്ധീകരണം പ്രാപിക്കുകയാണ്. ഇതിലേക്ക് യേശു നമ്മുടെ ജഡത്തിൽക്കൂടി കടന്നുപോയ വഴിയെപ്പറ്റി നമുക്കു വെളിപ്പാടു ലഭിച്ചേ മതിയാവൂ. പൗലോസ് ഈ പുതിയനിയമ സത്യങ്ങളെപ്പറ്റി എഫേസ്യർക്ക് എഴുതുമ്പോൾ തന്റെ വാക്കുകളിലൂടെ അവർക്ക് ഈ വെളിപ്പാടു ലഭിക്കയില്ലെന്നറിഞ്ഞ് അവരുടെ അന്തർദൃഷ്ടികളെ പരിശുദ്ധാത്മാവു തന്നെ പ്രകാശിപ്പിക്കുവാനായി പ്രാർത്ഥിച്ചു (എഫേ. 1:17, 18). കേൾപ്പാൻ ചെവിയുള്ളവർ കേൾക്കട്ടെ.

⊙

---

## ജീവിതം ആസ്വദിക്കുമ്പോൾ

പ്രസിദ്ധമായ നാഷണൽ ജിയോഗ്രഫി മാസിക മെക്സിക്കോയിലെ ആസ്ടെക് വർഗ്ഗക്കാരുടെ ഇടയിൽ നിലവിലിരുന്ന നരബലിയെക്കുറിച്ച് ഇങ്ങനെ റിപ്പോർട്ട് ചെയ്യുന്നു: "ഈ വർഗ്ഗക്കാർ നരബലിക്കായി തങ്ങളുടെ അടിമകളെയാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ ബലിയർപ്പിക്കുന്നതിന് മുൻപുള്ള കുറേ ദിവസങ്ങൾ ഈ അടിമകൾക്ക് സർവ്വസ്വാതന്ത്ര്യവും കൊടുക്കും. ജോലി ഒന്നും ചെയ്യേണ്ട. തിന്നുകുടിച്ച് മദിച്ച് ഇഷ്ടംപോലെ ഈ ദിവസങ്ങൾ ചെലവിടുവാൻ ഈ അടിമകളെ അനുവദിക്കും. എന്നാൽ ഈ സുഖജീവിതത്തിന്റെ അന്ത്യത്തിൽ എന്താണ് തങ്ങളെ കാത്തിരിക്കുന്നതെന്ന് ഈ പാവം അടിമകൾ അറിയാറില്ല."

പിശാചിന്റെ അടിമകളായി അവൻ നൽകുന്ന ലോകത്തിന്റെ സന്തോഷം മട്ടുവരെ ആസ്വദിക്കുന്നവർ ധാരാളം പേർ ഇന്നും ഉണ്ട്. പക്ഷേ തങ്ങളുടെ ആത്മാക്കളെ ഒടുവിൽ നിത്യമരണത്തിൽ എത്തിക്കാനുള്ള സാത്താന്റെ തന്ത്രമാണിതെന്ന് അറിയാതെ അവർ 'ജീവിതം ആസ്വദിക്കുന്നു'.

അവൻ അവരോട്: 'ഒരുത്തന് സമൃദ്ധിയുണ്ടായാലും അവന്റെ വസ്തുവകയല്ല അവന്റെ ജീവന് ആധാരമായിരിക്കുന്നത്' എന്നുപറഞ്ഞു (ലൂക്കോസ് 12:15)

Youth Section




# Receiving the Holy Spirit (Part-II)

Sandeep Poonen

***Question:***
Can you please explain the Holy Spirit, how I might receive Him, and His role in my life?

***Answer:***
This is a continuation of my answer to this question above. In fact, I hope to spend the next several months, God willing, sharing different thoughts I have based on my present understanding of the Holy Spirit.

At the end of the last article, I had mentioned that I would next talk about how we can receive the Holy Spirit and have Him dwell in us. I want to begin to describe that here.

If you remember, I had mentioned that the Holy Spirit has been given to us to BE a witness of Jesus Christ. Near the end of that article, I had written: *BEING a witness of Jesus implies that our whole being (identity) exemplifies and demonstrates the Person of Jesus.*

Because we are under the New Covenant between God and man, we are all asked to demonstrate the life of Jesus and BE His witnesses. But we can only do this by the power of the Holy Spirit. I think all of us will quickly agree that this is easily the ONLY WAY we will be able to demonstrate and evidence the very holy life of Jesus through our corrupt selves.

So how can this life of Jesus be evidenced through our lives? Let me share some things from the story of Mary. I hope you will follow me in the analogy I'd like to make to Mary:

Mary was the person through whom the physical body of Jesus was birthed. She is the only human being who carried the physical Jesus in her womb, and through whom the *physical* life of Jesus began here on earth. But we can be like Mary spiritually - in that we are asked to bear forth the *spiritual* life of Jesus through us.





So the good news for us *began* when God birthed the physical life of Jesus through Mary 2000 years ago. The good news (gospel) continues now in that God wants to birth the spiritual life of Jesus through us!

First of all, we must recognize that Mary was a corrupt and sinful human being. She was not perfect - her heart too was exceedingly deceitful (Jeremiah 17:9). That should give the rest of us hope! But what was special about Mary that made her a fitting vessel for the life of Jesus to be formed inside of her? God specifically looked down upon His creation and specifically found Mary to be the favored vessel to carry Jesus (Luke 1:30).

First, let us understand a couple of principles about the birth of Jesus. In Matthew 1, Joseph wanted to put away Mary secretly because he had found out that Mary was pregnant. But we read this in Matthew 1:20 - *an angel of the Lord appeared to him in a dream, saying, "Joseph, son of David, do not be afraid to take Mary as your wife; for the Child who has been conceived in her is of the Holy Spirit."*

**A. Jesus was formed in Mary's womb by the Holy Spirit**

Let's be very clear - there were no birthing pills or yoga exercises or anything else that could get the virgin Mary to birth Jesus. The Holy Spirit was absolutely essential.

*It was IMPOSSIBLE for Mary to bear Jesus without the Holy Spirit.*

**B. The Holy Spirit didn't do this alone. He worked with the womb of Mary.**

We must also recognize that the Holy Spirit did NOT do it all by Himself. The womb of Mary was still an essential part of the Divine plan of God. Look, of course, God the Father was FULLY CAPABLE of creating a body out of nothing and placing the Person of Jesus in it. But it was part of God's intentional plan to PARTNER with humans.

God loves to partner with humans. Jesus could have created wine at the wedding at Cana, but he worked with the servants to have them pour water into the pots first. Jesus could have turned the stones into bread that fed 5,000 people, but He instead chose to multiply the 5 loaves and 2 fish offered by a little boy.

So also, God could transform us into the image of Jesus in an instant - if He so desired. But this is not what He wants. He longs to PARTNER WITH US to work this miracle.

So with that said, let us look at the story of Mary in Luke 1:26-38 and let me share two valuable lessons from her story. If you have a Bible, read this passage first. But these are two attitudes that must be present in us too…

**1. It is as impossible to BE a witness of Jesus, as it is for a virgin to have a baby**

Imagine for a second that I was to tell you that my sister was single, but was pregnant, even though she had no interaction with or intervention by any man. How would you react? You would probably laugh at me, maybe even in my face. You would have a right to do so - because we all know that it is IMPOSSIBLE for ANY woman to birth a child naturally without help from a man. From biology, we know that the egg of a woman needs the sperm of a man to fertilize the egg and begin the process of forming a child.

We see this little expression of Mary's in Luke 1:34 - *"How can this be, since I am a virgin?"*

Now think about your desire to birth and bear forth the life of Jesus. Do you realize the absolute impossibility of the command that we must BE witnesses of Jesus, and have the life of Jesus flow through us? We too need to fully embrace this attitude CONSTANTLY, as we read the daunting commands of Jesus.

*How can it be, dear Lord, that I would not lust with my eyes?*

*How can it be, dear Lord, that I rejoice always?*

*How can it be, dear Lord, that I be anxious for nothing?*

*How can it be, dear Lord, that I live my life without fear?*

This is too daunting an expectation, isn't it? But if we are honest, we will admit that it is very easy to *pretend* that Jesus has already been birthed in a particular area. We think we have to somehow manufacture the life of Jesus by ourselves. We are like those who pretend to have a baby - pushing around a stroller, shopping for baby clothes, buying milk bottles, etc - everything that actual mothers do. But when you look at what exactly they are dressing up and pushing around in the stroller, you find out it's just a doll.

So too, there can be Christians who pretend that to have the life of Jesus formed in them. They pretend to have victory over some sin. Men can fool even their wives for a while that they are spiritual. But sooner or later, the wives discover that their husband's minds still burn with lust, and turn to pornography for their satisfaction. And they still have occasional fits of anger and rage. Or





it can be the other way around too - the wife talks the talk, but still loves the world system and the things of this world, and has NO PLANS to give it up. Her entire mood is driven by what clothes she wears, whether her house is perfect, and on and on. These are examples of people who are pretending to have the life of Jesus birthed in them.

Some others may not pretend to be holy, but might pretend to have a sincere desire to be holy. But they are not really serious. They are like women who pretend to be pregnant - they stuff pillows under their dresses to fake it, hang out with other real pregnant women, complain about morning sickness, etc. But they'll never go for a physical check-up, and they'll never let others get close enough to feel the baby kicking, because then they'll be found out by the doctor or by their friends as living a HUGE LIE.

In the same way, such Christians will sing with tears in their eyes that Jesus is everything to them. But you look at their lives, and Jesus is just one small part of their lives. They still love this world system and the things of this world. Those close to them still see that they love the approval of people. They are still controlled by their emotions - and not been able to get over their bad moods. But they'll never submit to somebody more spiritual to them, and ask them for an honest spiritual checkup.

Let us not be like this. Instead, let us embrace a "How can this be" attitude of impossibility - when it comes to birthing and bearing the life of Jesus.

If you read the passage in Luke 1, you see in verse 35 that God did make the impossible happen: *The angel answered and said to her, "The Holy Spirit will come upon you, and the power of the Most High will overshadow you; and for that reason the holy Child shall be called the Son of God."*

**It was the Holy Spirit who made the virgin womb (which is absolutely incapable of having a baby) nonetheless birth Jesus. In the same way, it is the Holy Spirit who makes our corrupt selves (which is absolutely incapable of having the life of Jesus) nonetheless birth the life of Jesus in us.**

**2. I am the Lord's servant. May it be done according to God's Word.**

This is the other attitude of Mary that we must embrace. This is what Mary said

There are some people who might keep confessing the impossibility of their

being able to bear the life of Jesus through them. This honesty is crucial as I've mentioned before.

But every statement of honesty MUST be coupled with a statement of faith. I believe that the reason why so many sincere Christians who are honest and humble never experience the Holy Spirit in their lives is that they don't have the faith like Mary did.

**There is no spiritual virtue in honesty if it is not accompanied by faith**. God's Word only works for those who are fully surrendered to the Lord. So if God's Word tells you that you are going to bring forth the life of Jesus through the Holy Spirit, we say amen to that - even as we fully recognize how impossible it is on our own (point 1).

The Holy Spirit makes the impossible! *For nothing will be impossible with God (Luke 1:37)*!

This is the faith of Abraham that believed God for 25 years that he would have be the father of a multitude - even though his wife was already 65 when the promise was made. This is the faith of Joshua and Caleb that told the rest of the 600,000 Israelites that the giants in Canaan could be defeated. This is the faith of David - who unlike the rest of the Israelites that saw Goliath, refused to stand down when a Philistine "should taunt the armies of the living God." This is the faith of Shadrach, Meshach, and Abednego that told King Nebuchadnezzar, "even if God does not deliver us out of the blazing fire, we are not going to serve your gods or worship the golden image that you have set up."

Look at your present situation and the area that you think it's impossible to be a witness for Jesus. Is it as impossible as a 85 year old woman having a baby? Is it as impossible as a virgin having a baby? Well, then we have examples for the faith we must have too.

So I hope we will meditate on this incredible story of Mary 2000 years ago - and learn from her immense honesty AND faith. And may we approach the God of Mary in the same way - knowing that it is impossible to live this Christian life without the Holy Spirit's help, but also reaching up to God in full confidence that He will give us what we need and help us.

(please mail your genuine doubts to: **sandeep@poonen.org**)

# ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ (യോഹ 6:68)

വാല്യം 10 ഫെബ്രുവരി 2012 ലക്കം 2



**എഡിറ്റോറിയൽ ബോർഡ്**

ജോജി ടി. സാമുവൽ (കോട്ടയം)
ജോസ് മാത്യു (തിരുവനന്തപുരം)
മാത്യു ജോർജ് (തിരുവല്ല)
ജോബി ചെറിയാൻ (റാന്നി)
സാബു ജോസഫ് (ആലപ്പുഴ)
മാനേജർ
ജെയ്സ് മാത്യു (കോതമംഗലം)



വാർഷിക സംഭാവന

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |



എം. ഒ./ ഡി. ഡി.
അയയ്ക്കേണ്ട വിലാസം :


**ജീവമൊഴികൾ**
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള– 686 016,
ഫോൺ: 0481 – 2392753,
9495234087, 9249516234
e mail: jeevamozhikal@gmail.com
www.jeevamozhikal.org

**വിദേശപ്രതിനിധികൾ**

**U.S.A - Binoy James**
Phone: 512960-2808(R) 512626-5028(O)
Email: benoyjames@hotmail.com
**DUBAI - Shabu Kuruvilla**
Phone: 050-7970839
E-mail: skuruvi@gmail.com


മൊഴിമുത്ത്

## പ്രാർത്ഥനയ്ക്കു തടസ്സം



പ്രാർത്ഥനാരഹിതരായ മിക്ക മാതാപിതാക്കളും അന്തിമമായി ചെന്നെത്തുന്നതു ടെലിവിഷന്റെ മുമ്പിലാണ് – ഒരേ ഇരുപ്പിൽ മണിക്കൂറുകൾ പാഴാക്കുന്ന അവർ ആത്മീയമായി ശുഷ്കിക്കുകയും കഠിനഹൃദയരായിത്തീരുകയും ചെയ്യുന്നു. ഒരു ടെലിവിഷൻ സ്വന്തമായുള്ളതിന്റെ അനർത്ഥം ഇതുതന്നെയാണ്. ദൈവത്തിനു ന്യായമായി അവകാശപ്പെട്ട സമയത്തിന്റെ മേലുള്ള ഏറ്റവും വലിയ തടസ്സമായി അതുരൂപാന്തരപ്പെടുന്നു!

ഡേവിഡ് വിൽക്കേഴ്സൺ

## കേടുപോക്കുന്നവൻ

A Joyful 'toon by Mike Waters




മനം തകർന്നവരെ അവൻ സൗഖ്യമാക്കുകയും അവരുടെ മുറിവുകളെ കെട്ടുകയും ചെയ്യുന്നു. *(സങ്കീ. 147:3)*

# 26 ARMED GUARDS

A missionary on furlough told this true story while visiting his home church in Michigan...

While serving at a small field hospital in Africa, every two weeks I traveled by bicycle through the jungle to nearby city for supplies. This was a journey of two days and required camping overnight at the halfway point. On one of these journeys, I arrived in the city where I planned to collect money from a bank, purchase medicine and supplies, and then begin my two-day journey back to the field hospital.

Upon arrival in the city, I observed two men fighting, one of whom had been seriously injured. I treated him for his injuries and at the same time witnessed to him of the Lord Jesus Christ. I then traveled two days, camping overnight, and arrived home without incident.

Two weeks later I repeated my journey. Upon arriving in the city, I was approached by the young man I had treated. He told me that he had known I carried money and medicines. He said, "Some friends and I followed you into the jungle, knowing you would camp overnight. We planned to kill you and take your money and drugs. But just as we were about to move into your camp, we saw that you were surrounded by 26 armed guards." At this I laughed and said that I was certainly all alone out in that jungle campsite. The young man pressed the point, 26 guards. "My five friends also saw them and we all counted them. It was because of those guards that we were afraid, and left you alone."

At this point in the sermon, one of the men in the congregation jumped to his feet and interrupted the missionary and asked if he could tell him the exact day that this happened. The missionary told the church congregation the date, and the man who interrupted told him this story: "One the night of your incident in Africa, it was morning here and I was preparing to go play golf. I was about to putt when I felt the urge to pray for you. In fact, the urging of the Lord was so strong, I called men in this church to meet with me here in the sanctuary to pray for you. Would all of those men who met with me on that day stand up?" The men who had met together to pray that day stood up. The missionary wasn't concerned with who they were--he was to busy counting how many men he saw. There were 26.